بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ     نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ     وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 5

ലക്കം 6

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഫെബ്രുവരി 06/ഹി:ശം: 1399 സ്വുൽഹ് 06/ഹി:ഖ: 1441 ജ.ആഖിർ 11

## അല്ലാഹുവിന്റെ വചനം

لَقَدْ مَنَّ اللّٰهُ عَلَى الْمُؤْمِنِيْنَ اِذْ بَعَثَ فِيْهِمْ رَسُوْلًا مِّنْ اَنْفُسِهِمْ يَتْلُوْا عَلَيْهِمْ اٰيٰتِهٖ وَيُزَكِّيْهِمْ وَيُعَلِّمُهُمُ الْكِتٰبَ وَالْحِكْمَةَ ۚ

'അല്ലാഹു സത്യവിശ്വാസികളിൽ അവരിൽനിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചയക്കുകവഴി തീർച്ചയായും അവർക്ക് ഔദാര്യം ചെയ്തിരിക്കുന്നു; അദ്ദേഹം അവർക്ക് അവന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു.'

(3:165)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സമുദായത്തെ കരുണ ചെയ്യപ്പെട്ട സമുദായം എന്ന് നിശ്ചയിക്കപ്പെടുകയും ദൈവത്തിൽനിന്ന് നേരിട്ട് അതിന് ജ്ഞാനങ്ങൾ പ്രദാനം ചെയ്യുകയും ചെയ്തിരിക്കുന്നു; അപ്പോൾ കർമപരമായ നിലയിൽ നന്ദി പറയേണ്ടത് നിർബന്ധമാണ്.**

ഉത്കൃഷ്ടമായ സ്വഭാവം മനുഷ്യൻ സ്വാലിഹ് (സാത്വികൻ) ആണെന്നതിന്റെ അടയാളമാണ്. പൊതുവായനിലയിൽ ഹദീഥ് ശരീഫിൽ മുസ്‌ലിമിന്റെ നിർവചനം വന്നിട്ടുള്ളത്, ആരുടെ കൈയിൽനിന്നും നാവിൽനിന്നും മുസ്‌ലിം സുരക്ഷിതനാണോ അവനാണ് മുസ്‌ലിം എന്നാണ്.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### മുസ്‌ലിമീങ്ങൾക്ക് ഈശ്വരീയജ്ഞാനങ്ങളുമായി ബന്ധമുണ്ട്

നമ്മുടെ എതിരാളികൾക്ക് ഭൗതികജ്ഞാനങ്ങളോടുള്ള ബന്ധംപോലെയാണ് മുസ്‌ലിമീങ്ങൾക്ക് ഈശ്വരീയജ്ഞാനങ്ങളോടുള്ളത്. ഒരു നാട്ടിൻപ്പുറത്തുകാരനായ മുസ്‌ലിമിന്റെ സത്യമായ സ്വപ്നങ്ങളും ദർശനങ്ങളും വലിയ വലിയ തത്ത്വചിന്തകന്മാർ, ബിഷപ്പുമാർ, പണ്ഡിതന്മാർ എന്നിവരുടെ സ്വപ്നങ്ങളെക്കാൾ ശക്തിയിൽ ഉദാത്തമാണ്. *ദാലിക്ക ഫള്‌ലുല്ലാഹി യുഅ്തീഹി മൻയ്യശാഉ (അൽജുമുഅ:5).* അതുകൊണ്ട് ഔദാര്യവാനായ അല്ലാഹുവിനോടു നന്ദി കാണിക്കേണ്ടത് മുസ്‌ലിമീങ്ങൾക്ക് നിർബന്ധമാണ്. കാരണം അല്ലാഹു പറയുന്നു: *ല ഇൻ ശകർതും ലഅസീദന്നക്കും വലഇൻകഫർതും ഇന്ന അദാബീ ലശദീദ് (ഇബ്റാഹീം:8)* നിങ്ങൾ എന്നോടു നന്ദി കാണിക്കുകയാണെങ്കിൽ ഞാൻ നല്കിയിട്ടുള്ള അനുഗ്രഹത്തെ കൂടുതലാക്കുന്നതാണ്. മറിച്ച്, സത്യനിഷേധമാണെങ്കിൽ എന്റെ ശിക്ഷ കഠിനതരമാകുന്നു. ഓർമിച്ചുകൊള്ളുക! സമുദായത്തെ കരുണ ചെയ്യപ്പെട്ട സമുദായം എന്ന് നിശ്ചയിക്കപ്പെടുകയും ദൈവത്തിൽനിന്ന് നേരിട്ട് അതിന് ജ്ഞാനങ്ങൾ പ്രദാനം ചെയ്യുകയും ചെയ്തിരിക്കുന്നു; അപ്പോൾ കർമപരമായ നിലയിൽ നന്ദി പറയേണ്ടത് നിർബന്ധമാണ്.

പറഞ്ഞതിന്റെ ചുരുക്കം ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീമിൽ മുഴുവൻ മുസ്‌ലിമീങ്ങൾക്കും ഇയ്യാക്ക നഅ്ബുദുവിനെ പരിഗണിക്കുക എന്നത് നിർബന്ധമാണ്. കാരണം ഇയ്യാക്ക നഅ്ബുദുവിനെ, ഇയ്യാക്ക നസ്തഈനുമേൽ മുന്തിച്ചിരിക്കുന്നു. അതുകൊണ്ട് ആദ്യം കർമപരമായ നിലയിൽ നന്ദി പറയേണ്ടതാണ്. ഇതേ ഉദ്ദേശ്യമാണ് ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീമിൽ വെച്ചിട്ടുള്ളത്. അതായത് ദുആ ചെയ്യുന്നതിനു മുമ്പേ ബാഹ്യമായ കാര്യഹേതുക്കളുടെ പരിഗണനയും സ്മൃതിയും നിർബന്ധമായും ചെയ്യുക. പിന്നീട് ദുആയിലേക്ക് മടങ്ങുക. ഒന്നാമതായി വിശ്വാസപരമായിട്ടുള്ള, സ്വഭാവപരമായിട്ടുള്ള ശീലങ്ങളുടെ പരിഷ്കരണമാണ്. പിന്നീട് ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം.

### മനുഷ്യൻ സാത്വികനാണെന്നതിന്റെ അടയാളമാണ് ഉത്കൃഷ്ട സ്വഭാവങ്ങൾ.

ഇനി ഞാൻ മറ്റൊരു നിർബന്ധമായ അങ്ങേയറ്റം നിർബന്ധമായ ഒരു കാര്യം വിവരിക്കാനാഗ്രഹിക്കുകയാണ്. നമ്മുടെ ജമാഅത്തിലുള്ളവർ അലംഭാവത്തോടും അശ്രദ്ധയോടും കൂടി ഇത് കേൾക്കരുത്. ഓർമിച്ചുകൊള്ളുക. ഉത്കൃഷ്ടമായ സ്വഭാവം മനുഷ്യൻ സ്വാലിഹ് (സാത്വികൻ) ആണെന്നതിന്റെ അടയാളമാണ്. പൊതുവായനിലയിൽ ഹദീഥ് ശരീഫിൽ മുസ്‌ലിമിന്റെ നിർവചനം വന്നിട്ടുള്ളത്, ആരുടെ കൈയിൽനിന്നും നാവിൽനിന്നും മുസ്‌ലിം സുരക്ഷിതനാണോ അവനാണ് മുസ്‌ലിം എന്നാണ്.

........ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീമ എന്ന ദുആയുടെ അധ്യാപനംകൊണ്ട് അല്ലാഹു ആഗ്രഹിച്ചിട്ടുള്ളത് മനുഷ്യൻ മൂന്നുവശം നിർബന്ധമായും പരിഗണിക്കുക എന്നാണ്. ഒന്നാമത്തേത് ധാർമികാവസ്ഥ. രണ്ടാമത്തേത് ആദർശാവസ്ഥ മൂന്നാമത്തേത് കർമാവസ്ഥ. മൊത്തമായിട്ട് മനുഷ്യൻ ദൈവദത്തമായ കഴിവുകൾ മുഖേന തന്റെ അവസ്ഥ പരിഷ്കരിക്കുകയും പിന്നീട് അല്ലാഹുവിനോടു ദുആ ഇരക്കുകയും ചെയ്യുക എന്നു പറയാം. ഇതിന്റെ ഉദ്ദേശ്യം പരിഷ്കരണത്തിന്റെ സ്ഥിതിയിൽ ദുആ ചെയ്യാതിരിക്കുക എന്നല്ല. അങ്ങനെയല്ല, ആ നേരത്തും ദുആ ഇരന്നുകൊണ്ടിരിക്കണം. ഇയ്യാക്കനഅ്ബുദുവ ഇയ്യാക്ക നസ്തഈനിൽ അകൽച്ചയില്ല. പ്രത്യുത ഇയ്യാക്ക നഅ്ബുദുവിൽ കാലം മുന്തിച്ചിരിക്കുകയാണ്. എന്തുകൊണ്ടെന്നാൽ ഏതൊരു അവസ്ഥയിൽ തന്റെ പരമകാരുണികതകൊണ്ട് (റഹ്മാനിയ്യത്ത്) നമ്മുടെ ദുആയും അപേക്ഷയും ഒന്നും കൂടാതെ നമ്മെ മനുഷ്യരാക്കുകയും പലതരത്തിലും രീതിയിലുമുള്ള കഴിവുകളും അനുഗ്രഹങ്ങളും പ്രദാനം ചെയ്യുകയും ചെയ്തു. ആ നേരത്ത് നമ്മുടെ ദുആ ഉണ്ടായിരുന്നില്ല. ആ നേരത്ത് ദൈവകൃപയായിരുന്നു. ഇതാണ് മുന്തിക്കൽ!

### പരമകാരുണികതയും കാരുണികതയും

ഓർമിക്കുക! കരുണ രണ്ടുതരത്തിലുണ്ട്; ഒന്ന് റഹ്മാനിയ്യത്ത് എന്ന പേരിലും രണ്ട് റഹീമിയ്യത്ത് എന്ന പേരിലും. റഹ്മാനിയ്യത്ത് എങ്ങനെയുള്ള അനുഗ്രഹമാണെന്നാൽ നമ്മൾ വരുന്നതിനുമുമ്പേ അത് ആരംഭിച്ചിരിക്കുന്നു. ഉദാഹരണത്തിന് അല്ലാഹു ഏറ്റവും ആദ്യത്തിൽ തന്റെ പണ്ടുമുതലേയുള്ള ജ്ഞാനം കണ്ട് ഇത്തരത്തിലുള്ള ഭൂമിയും ആകാശവും ഭൗതികവും ആത്മീയവുമായ വസ്തുക്കളുമെല്ലാം നമുക്ക് പ്രയോജനപ്പെടുംവിധം സൃഷ്ടിച്ചിരിക്കുന്നു. ആ വസ്തുക്കളിൽനിന്നെല്ലാം മനുഷ്യൻ തന്നെയാണ് പൊതുവെ ഫലമെടുക്കുന്നത്. ആടുമാടുകളും മറ്റു മൃഗങ്ങളും മനുഷ്യന് ഫലപ്രദമായ വസ്തുവെന്നല്ലാതെ മറ്റുള്ളവ എന്തു ഫലമാണെടുക്കുന്നത്? നോക്കുക! ഭൗതികമായ കാര്യങ്ങളിൽ മനുഷ്യൻ എത്രയെത്ര സ്വാദുള്ളതും ഉന്നതവുമായ ഭക്ഷണങ്ങളാണ് കഴിക്കുന്നത്. ഉന്നതനിലയിലുള്ള മാംസം മനുഷ്യനുള്ളതാണ്. എല്ലുകൾ നായ്ക്കൾക്കുള്ളതാണ്. മൃഗവും അതിൽ പങ്കാളിയാണെങ്കിലും മനുഷ്യന് എത്രയോ ഉന്നത പദവി കരസ്ഥമാണ്. ആത്മീയമായ ആസ്വാദനങ്ങളിൽ മൃഗങ്ങൾ പങ്കാളിയുമല്ല. അതിനാൽ ഇത് രണ്ടുവിധത്തിലുള്ള കാരുണ്യമാണ്. ഒന്ന് നമ്മുടെ അസ്തിത്വം ഉണ്ടാകുന്നതിനു മുമ്പേ, മുൻകൂറായി മൂലകവസ്തുക്കൾ സൃഷ്ടിച്ചു. അത് നമുക്കുവേണ്ടി ജോലിചെയ്തുകൊണ്ടിരിക്കുന്നു. ഇത് നമ്മുടെ അസ്തിത്വവും ആഗ്രഹവും ദുആയും ഉണ്ടാകുന്നതിന് മുമ്പേയുള്ളതാണ്; അത് റഹ്മാനിയ്യത്തിന്റെ- പരമകാരുണികതയുടെ തേട്ടംകൊണ്ട് സൃഷ്ടിക്കപ്പെട്ടതാണ്.

രണ്ടാമത്തെ 'റഹ്മത്ത്' അഥവാ കാരുണികത റഹീമിയ്യത്തിന്റേതാണ്. അതായത് നമ്മൾ ദുആ ചെയ്യുമ്പോൾ അല്ലാഹു നല്കുന്നു. ചിന്തിക്കുകയാണെങ്കിൽ മനസ്സിലാകും പ്രകൃതിനിയമത്തിന്റെ ബന്ധം എപ്പോഴും ദുആയുടെ ബന്ധമാണ്. ചിലയാളുകൾ ഈയിടെയായി അതിനെ 'ബിദ്അത്ത്' അഥവാ നൂതനനടപടിയായി മനസ്സിലാക്കുന്നു. നമ്മുടെ ദുആയുടെ ബന്ധം അത് അല്ലാഹുവുമായിട്ടാണ്. അതും വിവരിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ഒരു കുഞ്ഞ് വിശപ്പുകൊണ്ട് പൊറുതിമുട്ടി പാലിനുവേണ്ടി നിലവിളിക്കുകയും അലറുകയും ചെയ്യുമ്പോൾ മാതാവിന്റെ സ്തനത്തിൽ പാൽ അലയടിച്ചുയരുന്നു. കുട്ടിയ്ക്കാണെങ്കിൽ ദുആയുടെ പേരുപോലും അറിയില്ല. പക്ഷേ, ആ കുഞ്ഞിന്റെ നിലവിളി പാലിനെ എങ്ങനെയാണ് വലിച്ചുകൊണ്ടുവരുന്നത്? അത് എല്ലാവർക്കും അനുഭവമുള്ളതാണ്. ചിലപ്പോൾ കണ്ടുവരാറുണ്ട്, മാതാവിന് പാലിനെ കുറിച്ച് വിചാരമേ ഉണ്ടാകുകയില്ല. എന്നാൽ, കുഞ്ഞിന്റെ നിലവിളി പാലിനെ വലിച്ചുകൊണ്ടുവരുന്നു. അങ്ങനെ വരുമ്പോൾ അല്ലാഹുവിന്റെ സന്നിധിയിലെ നമ്മുടെ നിലവിളി ഒന്നും വലിച്ചുകൊണ്ടുവരികയില്ലെന്നാണോ? കൊണ്ടുവരുന്നു. എല്ലാം കൊണ്ടുവരുന്നു. പക്ഷേ, കണ്ണിന് അന്ധത ബാധിച്ച പണ്ഡിതരും തത്ത്വചിന്തകരുമായിട്ടിരിക്കുന്നവർക്ക് അത് കാണാൻ കഴിയില്ല. കുഞ്ഞിന് മാതാവിനോടുള്ള ബന്ധത്തെ മനുഷ്യൻ മനസ്സിൽവെച്ചുകൊണ്ട് ദുആയുടെ തത്ത്വശാസ്ത്രത്തിൽ ചിന്തിക്കുകയാണെങ്കിൽ വളരെ എളുപ്പത്തിൽ ഇതു മനസ്സിലാകുന്നതാണ്. രണ്ടാമത്തെ തരത്തിലുള്ള കരുണയുടെ പാഠം എന്നു പറയുന്നത് കരുണ ചോദിച്ചതിനുശേഷം ഉണ്ടാകുന്നതാണ്. ചോദിച്ചുകൊണ്ടിരുന്നാൽ കിട്ടിക്കൊണ്ടിരിക്കും. ഉദ്ഊനീ അസ്തജിബ്ലക്കും (അൽമുഅ്മിൻ:61) ഇത് പൊങ്ങച്ചം പറച്ചിലൊന്നുമല്ല. പ്രത്യുത ഇത് മാനുഷികമായ നിർമാണത്തിന്റെ ഒരു കർത്തവ്യമാണ്.

(മൽഫൂദാത്ത്, വാല്യം 1, പേജ് 109 - 111, 2018 ഖാദിയാൻ)




പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2018 ഒക്ടോബർ 23, ചൊവ്വാഴ്ച: ഹുദൂറിന്റെ പ്രഭാഷണം. (തുടർച്ച...)**

ഹുദൂറിന്റെ പ്രഭാഷണം 10.22 വരെ നീണ്ടു നിന്നു. ഹുദൂറിന്റെ നേതൃത്വത്തിൽ നടന്ന ദുആയിൽ എല്ലാ വിഭാഗം ജനങ്ങളും അവരവരുടെ രീതിയിൽ പങ്കു ചേർന്നു. അറുന്നൂറ് പുരുഷന്മാരും ഇരുന്നൂറ് സ്ത്രീകളും ഇതിൽ പങ്കാളികളായി. നേതൃനിരയിലുള്ള ചിലരെ കുറിച്ച് മുമ്പേ വിവരിച്ചു കഴിഞ്ഞതാണ്. അവരെ കൂടാതെ ധാരാളം ഡോക്ടേഴ്സ്, വക്കീൽമാർ, തദ്ദേശ ബ്രിട്ടീഷ് പൗരന്മാർ. വിവിധ പത്ര പ്രതിനിധികൾ, ഭരണകൂടങ്ങളുടെ വിവിധ വിഭാഗങ്ങളുടെ പ്രതിനിധികൾ, ജീവിതത്തിന്റെ വിവിധ തുറകളുമായി ബന്ധമുള്ള വ്യക്തികൾ ഈ പരിപാടികളിൽ പങ്കെടുത്തു. ഒടുവിൽ ഈ അതിഥികളുടെ ആദരവാർഥം സൽക്കാരവും ഉണ്ടായിരുന്നു.

**റിവ്യൂ ഓഫ് റിലീജ്യൻസ് സ്പാനിഷ് എഡിഷൻ ഉത്ഘാടനം.**

തുടർന്ന് ഹുദൂർ ചെറിയ രൂപത്തിൽ പന്തലിട്ട് തയ്യാറാക്കപ്പെട്ട ഒരു കോൺഫ്രൻസ് ഹാളിലെത്തി. ഇവിടെ പ്രസ് കോൺഫ്രൻസ് ആരംഭിക്കുന്നതിന്നു മുമ്പേ റിവ്യൂ ഓഫ് റിലീജ്യൻസിന്റെ സ്പാനിഷ് എഡിഷൻ ഉത്ഘാടനം ചെയ്തു.ലോഞ്ച് ബട്ടൻ ഓണാക്കിക്കൊണ്ട് ഓൺലൈൻ എഡിഷനും ഉത്ഘാടനം ചെയ്തു.

2018 ഒക്ടോബർ 23 സ്പാനിഷ് ലോകത്തെ സംബന്ധിച്ചിടത്താളം ചരിത്രത്തിന്റെ നാഴികല്ലായിരുന്നു. ഇന്ന് ഹുസൂർ റിവ്യൂ ഓഫ് റിലീജ്യൻസിന്റെ സ്പാനിഷ് വെബ്സൈറ്റും സ്പാനിഷ് എഡിഷനും ഉല്ഘാടനം ചെയ്തു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ മഹത്തായ മാസികയും അതിന്റെ വെബ് സൈറ്റും മുഖേന അഹ്മദിയ്യത്തിന്റെ സന്ദേശം കോടിക്കണക്കിന് സ്പാനിഷ് ജനതകളിലേക്ക് എത്തപ്പെടുന്നതാണ്.

പാശ്ചാത്യ ജനതയ്ക്ക് ഇസ്ലാമിന്റെ സുന്ദരവും യഥാറർഥവുമായ അധ്യാപനം എത്തിക്കാൻ വേണ്ടി ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) 1902–ൽ തുടങ്ങിയ അനുഗൃഹീത മാസികയാണ് റിവ്യൂ ഓഫ് റിലീജ്യൻസ്.

2018 ജൂൺ 10–ന് റിവ്യൂ ഓഫ് റിലീജ്യൻസിന്റെ വിഭാഗവുമായി നടത്തിയ അഭിമുഖത്തിൽ വളരെയടുത്തുതന്നെ സ്പാനിഷ് എഡിഷന്റെ ആവശ്യം നേരിടുമെന്ന് പറഞ്ഞിരുന്നു. കാരണം സ്പെയിനിന്റെ ജനസംഖ്യ 46 മില്യനാണ്. അമേരിക്കയിലും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലും 400 മില്യണിലധികം സ്പാനിഷ് ഭാഷ സംസാരിക്കുന്നവർ വസിച്ചു വരുന്നുണ്ട്.

ശേഷം ഹുദൂർ അത്വാഉൽ മുൻയിം ത്വാരിഖ് (ഇൻചാർജ്, കേന്ദ്ര സ്പാനിഷ് ഡെസ്ക് സ്പെയിൻ, ഈ മാസികയുടെ ചീഫ് എഡിറ്റർ ആദരണീയ മാരിയ ഇസാബിൽ ലോസാ സർണാ സാഹിബ (യു.കെ.യിൽ താമസിച്ചു വരുന്ന സ്പെയിൻകാരി), ഈ മാസികയുടെ ഡെപ്യൂട്ടി എഡിറ്റർ ഫായിസ് അഹ്മദ് ഗ്വാട്ടിമാല(ഈ മാസികയുടെ കോഓർഡിനേറ്റർ) എന്നീ സ്ഥാനങ്ങളിലേക്ക് ഹുദൂർ ഇവരെ നിയമിച്ചു.

മാനുഷികസേവനത്തിൽ അധിഷ്ഠിതമായ ഇസ്ലാമിക അധ്യാപനങ്ങളെ കുറിച്ച് റിവ്യൂ ഓഫ് റിലീജ്യൻസിന്റെ ആദ്യ സ്പാനിഷ് എഡിഷനിൽ പ്രസിദ്ധീകരിക്കാൻ ഹുദൂർ നിർദേശിക്കുകയുണ്ടായി. ഇതിന്റെ ആദ്യ എഡിഷനിൽ ഗ്വാട്ടിമാല നാസിർ ഹോസ്പിറ്റലിന്റെ ഉത്ഘാടനവും മറ്റും കവറേജ് ചെയ്തുള്ള റിപ്പോർട്ടും കാണാം.

**വാർത്താസമ്മേളനം**

തുടർന്ന് ഹുദൂറുമൊത്ത് നടന്ന വാർത്താസമ്മേളനത്തിൽ ചുവടെ ചേർക്കുന്ന ഇലക്ട്രോണിക്, പ്രിന്റ് മീഡിയ പ്രതിനിധികൾ പങ്കെടുത്തു.

❋ ചാനൽ 7–ൽ നിന്ന് മൂന്ന് ജേർണലിസ്റ്റും പ്രതിനിധികളും.

❋ പ്രെൻസ ലിബ്റേയിൽ നിന്നുള്ള 2 പത്രപ്രവർത്തകർ.

❋ ഗ്വാട്ടേ വിഷനിൽനിന്ന് ഒരു പ്രതിനിധി

❋ ന്യൂസ്ട്രോ ഡയാറിയായിൽനിന്ന് ഒരു പ്രതിനിധി

❋ ഡയാറിയോ ഡി സെൻട്രോ അമേരിക്കയിൽ നിന്ന് ഒരു പ്രതിനിധി

❋ റെവിസ്റ്റാ സുമ്മായുടെ പ്രതിനിധി

ഒരു ജേർണലിസ്റ്റ് ചോദിച്ചു: ഹോസ്പിറ്റൽ പോലെയുള്ള പ്രൊജക്റ്റ് മറ്റ് പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നുണ്ടോ?

**ഹുസൂർ:** താങ്കൾ എന്റെ പ്രസംഗം കേട്ടിട്ടുണ്ടാകുമല്ലോ? ഇപ്പോഴിത് തുടക്കം മാത്രമാണ്.അവസാനത്തേതല്ല.ഞങ്ങൾ ഭാവിയിലും ജനക്ഷേമപരമായ കാര്യങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നതാണ്. നിങ്ങളുടെ ചോദ്യത്തിനുള്ള എല്ലാ മറുപടിയും എന്റെ പ്രഭാഷണത്തിലുണ്ട്.

ഇസ്ലാമിക അധ്യാപനങ്ങളുമായി ബന്ധപ്പെട്ടുള്ള ഒരു ചോദ്യത്തിന് ഹുദൂർ ഇപ്രകാരം മറുപടി നല്കി: വിശുദ്ധ ഖുർആൻ വിവരിക്കുന്ന കാര്യമാണ് ഇസ്ലാമിക അധ്യാപനം. നബി(സ) തിരുമേനി തന്റെ ചര്യ മുഖേന ചെയ്തു കാണിച്ചിരിക്കുകയും വിശദീകരിക്കുകയും ചെയ്ത കാര്യങ്ങളാണ് അത്. ഇതേ ഇസ്ലാമിക കാര്യങ്ങളാണ് എന്റെ പ്രഭാഷണത്തിൽ ഞാൻ പറഞ്ഞിട്ടുള്ളത്. മറ്റൊരു ഇസ്ലാമുമില്ല തന്നെ. യഥാർഥ ഇസ്ലാം ഇതാണ്. മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നതല്ല. അഥവാ ചില തീവ്ര വിഭാഗങ്ങൾ അവതരിപ്പിക്കുന്നതുമല്ല. ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളാണ് ഞങ്ങൾ ലോകത്താകമാനം പ്രചരിപ്പിച്ചു വരുന്നത്. ഇതു കണ്ടുകൊണ്ട് ലക്ഷക്കണക്കിന് ജനങ്ങൾ ഇസ്ലാം സ്വീകരിച്ചു വരുന്നു.

മറ്റൊരു ജേർണലിസ്റ്റ് ചോദിച്ചു. ഗ്വാട്ടിമാലയിൽ ആരോഗ്യ സംരക്ഷണ പ്രശ്നങ്ങളുണ്ട്. ചികിത്സാ രംഗത്ത് കുറവുണ്ട്. താങ്കൾ ഇതേ നിലവാരത്തിലുള്ള ഹോസ്പിറ്റലുകൾ മറ്റ് പ്രദേശങ്ങളിലും തുറക്കുമോ?

**ഹുദൂർ:** അത്ര വിശാലാടിസ്ഥാനത്തിൽ സാധ്യമാകില്ല. ഏതു പോലെ ഞങ്ങൾ ആഫ്രിക്കയിലെ വിവിധ പ്രദേശങ്ങളിൽ ക്ലിനിക്കുകൾ തുറന്നതു പോലെ ചികിത്സയുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതാണ്. ഇതേ രൂപത്തിൽ സാഹചര്യങ്ങൾക്കനുസരിച്ച് കൂടുതൽ ക്ലിനിക്കുകൾ ആരംഭിക്കുന്നതാണ്.

ഇക്വഡോർ രാജ്യത്തിൽ നിന്ന് വന്ന ഒരു പത്രപ്രവർത്തകൻ ചോദിച്ചു:

ഹോസ്പിറ്റൽ സ്ഥാപിക്കാൻ ഈ സ്ഥലം തിരഞ്ഞെടുക്കാൻ കാരണമെന്താണ്?

**ഹുദൂർ:** നമുക്ക് നമ്മുടേതായ സൗകര്യങ്ങളുണ്ട്. നമ്മുടെ സൗകര്യങ്ങൾക്കുള്ളിൽനിന്നുകൊണ്ടാണ് തീരുമാനങ്ങളെടുക്കുന്നത്. പൊതുവെ, പട്ടണത്തിൽ താമസിക്കുന്നവർക്ക് സാകര്യങ്ങൾ പെട്ടെന്ന് പ്രാപ്തമാകാറുണ്ട്. ഇതര പ്രദേശത്തിൽ താമസിക്കുന്നവർക്ക് സൗകര്യങ്ങൾ കുറവായിരിക്കും. നമ്മുടെ ലക്ഷ്യം സേവനം ചെയ്യലാണ്. പണം സമ്പാദിക്കലല്ല. നമ്മുടെ പരിമിതമായ സൗകര്യങ്ങളുടെയുള്ളിൽ നിന്നുകൊണ്ട് ആവശ്യാനുസൃതം ഹോസ്പിറ്റൽ ഉണ്ടാക്കുന്നു.

ഒരു പത്രപ്രതിനിധി ചോദിച്ചു: ഞാൻ പരാഗ്വേയിൽ നിന്ന് വന്നതാണ്. അവിടെ ജമാഅത്ത് പുരോഗമനത്തിലാണ്. ഇതുവരെ മുപ്പത് പേർ അഹ്മദികളായിട്ടുണ്ട്. ജമാഅത്തിന്റെ വ്യാപനത്തെപ്പറ്റിയും ജമാഅത്തിന്റെ പുരോഗതിയെ സംബന്ധിച്ചും ഹുദൂർ എന്താണ് വിചാരിക്കുന്നത്?

**ഹുദൂർ:** ഞങ്ങൾ ഒരു മതപരമായ ജമാഅത്താണ്. മതപരമായ ജമാഅത്തുകൾ മെല്ലെ മെല്ലെ പുരോഗതി പ്രാപിക്കുന്നു. വാഗ്ദത്ത മഹദീ മസീഹ്(അ) ഒരു ചെറു പ്രദേശത്ത് വെച്ചാണ് മഹ്ദി മസീഹാണെന്ന് വാദം പുറപ്പെടുവിക്കുന്നത്. പിന്നീട് അദ്ദേഹത്തിന്റെ സന്ദേശം പുറത്തേക്ക് വന്നു. നൂറുക്കണക്കിനു പേർ അദ്ദേഹത്തെ സ്വീകരിച്ചു. പിന്നീട് സ്വീകരിക്കുന്നവരുടെ എണ്ണം ആയിരങ്ങളിലേക്കെത്തി. തുടർന്ന് ലക്ഷങ്ങളിലേക്കും. എണ്ണത്തിൽ തുടർച്ചയായി വർധനഉണ്ടാകുന്നുണ്ട്. ഇന്ന് ഞങ്ങള് 212 രാജ്യങ്ങളിലുണ്ട്. ഓരോ വർഷവും ലക്ഷക്കണക്കിനുപേർ ജമാഅത്തിൽ ചേർന്നു കൊണ്ടിരിക്കുന്നു. ഇതേപോലെ പരാഗ്വേയിലും ഞങ്ങൾ സന്ദേശം എത്തിച്ചു വരുന്നു. ഇതിനെ ഇഷ്ടപ്പെടുന്നവർ സ്വീകരിച്ചു വരുന്നു. ചിലർ എതിർക്കുകയും ചെയ്യുന്നു. എന്നാൽ, നമ്മുടെ സന്ദേശം ഹൃദയസ്പർശിയാണ്. ഹൃദയത്തിലിറങ്ങുകയും ജനങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു.

പരാഗ്വേയിലെ ജനങ്ങൾക്കും നമ്മുടെ സന്ദേശം ഇഷ്ടപ്പെടുമെന്നും അംഗീകരിക്കുമെന്നുമാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അവരുടെ ഭാവി തലമുറ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഞങ്ങൾ ഞങ്ങളുടെ സന്ദേശത്തെ ഉപേക്ഷിക്കുന്നവരല്ല. ഹോസ്പിറ്റലിന്റെ സ്ഥാപനവും ഈ സൃഷ്ടിസേവനത്തിന്റെ പ്രവർത്തനങ്ങളും ജനങ്ങൾ ഇസ്ലാം സ്വീകരിക്കുന്നതിന്നു വേണ്ടിയല്ല ഞങ്ങൾ ചെയ്യുന്നത്. ഇത് മനുഷ്യകുലത്തോടുള്ള സേവനം മാത്രമാണ്. ഗ്വാട്ടിമാലയിലെ വ്യക്തിയാണെങ്കിലും പരാഗ്വേയിലെയോ ബെലീസിലേയോ വ്യക്തികളാണെങ്കിലും അവർ ഇസ്ലാം സ്വീകരിച്ചാലും ഇല്ലെങ്കിലും ഞങ്ങൾ ഞങ്ങളുടെ പ്രചാരണപ്രവർത്തനങ്ങൾ തുടർന്നു കൊണ്ടേയി രിക്കും.

മുപ്പത് എന്ന എണ്ണവും ഇപ്പോൾ കുറച്ചു മാത്രമാണ്. ഇത് വർധിക്കും. ഖാദിയാൻ എന്ന ഗ്രാമത്തിലാണ് ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) ഈ വാദം പുറപ്പെടുവിച്ചത്. ഒരുവിധ സൗകര്യങ്ങളും അവിടെ ഉണ്ടായിരുന്നില്ല. റെയിലില്ല, മറ്റൊരു മാർഗങ്ങളുമില്ല. എന്നിട്ടും അദ്ദേഹത്തിന്റെ ജീവിതകാലത്ത് നാലു ലക്ഷം പേർ അദ്ദേഹത്തെ സ്വീകരിച്ചുകൊണ്ട് ബയ്അത്ത് ചെയ്തു. ഇന്ന് 212 രാഷ്ട്രങ്ങളിലായി ഈ എണ്ണം മില്യണുകളിലെത്തിയിരിക്കുന്നു. തുടർച്ചയായി വർധന സംഭവിച്ചു കൊണ്ടിരിക്കുന്നു. മതപരമായ ജമാഅത്തുകൾ ഇപ്രകാരമാണ് വ്യാപിക്കുന്നത്. ഇപ്രകാരം പരാഗ്വേയിലും സംഭവിക്കും. മെല്ലെ മെല്ലെ എണ്ണം വർധിക്കും.

ക്രിസ്തു മതത്തിന്റെ വ്യാപനം ലോകത്ത് സംഭവിക്കാൻ മൂന്നൂറ് വർഷത്തിൽ കൂടുതലെടുത്തിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ വാഗ്ദത്ത് മഹ്ദീ മസീഹ്(അ) പറയുന്നു: 'ഞാൻ മസീഹിന്റെ കാലടികളിലാണ് വന്നിട്ടുള്ളത്. മൂന്നൂറ് വർഷം തികയില്ല, ലോകത്ത് ഭൂരിപക്ഷവും അഹ്മദിയ്യാ ജമാഅത്തിനെ സ്വീകരിച്ചിട്ടുണ്ടാകും. നബി(സ)തിരുമേനിയുടെ യഥാർഥ ഇസ്ലാമിനെ സ്വീകരിച്ചിട്ടുണ്ടാകും.

ഒരു വ്യക്തി വർധിച്ച് വർധിച്ച് കോടികളിലെത്തിയെങ്കിൽ ഈ മുപ്പതിൽ നിന്നുള്ള ഓരോ വ്യക്തിയും വർധിച്ച് വർധിച്ച് ആയിരങ്ങളിലേക്കും ലക്ഷങ്ങളിലേക്കും എത്തിപ്പെടും. ദൈവനിശ്ചയമുണ്ടെങ്കിൽ! ഈ പ്രസ് കോൺഫ്രൻസ് 6.25–ന് സമാപിച്ചു.

(ശേഷം പേജ് 16ൽ)

# ഖുത്ബ ജുമുഅ

നബി(സ)തിരുമേനി ഏതെങ്കിലും പ്രത്യേകഭക്ഷണം കഴിക്കണമെന്ന് കല്പിക്കുകയോ അവിടത്തേക്ക് വേണ്ടി അത് തയ്യാറാക്കപ്പെടുകയോ ചെയ്തതായി ഞാൻ കണ്ടിട്ടില്ല. അവിടത്തെ സന്നിധിയിൽ ഭക്ഷണം സമർപിക്കപ്പെട്ടിട്ട് ആ മഹാത്മാവ് അതിന് എന്തെങ്കിലും കുറ്റം പറഞ്ഞതായും ഞങ്ങളൊരിക്കലും കണ്ടിട്ടില്ല.

---

ദാനധർമങ്ങൾ കൊടുക്കുകയും ദരിദ്രരെ തുറന്നമനസ്സോടെ സഹായിക്കുകയും ചെയ്ത ബദ്രി സ്വഹാബി ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)യുടെഅനുഗൃഹീത ജീവചരിത്രവിവരണം.

---

അബ്വാ യുദ്ധം, ബദ്ർ-ഉഹുദ് യുദ്ധങ്ങൾ, ഹംറാഉൽഅസ്ദ് യുദ്ധം എന്നിവയുടെ ഹ്രസ്വ വിവരണം.

**ഖുത്ബ ജുമുഅ 2019 ഡിസംബർ 27/1399 ഫതഹ് 27**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ്, മോർഡൻ, (സർറെ)യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ-
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ- اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹദ്റത്ത് സഅദ് ബിൻ ഉബാദയെ കുറിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്. അദ്ദേഹത്തെ കുറിച്ച് ഇന്ന് കുറച്ച് കൂടുതൽ കാര്യങ്ങൾ വിവരിക്കുന്നതാണ്. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) രണ്ടാം അഖബ ബയ്അത്തിൽ നിശ്ചയിക്കപ്പെട്ട 12 നേതാക്കളിൽപ്പെട്ട ഒരാളായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, വാല്യം 3, പേജ് 461, സഅദ് ബിൻ ഉബാദ, ദാറുൽ കുതുബുൽ ഇൽമിയ്യാ ബേറൂത്ത് 1990).

അദ്ദേഹത്തെ കുറിച്ച് സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇങ്ങനെ വിവരിക്കുന്നു: 'അദ്ദേഹം ഖദ്റജ് ഗോത്രത്തിലെ കുടുംബമായ ബനൂ സായിദായിൽപ്പെട്ടയാളായിരുന്നു. മുഴുവൻ ഖദ്റജ് ഗോത്രത്തിന്റേയും തലവനായിരുന്നു. നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ സമുന്നതരായ അൻസ്വാറിൽ എണ്ണപ്പെട്ട ആളായിരുന്നു. ഏതുവരെ എന്നാൽ, നബി(സ)തിരുമേനി വഫാത്തായപ്പോൾ ചില അൻസ്വാർ അദ്ദേഹത്തിന്റെ പേര് ഖിലാഫത്തിനായി നിർദേശിക്കുകയുണ്ടായി.' അതായത് അൻസ്വാറിൽനിന്ന് ഇദ്ദേഹത്തിന്റെ നാമമായിരുന്നു ഖലീഫ സ്ഥാനത്തേക്ക് നിർദേശിക്കപ്പെട്ടത്. "..... അദ്ദേഹം ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ വഫാത്തായി."(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ് (റ) എം.എ. പേജ് 230)

ഹദ്റത്ത് സഅദ് ബിൻ ഉബാദ(റ), ഹദ്റത്ത് മുൻദിർ ബിൻ അംറ്(റ), ഹദ്റത്ത് അബുദുജാന (റ) എന്നിവർ ഇസ്‌ലാം സ്വീകരിച്ചപ്പോൾ ഇവർ എല്ലാവരുംകൂടി തങ്ങളുടെ ഗോത്രമായ ബനു സായിദയുടെ ബിംബം തകർത്തിട്ടു. (അത്ത്വബക്കാത്തുൽ കുബറ ലി ഇബ്നി സഅ്ദ് വാല്യം 3 പേജ് 461, സഅ്ദ് ബിൻ ഉബാദ, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

മദീനയിലേക്കുള്ള ഹിജ്റത്തിന്റെ നേരത്ത് നബി(സ)തിരുമേനി ബനു സായിദയുടെ ഭവനങ്ങളുടെ സമീപത്തുകൂടി കടന്നുപോയപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയും ഹദ്റത്ത് മുൻദിർ ബിൻ അംറും ഹദ്റത്ത് അബുദുജാനയും പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് ഞങ്ങളുടെ അടുത്ത് വന്നാലും. ഞങ്ങളുടെ പക്കൽ ആദരവുണ്ട്. ശക്തിയും കഴിവും ധനവുമുണ്ട്.' ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) ഇങ്ങനേയും പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ ജനതയിൽ എന്നെക്കാൾ കൂടുതൽ ഈന്തപ്പഴത്തോട്ടങ്ങളുള്ള ആരുംതന്നെയില്ല. അതിലെ കിണറുകൾ എന്നേക്കാൾ കൂടുതലുള്ളവരുമില്ല. അതോടൊപ്പംതന്നെ എന്നെക്കാൾ കൂടുതൽ ധനവും ശക്തിയും അംഗബലവുമുള്ള ആരുമില്ല.' അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: 'അബൂ ഥാബിത്തേ! ഈ ഒട്ടകത്തിന് വഴി വിടുക. ഇത് നിയോഗിക്കപ്പെട്ടതാണ്.'(സുബുലുൽഹുദാ വർറശാദ് വാല്യം 3, പേജ് 272, അൽബാബുസ്സാദിസ്, ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 1993) ഇത് ഇതിന്റെ സ്വയേഷ്ടപ്രകാരം എവിടെയെങ്കിലും പോയി നില്ക്കുന്നതായിരിക്കും. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)ബനൂ സായിദ ഗോത്രത്തിന്റെ നേതാവാ(നഖീബ്)യിരുന്നു. നഖീബായി ആദ്യം നിശ്ചയിക്കപ്പെട്ടവരിൽ ഇദ്ദേഹത്തിന്റെ പേരുമുണ്ടായിരുന്നു.

പറയപ്പെടുന്നു, ഔസ് ഗോത്രത്തിലും ഖസ്റജ് ഗോത്രത്തിലും തുടർച്ചയായി നാലു പേർ ഒന്നിനുപിറകെ ഒന്ന് എന്നനിലയിൽ വലിയ ദാനശീലരായിട്ടുള്ള വീട് ദുലയിമിന്റേതല്ലാതെ വേറെ ഉണ്ടായിരുന്നില്ല;തുറന്ന മനസ്സുള്ളവർ. പിന്നീട് അദ്ദേഹത്തിന്റെ മകൻ ഉബാദ. പിന്നീട് അദ്ദേഹത്തിന്റെ മകൻ സഅ്ദ്. പിന്നീട് അദ്ദേഹത്തിന്റെ മകൻ ഖയ്സ്. ദുലയ്മിന്റേയും അദ്ദേഹത്തിന്റെ കുടുംബത്തിന്റേയും ധർമനിഷ്ഠയെ കുറിച്ച് ഒരുപാട് നല്ല നല്ല വാർത്തകൾ പ്രസിദ്ധമാണ്.(ഉസുദുൽഗാബ വാല്യം 2, പേജ് 441, സഅ്ദ് ബിൻ ഉബാദ ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 2003)

നബി(സ)തിരുമേനി മദീനയിൽ വന്നപ്പോൾ സഅ്ദ് നബി(സ)തിരുമേനിയുടെ സന്നിധിയിൽ ദിവസേന ഒരു വലിയ പാത്രത്തിൽ മാംസവും ഥരീദും അതായത് മാംസത്തിൽ പാകം ചെയ്ത റൊട്ടിക്കഷണങ്ങൾ, അല്ലെങ്കിൽ പാലുകൊണ്ടുള്ള ഥരീദ് അല്ലെങ്കിൽ വിനാഗിരിയുടേയോ ഒലിവിന്റേയോ കൊഴുപ്പിന്റേയോ ഭക്ഷണത്തളിക അയക്കുമായിരുന്നു. കൂടുതലും മാംസത്തിന്റെ പാത്രമാണ് അയച്ചിരുന്നത്. സഅദ് കൊടുത്തു വിടുന്ന പാത്രം നബി(സ) തിരുമേനിയോടൊപ്പം അവിടത്തെ പരിശുദ്ധ പത്നിമാരുടെ വീടുകളിലും കറങ്ങാറുണ്ടായിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റ ലിഇബ്നി സഅ്ദ് വാല്യം 3 പേജ് 461, സഅ്ദ് ബിൻ ഉബാദ(റ), ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 1990)അതായത് ഈ ഭക്ഷണം വിവിധ ഭാര്യമാർക്ക് കൊണ്ടുപോകുമായിരുന്നു. നബി(സ) തിരുമേനിയുടെ വീട്ടിൽ ഭക്ഷണം ഉണ്ടാകാത്ത ദിവസങ്ങളുമുണ്ടായിട്ടുണ്ടെന്ന് ചില നിവേദനങ്ങളിൽ വന്നിട്ടുണ്ട്.(സ്വഹീഹുൽ ബുഖാരി കിതാബുൽഹിബ വ ഫള്ലുഹാ....ബാബു ഫള്ലുൽഹിബ ഹദീഥ് 2567)

ദിനേന അയക്കാറില്ലെന്നും എന്നാൽ, മിക്കപ്പോഴും അയക്കാറുണ്ടെന്നുംമാവാം. അല്ലെങ്കിൽ ആരംഭകാലങ്ങളിൽ അയച്ചിട്ടുണ്ടാകാം. അല്ലെങ്കിൽ നബി(സ)തിരുമേനി തന്റെ ധർമനിഷ്ഠ കാരണത്താൽ ദരിദ്രരെ ഓർത്ത് ചില നേരങ്ങളിൽ അവരിൽ വിതരണം ചെയ്തതുമാകാം. അതിഥികൾക്കു കൊടുത്തതുമാകാം. അതുകൊണ്ടായിരിക്കാം വീട്ടിൽ ഒന്നും ഇല്ലാതിരുന്നത്.

എന്തായാലും മറ്റൊരു നിവേദനമുണ്ട്. സയ്ദ് ബിൻ ഥാബിത്(റ)വിവരിക്കുന്നു:

നബി(സ) തിരുമേനി ഹദ്റത്ത് അബു അയ്യൂബ് അൻസ്വാരിയുടെ വീട്ടിൽ താമസിച്ചപ്പോൾ നബി(സ) തിരുമേനിക്ക് ഒരു ഉപഹാരവും വന്നിരുന്നില്ല. ഞാൻ കൊണ്ടുവന്നതായിരുന്നു ആദ്യത്തെ കാഴ്ചദ്രവ്യം. അതൊരു ഭക്ഷണപാത്രമായിരുന്നു. അതിൽ ഗോതമ്പ്റൊട്ടിയുടെ ഥരീദ്, ഇറച്ചിയും പാലുമായിരുന്നു. ഞാൻ നബി(സ)തിരുമേനിയുടെ മുമ്പിൽ അതുവെച്ചു. ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്! ഈ ഭക്ഷണപാത്രം എന്റെ മാതാവ് അങ്ങയ്ക്ക് കൊടുത്തയച്ചതാണ്. നബി(സ)തിരുമേനി പറഞ്ഞു: 'അതിൽ അല്ലാഹു അനുഗ്രഹം ഇടുമാറാകട്ടെ.' അവിടന്ന് തന്റെ സ്വഹാബത്തിനെ വിളിച്ചു- അപ്പോൾ അവരും അതിൽനിന്ന് തിന്നു. പറയുന്നു: ഞാനപ്പോൾ വാതിൽക്കൽവരെ എത്തിയതേയുള്ളൂ. സഅ്ദ് ബിൻ ഉബാദയും ഒരു ഭക്ഷണപാത്രവുമായി വന്നു. അദ്ദേഹത്തിന്റെ അടിമ തലയിലേറ്റിക്കൊണ്ടാണ് അതുകൊണ്ടുവന്നത്. അത് വളരെ വലുതായിരുന്നു. ഹദ്റത്ത് അബൂ അയ്യൂബിന്റെ വീട്ടുപടിക്കൽനിന്നു. ഞാൻ ആ ഭക്ഷണപാത്രത്തിന്റെ തുണി നീക്കി; അപ്പോൾ ഞാനതിൽ ഥരീദു കണ്ടു. അതിൽ എല്ലുകളാ

യിരുന്നു. ആ അടിമ നബി(സ) തിരുമേനിയുടെ സന്നിധിയിൽ അത് സമർപിച്ചു.

ഹദ്റത്ത് സയ്ദ്(റ) പറയുന്നു: 'ഞങ്ങൾ ബനൂ മാലിക്ക് ബിൻ നജ്ജാറിന്റെ വീടുകളിലാണ് താമസിച്ചിരുന്നത്. ഞങ്ങൾ മൂന്നോ നാലോ ആളുകൾ എല്ലാ രാത്രിയും നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഊഴമനുസരിച്ച് ഭക്ഷണവുമായി ഹാജരാകുമായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി(റ)യുടെ ഭവനത്തിൽ 7 മാസം താമസിക്കുന്നതുവരെ. ആ ദിനങ്ങളിൽ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)യുടേയും ഹദ്റത്ത് അസ്അദ് ബിൻ സുറാറയുടേയും ഭക്ഷണപാത്രം നിത്യവും നബി(സ)തിരുമേനിയുടെ സന്നിധിയിലെത്തുമായിരുന്നു. അതിൽ ഒരിക്കലും ഒരു വീഴ്ച്ചയും ഉണ്ടാകുമായിരുന്നില്ല. ഇവിടെ കുറച്ച് വിശദീകരണവുമുണ്ടായി; ആരംഭത്തിൽ നിത്യവും ഭക്ഷണം എത്താറുണ്ടായിരുന്നു. ഏഴുമാസം വരെ മുടങ്ങാതെ വന്നുകൊണ്ടിരുന്നു. അതിനുശേഷവും വന്നിട്ടുണ്ടാകാം. പക്ഷേ, മുടക്കംകൂടാതെ ആയിരിക്കുകയില്ല. പിന്നീട് പറയുന്നു: 'അതിനെ സംബന്ധിച്ച് നബി(സ)തിരുമേനി നിങ്ങളുടെ വീട്ടിൽ താമസിച്ചിരുന്നതാണല്ലോ അതുകൊണ്ട് നബി(സ)തിരുമേനി ഏറ്റവുമധികം ഇഷ്ടപ്പെട്ട ഭക്ഷണം ഏതായിരുന്നുവെന്ന് ഹദ്റത്ത് ഉമ്മു അയ്യൂബിനോടു ചോദിച്ചപ്പോൾ അവർ മറുപടി പറഞ്ഞു:'ഏതെങ്കിലും പ്രത്യേക ഭക്ഷണം തനിക്ക് വേണമെന്ന് അവിടന്ന് എപ്പോഴെങ്കിലും കല്പിക്കുകയും പിന്നീട് അത് അദ്ദേഹത്തിനുവേണ്ടി തയ്യാറാക്കപ്പെടുകയും ചെയ്തത് ഞാൻ കണ്ടിട്ടില്ല. ഏതെങ്കിലും ഭക്ഷണം നബി(സ)തിരുമേനിയുടെ സന്നിധിയിൽ കൊണ്ടുവരികയും അവിടന്ന് അത് തിന്നതിനുശേഷം കുറ്റം പറഞ്ഞതും ഞങ്ങൾ ഒരിക്കലും കണ്ടിട്ടില്ല.' ഹദ്റത്ത് സയ്ദ്(റ) പറയുന്നു: 'ഹദ്റത്ത് അബു അയ്യൂബ് എന്നോട് പറഞ്ഞു: 'ഒരിക്കൽ ഒരു രാത്രി ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ), നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഒരു ഭക്ഷണപാത്രം കൊടുത്തയച്ചു. അതിൽ 'ത്വഫയ്ശൽ' എന്ന ഒരു തരം കറിയാണ് ഉണ്ടായിരുന്നത്. അവിടന്ന് അത് വയറു നിറയെ കുടിച്ചു. അതല്ലാതെ മറ്റെപ്പോഴെങ്കിലും അവിടന്ന് അതുപോലെ വയറു നിറച്ച് കുടിക്കുന്നത് ഞാൻ കണ്ടിട്ടില്ല. പിന്നീട് ഞങ്ങളും നബി(സ) തിരുമേനിക്കായി ഇത് പാകം ചെയ്യുമായിരുന്നു. ഒരിക്കലും ഇതുകൊണ്ടുവരിക അത് പാകം ചെയ്യുക എന്നു പറഞ്ഞിട്ടില്ല. ഒരിക്കലും കുറ്റം പറഞ്ഞിട്ടില്ല. പക്ഷേ, കൊണ്ടുവരുന്ന ഭക്ഷണം എന്തായാലും അതിഷ്ടപ്പെട്ടാൽ അവിടന്ന് താൽപര്യത്തോടെ വയറുനിറയെ തിന്നുകയും കുടിക്കുകയും ചെയ്യുമായിരുന്നു. അതിനുശേഷം സ്വഹാബത്തിന് മനസ്സിലായി നബി(സ)തിരുമേനിക്ക് ഇന്നത് ഇഷ്ടമാണെന്ന്. അതനുസരിച്ച് പിന്നീട് ഉണ്ടാക്കുമായിരുന്നു. പറയുന്നു: 'ഞങ്ങൾ നബി(സ)തിരുമേനിക്കുവേണ്ടി ഹരീസ് –ഇതൊരു പ്രസിദ്ധമായ ഭക്ഷണമാണ്, ഗോതമ്പും ഇറച്ചിയും ഉപയോഗിച്ചുണ്ടാക്കുന്നതാണ്– ഉണ്ടാക്കുമായിരുന്നു. അതും നബിക്ക് വളരെ ഇഷ്ടമായിരുന്നു. രാത്രി ഭക്ഷണത്തിന് നബി(സ)തിരുമേനിയോടൊപ്പം അഞ്ചുമുതൽ 16വരെ പേരുണ്ടാകുമായിരുന്നു. ഭക്ഷണക്കുറവിന്റേയും ആധികൃത്തിന്റേയും അടിസ്ഥാനത്തിലായിരുന്നു ഇത്. (സുബുലുൽഹുദാ വർറശാദ് വാള്യം 3, പേജ് 275, അൽബാബുസ്സാദിസ്, ദാറുൽകുതുബുൽ ഇൽമിയ്യാ 1993) (സുബുലുൽഹുദാ വർറശാദ് വാള്യം 3, പേജ് 279, അൽബാബുസ്സാദിസ്, ദാറുൽകുതുബുൽ ഇൽമിയ്യാ 1993)(ലുഗാത്തുൽഹദീഥ്, വാള്യം 4, പേജ് 572, പ്രസാധകർ അലി ആസിഫ് പ്രിന്റേഴ്സ് ലാഹോർ 2005)

ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരിയുടെ വീട്ടിലെ നബി(സ)തിരുമേനിയുടെ താമസകാലത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതിയിരിക്കുന്നു: ആ വീട്ടിൽ അവിടന്ന് ഏഴുമാസം വരെ താമസിച്ചു. അല്ലെങ്കിൽ ഇബ്നു ഇസ്ഹാഖിന്റെ നിവേദനമനുസരിച്ച് ഹിജ്റ 2 സ്വഫർ മാസംവരെ താമസിച്ചിരുന്നു. അതായത് മസ്ജിദ് നബ്വിയും അതിനോടു ചേർന്നുള്ള മുറികളും തയ്യാറാകുന്നതുവരെ ആ സ്ഥലത്താണ് താമസിച്ചത്. അബൂഅയ്യൂബ് അൻസ്വാരി(റ), നബി(സ) തിരുമേനിക്ക് ഭക്ഷണം കൊടുത്തയക്കുമായിരുന്നു. ബാക്കിയാകുന്ന ഭക്ഷണം ഹദ്റത്ത് അബൂഅയ്യൂബ് തന്നെ തിന്നുമായിരുന്നു. സ്നേഹവും ആത്മാർഥതയും കാരണത്താൽ നബി(സ)തിരുമേനിയുടെ വിരലടയാളമുള്ള സ്ഥലത്തുതന്നെ വിരലുതൊട്ടു അദ്ദേഹം തിന്നുമായിരുന്നു. മറ്റു സ്വഹാബിമാരും നബി(സ)തിരുമേനിക്ക് ഭക്ഷണം കൊടുത്തയക്കാറുണ്ടായിരുന്നു. ആ ആളുകളിൽ ഖസ്റജ് ഗോത്രത്തിന്റെ റഈസായ സഅ്ദ് ബിൻ ഉബാദയുടെ പേര് ചരിത്രത്തിൽ പ്രത്യേകമായും രേഖപ്പെടുത്തിയിട്ടുണ്ട്. (സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) എം.എ. പേജ് 268)

ഹദ്റത്ത് അനസ്(റ) നിവേദനം: 'ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ), നബി(സ) തിരുമേനിയോടു പറഞ്ഞു, 'യാ റസൂലല്ലാഹ്! അങ്ങ് ഞങ്ങളുടെ വീട്ടിൽ വന്നാലും.' അങ്ങനെ നബി(സ) തിരുമേനി സഅ്ദിനോടൊപ്പം അദ്ദേഹത്തിന്റെ വീട്ടിലേക്ക് പോയി. ഹദ്റത്ത് സഅ്ദ്(റ) ഈന്തപ്പഴവും എള്ളും കൊണ്ടുവന്നു. പിന്നീട് നബി(സ)തിരുമേനിക്കുവേണ്ടി പാല് കൊണ്ടുവന്നു. അതിൽനിന്ന് അവിടന്ന് കുടിച്ചു. (സുബുലുൽഹുദാ വർറശാദ് വാള്യം 7, പേജ് 200, അൽബാബുർറാബിഅ്, ദാറുൽകുതുബുൽ ഇൽമിയ്യാ 1993)

ഖയ്സ് ബിൻ സഅ്ദ്, സഅ്ദ് ബിൻ ഉബാദയുടെ മകനായിരുന്നു. അദ്ദേഹം പറയുന്നു, 'നബി(സ) തിരുമേനി കൂടിക്കാഴ്ചയ്ക്കുവേണ്ടി ഞങ്ങളുടെ വീട്ടിൽ വന്നപ്പോൾ അവിടന്ന് പറഞ്ഞു: അസ്സലാമു അയ്ക്കും വ റഹ്മത്തുല്ലാഹ്. നബി(സ)തിരുമേനി വീട്ടുകാർക്ക് സലാം ചൊല്ലി. ഖയ്സ്(റ) പറഞ്ഞു, എന്റെ പിതാവ് സഅ്ദ് പതുക്കെയാണ് മറുപടി നല്കിയത്. ഖയ്സ്(റ) പറഞ്ഞു. ഞാൻ അദ്ദേഹത്തോടു ചോദിച്ചു, തന്റെ പിതാവിനോടു ചോദിച്ചു, അങ്ങ് നബി(സ)തിരുമേനിയോടു അകത്തുവരാൻ പറയാത്തതെന്തേ? ഹദ്റത്ത് സഅ്ദ്(റ), പിതാവ് മകനോടു പറഞ്ഞു, 'നമുക്ക് കൂടുതൽ സലാം ചൊല്ലാൻ നബി(സ)തിരുമേനിയെ അനുവദിക്കുക.' നബി(സ)തിരുമേനി വീണ്ടും സലാം ചൊല്ലി മടങ്ങിപ്പോയി. അതായത് അദ്ദേഹം പറഞ്ഞു. നബി(സ) തിരുമേനി സലാം ചൊല്ലി. ഞാൻ പതുക്കെ മറുപടി നല്കി. നബി(സ) തിരുമേനി വീണ്ടും സലാം ചൊല്ലുമ്പോൾ അങ്ങനെ വീട്ടിൽ സമാധാനം എത്തുന്നതാണ്. എന്തായാലും പറയുന്നു. നബി(സ) തിരുമേനി സലാം ചൊല്ലി മടങ്ങിയപ്പോയി. അപ്പോൾ സഅ്ദ്(റ) പിന്നാലെ പോയി. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാൻ അങ്ങയുടെ സലാം കേൾക്കുകയും പതുക്കെ മറുപടി ചൊല്ലുകയും ചെയ്തിരുന്നു; ഞങ്ങളിൽ കൂടുതൽ സലാം ഉണ്ടാകുന്നതിനുവേണ്ടിയാണ് അങ്ങനെ ചെയ്തത്.' പിന്നീട് നബി(സ) തിരുമേനി സഅ്ദിനോടൊപ്പം മടങ്ങിവന്നു. സഅ്ദ്(റ), നബി(സ) തിരുമേനിയോടു കുളിക്കാൻ പറഞ്ഞു. അവിടന്ന് കുളിച്ചു. സഅ്ദ്(റ), നബി(സ)തിരുമേനിക്ക് സഅ്ഫറാൻ അല്ലെങ്കിൽ വർസ്– അത് യമൻ പ്രദേശത്തുണ്ടാകുന്ന ഒരു മഞ്ഞനിറമുള്ള ചെടിയാണ്. അതിൽനിന്ന് വസ്ത്രം നെയ്യുന്നു. അതിൽ നെയ്തെടുത്ത ഒരു പുതപ്പ് നല്കി. നബി(സ) തിരുമേനി അത് മൂടിപ്പുതച്ചു. പിന്നീട് നബി(സ) തന്റെ കൈയുയർത്തിക്കൊണ്ട് പറഞ്ഞു, 'അല്ലാഹുവേ! നിന്റെ സമാധാനവും നിന്റെ കാരുണ്യവും സഅ്ദ് ബിൻ ഉബാദയുടെ മക്കളിൽ ഇറക്കിയാലും.' (ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 2, പേജ് 441–442, സഅ്ദ് ബിൻ ഉബാദ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 2003)(ഉംദത്തുൽഖാരി ശറഹ് സ്വഹീഹുൽബുഖാരി വാള്യം 2, പേജ് 222, കിതാബുൽഇൽമ് പ്രസാധകർ ദാറുൽ ഫിക്ർ ബേറൂത്ത്)

ഹദ്റത്ത് അനസ് (റ)നിവേദനം: 'ഒരിക്കൽ നബി(സ)തിരുമേനി, ഹദ്റത്ത് സഅദ് ബിൻ ഉബാദയുടെ വീട്ടിൽ വരാൻ ആഗ്രഹിച്ചു. അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹ് എന്ന് പറഞ്ഞു. ഹദ്റത്ത് സഅ്ദ്(റ) പതിഞ്ഞ ശബ്ദത്തിൽ വ അലയ്ക്കസ്സലാമി വ റഹ്മത്തില്ലാഹ് എന്ന് പറഞ്ഞു. നബി(സ)തിരുമേനിക്ക് അത് കേൾക്കാൻ സാധിച്ചില്ല.നബി(സ)തിരുമേനി മൂന്നു തവണ സലാം പറഞ്ഞു. ഹദ്റത്ത് സഅ്ദ് മൂന്നു തവണയും അതുപോലെ തന്നെ മറുപടി പറഞ്ഞു. അത് നബി(സ)തിരുമേനിക്ക് കേൾക്കാൻ സാധിച്ചില്ല. അങ്ങനെ നബി(സ)തിരുമേനി തിരിച്ചുപോയി. ഹദ്റത്ത് സഅ്ദ്(റ), നബി(സ)തിരുമേനിയുടെ പിന്നാലെ ചെന്നു. എന്നിട്ടു പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങയ്ക്കു തെണ്ടമായിരിക്കട്ടെ. അങ്ങ് സലാം പറഞ്ഞതത്രയും ഞാൻ എന്റെ കാതുകൾ കൊണ്ട് കേൾക്കുകയും അതിന് മറുപടി നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, അങ്ങയെ അത് കേൾപ്പിച്ചില്ല. അങ്ങയുടെ സമാധാനവും അനുഗ്രഹങ്ങളും ലഭിക്കുന്നതിനുവേണ്ടിയുള്ള ദുആ കൂടുതലായി കരസ്ഥമാക്കാൻ ഞാൻ ആഗ്രഹിച്ചു. അങ്ങനെ നബി(സ)തിരുമേനിയെ തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ട് പോവുകയും കിശ്മിശ് നല്കുകയും ചെയ്തു. നബി(സ)തിരുമേനി അത് കഴിച്ചതിനുശേഷം ദുആ ചെയ്തുകൊണ്ട് പറഞ്ഞു: 'താങ്കളുടെ ഭക്ഷണം നല്ലവരായ ആളുകൾ കഴിച്ചുകൊണ്ടിരിക്കുകയും

'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'
(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."
(ജുമുഅ ഖുത്ബ 25–7–2014)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

താങ്കളുടെമേൽ മലക്കുകൾ കാരുണ്യത്തിന്റെ ദുആകൾ ചെയ്തുകൊണ്ടിരിക്കുകയും നോമ്പുകാർ താങ്കളുടെ അടുത്ത് നോമ്പ് തുറക്കുകയും ചെയ്യുമാറാകട്ടെ.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 4, പേജ് 456-357, മുസ്നദ് അനസ് ബിൻ മാലിക്(റ), ഹദീഥ് 12433, പ്രസാധകർ ആലമുൽകുതുബ് ബേറൂത്ത് 1998)

അല്ലാമാ ഇബ്നു സീരീൻ വിവരിക്കുന്നു: 'അസ്ഹാബു സുഫ്ഫാക്കാരെ രാത്രിയായാൽ ഭക്ഷണം കഴിപ്പിക്കുന്നതിന് ഏതെങ്കിലും ഒരാൾ അവരിൽനിന്ന് ഒരാളെയോ രണ്ടാളെയോ കൊണ്ടു പോകുമായിരുന്നു. എന്നാൽ, ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ 80 സുഫ്ഫക്കാരെ ഭക്ഷണം നൽകുന്നതിന് തന്റെ കൂടെ കൊണ്ടുപോകുമായിരുന്നു.'(അൽഇസാബ ഫീ തമീസിസ്സ്വഹാബ, വാള്യം 3, പേജ് 56, സഅ്ദ് ബിൻ ഉബാദ, ദാറുൽകുതുബുൽഇൽമിയ്യാ ബേറൂത്ത് 1995)

അതായത് അധികവും ഇതാണുണ്ടായിരുന്നത്. പക്ഷേ, സുഫ്ഫക്കാർക്ക് വിശന്നിരിക്കേണ്ട ദിനങ്ങളും വന്നിട്ടുണ്ടെന്നുള്ള നിവേദനങ്ങളുമുണ്ട്. എന്തായാലും സ്വഹാബത്ത് പൊതുവെ നബി(സ)തിരുമേനിയുടെ വാതിൽക്കൽ കഴിഞ്ഞിരുന്ന ആ ദരിദ്രരെ ശ്രദ്ധിക്കാറുണ്ടായിരുന്നു. അവരെ ഏറ്റവുമധികം ശ്രദ്ധിക്കാറുണ്ടായിരുന്നത് ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)ആയിരുന്നു.

നബി(സ)തിരുമേനി മദീനയിൽ എത്തിയതിന് ഒരു വർഷത്തിനുശേഷം സഫർ മാസത്തിൽ അബ്വാഅ് യുദ്ധത്തിന് പുറപ്പെട്ടു. അബ്വാഅ്, മദീനയിൽ നിന്ന് മക്കയിലേക്കുള്ള പ്രധാന വഴിയിൽ ജഹ്ഫയിൽ നിന്ന് 23 മൈൽ ദൂരത്തുള്ള ഒരു സ്ഥലം ആണ്. ഇവിടെ നബി(സ)തിരുമേനിയുടെ മാതാവ് ഹദ്റത്ത് ആമിനയുടെ ഖബറും ഉണ്ട്. അവിടുത്തേക്ക് പുറപ്പെട്ടു. അവിടത്തെ പതാകയുടെ നിറം വെളുപ്പായിരുന്നു. ഈ അവസരത്തിൽ നബി(സ)തിരുമേനി മദീനയിൽ ഹദ്റത്ത് സഅദ് ബിൻ ഉബാദ(റ)യെ തന്റെ പ്രതിനിധി അഥവാ അമീറായി നിശ്ചയിച്ചു. (അത്ത്വബക്കാത്തുൽ കുബ്റ ലിഇബ്നി സഅ്ദ് വാള്യം 2, പേജ് 5, ബാബ് ഗസ്വത്തുൽഅബ്വാഅ്, ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 1990)(അറ്റ്ലസ് സീറത്തുന്നബ്വി(സ), പേജ് 84, പ്രസാധകർ ദാറുസ്സലാം 1424)

അബ്വാഅ് യുദ്ധത്തിന്റെ മറ്റൊരു പേര് 'വദ്ദാൻയുദ്ധം' എന്നും വിവരിക്കപ്പെടുന്നു.

സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ)വദ്ദാൻ യുദ്ധത്തെ കുറിച്ച് വിവരിച്ചുകൊണ്ട് എഴുതുന്നു:

"നബി(സ) തിരുമേനി ചിലപ്പോൾ സ്വഹാബത്തിനേയുംകൊണ്ട് പുറപ്പെട്ടിരുന്നു. ചിലപ്പോൾ ഏതെങ്കിലും സ്വഹാബിയുടെ നേതൃത്വത്തിൽ ഏതെങ്കിലും സൈന്യത്തെ അയച്ചിരുന്നു. ചരിത്രകാരന്മാർ രണ്ടുതരത്തിലുള്ള സൈനിക നടപടിക്കും വെവ്വേറെ പേരുകൾ നല്കിയിരിക്കുന്നു. ഏതൊരു സൈനിക നടപടിയിലാണോ നബി(സ)തിരുമേനി നേരിട്ട് പങ്കെടുത്തിരുന്നത് അതിന്റെ പേര് ചരിത്രകാരന്മാർ 'ഗസ്വ' എന്നു വെച്ചിരിക്കുന്നു. നബി(സ) തിരുമേനി പങ്കെടുക്കാത്ത സൈനിക നടപടിക്ക് 'സരിയ്യ' എന്നോ 'ബഅ്ഥ്' എന്നോ ആണ് പേരിട്ടിരിക്കുന്നത്. എന്നാൽ, ഗസ്വയിലും സരിയ്യത്തിലും രണ്ടിലും പ്രത്യേകമാക്കപ്പെട്ട നിലയിൽ വാളെടുത്തു യുദ്ധോദ്ദേശ്യത്തോടെ പുറപ്പെടുക എന്നത് നിർബന്ധമല്ല. വാളെടുത്തുള്ള യുദ്ധത്തിന് പുറപ്പെടുക എന്നത് നിർബന്ധമല്ല. പ്രത്യുത യുദ്ധാവസ്ഥയിൽ അവിടന്ന് പങ്കെടുത്തിട്ടുള്ള എല്ലാ യാത്രയേയും ഗസ്വത്ത് എന്നു പറയുന്നു; യുദ്ധം ചെയ്യുന്നതിന് പ്രത്യേക ഉദ്ദേശ്യത്തോടെ പോയതല്ലെങ്കിലും. ഇപ്രകാരം നബി(സ) തിരുമേനിയുടെ കല്പനയിൽ ഏതെങ്കിലും സംഘം ചെയ്തിട്ടുള്ള യാത്രയ്ക്ക് ചരിത്രകാരന്മാരുടെ സാങ്കേതികാർഥത്തിൽ സരിയ്യത്ത് അല്ലെങ്കിൽ ബഅ്ഥ് എന്നു പറയുന്നു; യുദ്ധത്തിന് അല്ലെങ്കിൽതന്നെയും. പക്ഷേ, ചിലയാളുകൾ അജ്ഞതകൊണ്ട് എല്ലാ ഗസ്വത്തിനേയും സരിയ്യത്തിനേയും യുദ്ധനടപടി എന്നു മനസ്സിലാക്കുന്നു. അത് ശരിയല്ല.

വാളെടുത്തുള്ള യുദ്ധത്തിനുള്ള അനുവാദം ഹിജ്റ കഴിഞ്ഞ രണ്ടാം വർഷം സഫർ മാസത്തിലാണ് ഇറങ്ങിയതെന്ന് വിവരിച്ചുകഴിഞ്ഞതാണ്. കഴിഞ്ഞ ഖുത്ബകളിലും വിവരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. കാരണം ഖുറയ്ശികളുടെ പ്രതികാരോദ്ദേശ്യവും അവരുടെ ഭയാനകമായ നടപടികൾക്കുമെതിരിൽ മുസ്ലിമീങ്ങൾ സുരക്ഷിതരായിരിക്കുന്നതിനുവേണ്ടി പെട്ടെന്നുള്ള നടപടി ആവശ്യമായിരുന്നു. അതുകൊണ്ടുതന്നെ അവിടന്ന് ആ മാസത്തിൽ മുഹാജിരീങ്കളുടെ ഒരു സംഘവുമായി അല്ലാഹുവിന്റെ പേരെടുത്ത് മദീനയിൽനിന്ന് പുറപ്പെട്ടു. പോകുന്നതിനു മുമ്പേ തന്റെ പിന്നിൽ മദീനയിൽ ഖസ്റജിന്റെ റഈസായ സഅ്ദ് ബിൻ ഉബാദയെ അമീറായി നിശ്ചയിച്ചു. മദീനയിൽനിന്ന് തെക്കുപടിഞ്ഞാറുഭാഗത്തേക്ക് മക്കയിലേക്കുള്ള വഴിയെ യാത്രയായി. അവസാനം വദ്ദാൻ എന്ന സ്ഥലത്തെത്തി. ഇതിന്റെ ഈ വിശദീകരണം മുമ്പേയും കഴിഞ്ഞിട്ടുള്ളതാണ്. ആ പ്രദേശത്ത് ബനൂളംറ ഗോത്രത്തിലെ ആളുകളാണ് വസിച്ചിരുന്നത്. ഈ ഗോത്രം ബനൂകിനാനയുടെ ഒരു ശാഖയായിരുന്നു. ഇപ്രകാരം ഈയാളുകൾ ഖുറയ്ശിന്റെ കൊച്ചാപ്പയുടെ മക്കളായിരുന്നു. ഇവിടെ എത്തിയിട്ട് നബി(സ) തിരുമേനി ബനൂളംറ ഗോത്രത്തിന്റെ റഈസുമായി സംസാരിച്ചു. പരസ്പരം ഇഷ്ടത്താൽ ഒരു ഉടമ്പടി ചെയ്തു. അതിന്റെ നിബന്ധനകൾ ഇപ്രകാരമായിരുന്നു. ബനൂളംറായെ മുസ്ലിമീങ്ങളെ സഹായിക്കാൻ വിളിച്ചാൽ ക്ഷണത്തിൽ വന്നെത്തുന്നതായിരിക്കും. മറുഭാഗത്ത് അവിടന്ന് മുസ്ലിമീങ്ങൾക്കായി ഇങ്ങനെ ഉടമ്പടി ചെയ്തു. എല്ലാ മുസ്ലിമീങ്ങളും ബനൂളംറ ഗോത്രത്തിനോടൊപ്പം സുഹൃത്പരമായ ബന്ധങ്ങൾ പുലർത്തുന്നതായിരിക്കും. ആവശ്യം വരുന്ന നേരത്ത് അവരെ സഹായിക്കുന്നതായിരിക്കും. ഒരു ഉടമ്പടി ഔദ്യോഗികമായി എഴുതപ്പെട്ടു. ഇരുകക്ഷികളും അതിൽ ഒപ്പിട്ടു. 15 ദിവസത്തിനുശേഷം നബി(സ)തിരുമേനി തിരിച്ചുവന്നു. 'വദ്ദാൻ ഗസ്വ'യുടെ രണ്ടാമത്തെ നാമം 'ഗസ്വ അബ്വാഅ്' എന്നുമുണ്ട്. കാരണം വദ്ദാനടുത്തുതന്നെയാണ് അബ്വാഅ് എന്ന സ്ഥലവും. ഇവിടെയാണ് നബി(സ) തിരുമേനിയുടെ വന്ദ്യമാതാവ് ഹദ്റത്ത് ആമിന വഫാത്തായത്. ചരിത്രകാരന്മാർ എഴുതുന്നു: നബി(സ)തിരുമേനിക്ക് ഈ യുദ്ധത്തിൽ ബനൂളംറയോടൊപ്പം മക്കയിലെ ഖുറയ്ശികളുടേയും ചിന്തയുണ്ടായിരുന്നു. അതിന്റെ ഉദ്ദേശ്യം യഥാർഥത്തിൽ അവിടത്തെ ഈ നടപടി ഖുറയ്ശികളുടെ ഭയാനകമായ നടപടികളെ തകർക്കുക എന്നതായിരുന്നു. ഖുറയ്ശികളുടെ കച്ചവട സംഘങ്ങൾ മുസ്ലിമീങ്ങൾക്കെതിരെ അറേബ്യൻ ഗോത്രങ്ങളിൽ കുഴപ്പം ഉണ്ടാക്കിക്കൊണ്ടിരുന്നു. ഭയാനക തന്ത്രങ്ങൾ അകറ്റുക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശ്യം. ഖുറയ്ശികൾ മുസ്ലിമീങ്ങൾക്കെതിരിൽ ഗോത്രങ്ങളിൽപോയി പ്രചാരണങ്ങൾ നടത്തിയിരുന്നു. അതുകാരണത്താൽ മുസ്ലിമീങ്ങളുടെ അവസ്ഥ ആ ദിനങ്ങളിൽ വളരെ മോശമായിക്കൊണ്ടിരുന്നു.' (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 327-328)

ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) ബദ്ർ യുദ്ധത്തിൽ പങ്കെടുത്തതിനെ സംബന്ധിച്ച് രണ്ട് അഭിപ്രായം വിവരിക്കപ്പെടുന്നു. വാഖ്ദിയുടേയും മദായിനിയുടേയും ഇബ്നു കൽബീയുടെയും പക്കൽ ഇദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഇബ്നു ഇസ്ഹാഖും ഇബ്നു ഉഖ്ബയും ഇബ്നു സഅ്ദും പറയുന്നത് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല എന്നാണ്.

എന്തായാലും ത്വബഖാത്തുൽ കുബ്റായിലെ ഒരു നിവേദനമനുസരിച്ചുള്ള വിശദീകരണം ഇപ്രകാരമാണ്. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. അദ്ദേഹം പുറപ്പെടാൻ തയ്യാറെടുക്കുകയായിരുന്നു. അൻസ്വാറിന്റെ വീടുകളിൽ പോയി അവരെ പുറപ്പെടാൻ തയ്യാറാക്കുകയായിരുന്നു. പുറപ്പെടുന്നതിനു മുമ്പേ അദ്ദേഹത്തെ നായ കടിച്ചു. അതുകൊണ്ട് അദ്ദേഹത്തിന് ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. നബി(സ)തിരുമേനി പറഞ്ഞു: 'സഅ്ദ് പങ്കെടുത്തിട്ടില്ലെങ്കിലും പങ്കെടുക്കണമെന്ന ആഗ്രഹമുള്ളയാളായിരുന്നു.' നബി(സ) തിരുമേനി ഹദ്റത്ത് സഅ്ദിന് ബദ്ർ യുദ്ധത്തിലെ യുദ്ധമുതലിൽനിന്ന് പങ്ക് നല്കിയിരുന്നു.

ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) ഉഹുദ്, ഖൽദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. (അൽഇസ്തീആബ്, വാള്യം 2, പേജ് 594, സഅ്ദ് ബിൻ ഉബാദ(റ), പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)(അത്ത്വബക്കാത്തുൽ കുബ്റ ലിഇബ്നി സഅ്ദ് വാള്യം 3, പേജ് 461, സഅ്ദ് ബിൻ ഉബാദ(റ), ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 1990)(സയ്റുസ്സ്വഹാബ വാള്യം 3, പേജ് 377, സഅ്ദ് ബിൻ ഉബാദ(റ), പ്രസാധകർ ദാറുൽ ഇശാഅത്ത് കറാച്ചി 2004)

ഇങ്ങനേയും ഒരു നിവേദനമുണ്ട്. അൻസ്വാറിന്റെ പതാക ബദ്ർയുദ്ധ ദിവസം ഹദ്റത്ത്


**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

സഅ്ദ് ബിൻ ഉബാദ(റ)യുടെ കൈയിലായിരുന്നു. ഇത് അൽമുസ്തദർക്കിന്റെ നിവേദനമാണ്. (അൽമുസ്തദർക് അലസ്സഹീഹയൻ, വാള്യം 3, പേജ് 282, കിതാബു മഅ്രിഫത്തുസ്സഹാബ, ബാബു ദിക്റു മനാഖിബ്, സഅ്ദ് ബിൻ ഉബാദ(റ), ഹദീഥ് 5096, ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 2002)

ബദ്ർ യുദ്ധത്തിന് പുറപ്പെടുന്ന സമയത്ത് ഹദ്റത്ത് സഅദ് ബിൻ ഉബാദ(റ) 'അള്ബ' എന്നു പേരുള്ള വാൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ പരിതോഷികമായി നൽകി. നബി(സ)തിരുമേനി ആ വാളുമായാണ് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തത്.(സുബുലുൽഹുദാ വർറശാദ് വാള്യം 4, പേജ് 24, ബാബ് ഗസ്വത്തു ബദ്റുൽകുബ്റാ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യാ 1993)നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഒരു കഴുതയും ഹദ്റത്ത് സഅദ് ബിൻ ഉബാദ(റ)ഉപഹാരമായി സമർപിച്ചിരുന്നു.(സുബുലുൽഹുദാ വർറശാദ് വാള്യം 7, പേജ് 406, ബാബ് ഗസ്വത്തു ബദ്റുൽകുബ്റാ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 1993)

നബി(സ)ത്രിമേനിയുടെ പക്കൽ ഏഴ് പടച്ചട്ട ഉണ്ടായിരുന്നു. അതിൽ ഒന്നിന്റെ പേര് 'ദാത്തുൽ ഫുളൂൽ' എന്നായിരുന്നു. അതിന്റെ നീളം കാരണത്താലാണ് അതിന് ആ പേരു നല്കപ്പെട്ടത്. അത് ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ), നബി(സ)തിരുമേനി ബദ്റിലേക്ക് പുറപ്പെട്ടു കഴിഞ്ഞതിനുശേഷമാണ് നബിയുടെ സന്നിധിയിൽ കൊടുത്തുവിട്ടത്. ഇരുമ്പുകൊണ്ടുള്ളതായിരുന്നു ഇത്. ഈ പടച്ചട്ടയായിരുന്നു നബി(സ)ത്രിമേനി 'അബുശഹ്മ്' എന്നു പേരുള്ള യഹൂദിയുടെ അടുത്ത് 30 സ്വാഅ് യവത്തിന് ഒരു വർഷത്തെ കാലയളവിൽ പണയം വെച്ചിരുന്നത്. (സുബുലുൽഹുദാ വർറശാദ് വാള്യം 7, പേജ് 368, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 1993)

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നിവേദനം: 'നബി(സ)തിരുമേനിയുടെ പതാക ഹദ്റത്ത് അലിയുടെ കൈയിലായിരുന്നു. അൻസ്വാറിന്റെ പതാക ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടെ കൈകളിലാണ് ഉണ്ടായിരുന്നത്. യുദ്ധം തീക്ഷ്ണമായപ്പോൾ 'നബി(സ)തിരുമേനി അൻസ്വാറിന്റെ പതാകക്ക് കീഴിൽ ആയിരിക്കും.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം1, പേജ് 917, മുസ്നദ് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ), ഹദീഥ് 3486, പ്രസാധകർ ആലമുൽകുതുബ് ബേറൂത്ത് 1998)

അതായത് ശത്രുക്കളുടെ അധിക ശക്തിയും അൻസ്വാറിന്റെ നേരെയായിരുന്നു. കാരണം നബി(സ)തിരുമേനി അവിടെയാണുണ്ടായിരുന്നത്.

ഹദ്റത്ത് ഉസാമ ബിൻ സയ്ദ് നിവേദനം: നബി(സ)തിരുമേനി ഒരു കഴുത പുറത്ത് യാത്ര പുറപ്പെട്ടു. അതിൽ ഫദക്കിൽ ഉണ്ടാക്കിയ കമ്പിൾ ഇട്ടിട്ടുണ്ടായിരുന്നു. അവിടന്ന് ഹദ്റത്ത് ഉസാമ ബിൻ സയ്ദിനെ പിന്നിലിരുത്തി. ഹദ്റത്ത് സഅദ് ബിൻ ഉബാദയെ കാണാൻ പോകുകയായിരുന്നു. അദ്ദേഹത്തിന് ആയിടയ്ക്ക് രോഗം ബാധിച്ചിരുന്നു. അദ്ദേഹം ബനൂ ഹാരിഥ് ബിൻ ഖസ്റജിന്റെ മഹല്ലിലായിരുന്നു ഉണ്ടായിരുന്നത്. ഇത് ബദ്ർ യുദ്ധത്തിനു മുമ്പേയുള്ള സംഭവമാണ്. ഹദ്റത്ത് ഉസാമ(റ)പറയാറുണ്ടായിരുന്നു. അങ്ങനെ സഞ്ചരിച്ച് അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂലുണ്ടായിരുന്ന ഒരു സഭയുടെ അടുത്തുടെ പോയി. ഇത് അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂൽ ഇസ്ലാം സ്വീകരിക്കുന്നതിനു മുമ്പേയുള്ള സംഭവമാണ്. അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂൽ, നബി(സ) തിരുമേനിയോടു അപമര്യാദ കാണിച്ച അതേ സംഭവമാണിത്.

നബി(സ)തിരുമേനിയുടെ വാഹനം കാരണം പൊടിയും മണ്ണും പാറിയപ്പോൾ –ആ ആളുകൾ വഴിയരുകിലായിരിക്കും ഇരുന്നിട്ടുണ്ടാകുക– അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ തന്റെ പുതപ്പുകൊണ്ട് മൂക്ക് പൊത്തി പറഞ്ഞു: 'ഞങ്ങളുടെമേൽ പൊടിപാറിക്കാതിരിക്കൂ.' നബി(സ)തിരുമേനി അവരോട് അസ്സലാമു അലയ്ക്കും പറയുകയും നില്ക്കുകയും ചെയ്തു. അയാൾ ഇക്കാര്യം പറഞ്ഞപ്പോൾ നബി(സ)തിരുമേനി തന്റെ വാഹനം നിറുത്തി. അസ്സലാമു അലയ്ക്കും പറഞ്ഞുകൊണ്ട് കഴുതപ്പുറത്തുനിന്നിറങ്ങി. അവിടന്ന് അവരെ അല്ലാഹുവിലേക്കു ക്ഷണിക്കുകയും വിശുദ്ധ ഖുർആൻ ഓതി കേൾപ്പിക്കുകയും ചെയ്തു. പറഞ്ഞു: 'ഞങ്ങളുടെ സദസ്സുകളിൽ വന്നു ഞങ്ങളെ ബുദ്ധിമുട്ടിക്കരുത്. നിങ്ങളുടെ സങ്കേതത്തിലേക്ക് തന്നെ തിരിച്ചുപോവുക.–ഇത് ഹ്രസ്വമായി മുമ്പേപറഞ്ഞിട്ടുള്ളതാണ്– എന്നിട്ട് ആരാണോ നിങ്ങളുടെ അടുത്തു വരുന്നത് അവർക്ക് ഇത് വിവരിച്ചു കൊടുക്കുക.' ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയും അവിടെ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം ഇത് കേട്ടു പറഞ്ഞു: 'അങ്ങനെയല്ല. യാ റസൂലല്ലാഹ്! താങ്കൾ ഞങ്ങളുടെ സദസ്സുകളിൽ വന്ന് ഞങ്ങൾക്ക് ഓതികേൾപ്പിച്ചു തന്നാലും. ഞങ്ങൾക്ക് ഇക്കാര്യം ഇഷ്ടമാണ്. അപ്പോൾ മുസ്ലിമീങ്ങളും മുശ്രിക്കുകളും യഹൂദികളും പരസ്പരം പഴി പറയാൻ തുടങ്ങി. പരസ്പരം ആക്രമിക്കുന്നതിന്റെ വക്കോളമെത്തി. എന്നാൽ, നബി(സ) തിരുമേനി അവരുടെ വികാരാവേശത്തെ ഒതുക്കി. അതിനുശേഷം അവിടന്ന് സഅ്ദ് ബിൻ ഉബാദയുടെ അടുത്ത് ചെന്നു. നബി(സ)തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: സഅ്ദേ! അബൂ ഹബ്ബാബ് പറഞ്ഞത് താങ്കൾ കേട്ടില്ലേ? നബി(സ)തിരുമേനി ഉദ്ദേശിച്ചത് അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂലിനെയായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'അയാൾ എന്നെ ഇങ്ങനെയൊക്കെ പറഞ്ഞു.' ഹദ്റത്ത് സഅദ് ബിൻ ഉബാദ(റ)പറഞ്ഞു: 'യാ റസൂലല്ലാഹ്! താങ്കൾ അയാൾക്ക് മാപ്പ് നൽകിയാലും. വിട്ടുവീഴ്ച്ച ചെയ്താലും. അങ്ങയുടെ മേൽ ഗ്രന്ഥമിറക്കിയ ആ സത്തയെക്കൊണ്ടു സത്യം! അല്ലാഹു അങ്ങയിൽ ഇറക്കിയ ആ സത്യം ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്നു. ഈ നാട്ടുകാർ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനെ തങ്ങളുടെ നേതൃത്വ പട്ടം അണയിച്ച് തലപ്പാവ് അയാളുടെ തലയിൽക്കെട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. എന്നാൽ, അല്ലാഹു അങ്ങയ്ക്ക് പ്രദാനം ചെയ്ത ഈ സത്യം കാരണത്താൽ അയാൾ അസൂയയുടെ അഗ്നിയിൽ വെന്തെരിയുകയാണ്. അതുകൊണ്ടാണ് അങ്ങയോടു കണ്ടതൊക്കെ അയാൾ ചെയ്തത്.' അതായത് അയാൾ നേതാവാകാൻ പോകുകയായിരുന്നു. അങ്ങ് വന്നതോടെ അതില്ലാതായി. അതുകൊണ്ട് അയാൾക്ക് അസൂയയാണ്. അങ്ങയോടു ദ്വേഷമാണ്. അതുകൊണ്ടാണ് അയാൾ ഇതെല്ലാം പറഞ്ഞത്. ഇത് കേട്ട് നബി(സ)തിരുമേനി അയാളോടു വിട്ടുവീഴ്ച ചെയ്തു. നബി(സ)തിരുമേനിയും അവിടത്തെ സ്വഹാബത്തും അന്യാരാധകരോടും ഗ്രന്ഥാനുസരികളോടും അല്ലാഹു കല്പിച്ചതുപോലെ വിട്ടു വീഴ്ച ചെയ്യാറുണ്ടായിരുന്നു. അവരുടെ പീഢനങ്ങളിൽ ക്ഷമകൈക്കൊണ്ടു. അല്ലാഹു പറയുന്നു:

*ല തുബ്ലവുന്ന ഫീ അംവാലിക്കും വ അൻഫുസിക്കും വ ലതസ്മഉന്ന മിനല്ലദീന ഊത്തുൽകിതാബ മിൻഖബ്ലിക്കും വ മിനല്ലദീന അശ്റക്കൂ അദൻ കഥീറൻ വ യിൻ തസ്ബിറൂ വ തത്തഖൂ ഫ ഇന്ന ദാലിക്ക മിൻ അസ്മിൽ ഉമൂർ*

നിങ്ങളുടെ സമ്പത്തുകളിലും ആളുകളിലും തീർച്ചയായും നിങ്ങൾ പരീക്ഷിക്കപ്പെടുകയും നിങ്ങൾക്കു മുമ്പേ ഗ്രന്ഥം നൽകപ്പെട്ടവരിൽനിന്നും അന്യാരാധകരിൽനിന്നും വളരെയേറെ ഉപദ്രവവാക്കുകൾ കേൾക്കുകയും ചെയ്യുന്നതാണ്. നിങ്ങൾ സഹനം കൈക്കൊള്ളുകയും സൂക്ഷ്മതപാലിക്കുകയും ചെയ്യുകയാണെങ്കിൽ അത് നിശ്ചയദാർഢ്യപരമായ കാര്യങ്ങളിൽപ്പെട്ടതാണ്.(3:187)

പിന്നീട് അല്ലാഹു പറഞ്ഞു: *വദ്ദ കഥീറുൻ മ്മിൻ അഹ്ലിൽകിതാബി ലൗ യറുദ്ദൂനക്കും മ്മിൻ ബഅ്ദി ഈമാനിക്കും കുഫ്ഫാറൻ ഹസദൻ മ്മിൻ ഇൻദി അൻഫുസിഹിം മ്മിൻ ബഅ്ദി മാ തബയ്യന ലഹുമുൽഹഖ്ഖു ഫഅ്ഫൂ വസ്ഫഹൂ ഹത്താ യഅ്തിയല്ലാഹു ബി അംരിഹീ ഇന്നല്ലാഹ അലാകുല്ലി ശയ്ഇൻ ഖദീർ*

വേദക്കാരിൽ ബഹുഭൂരിഭാഗവും അവർക്ക് സത്യം വ്യക്തമായി കഴിഞ്ഞിട്ടും അവരുടെ ഉള്ളിലെ അസൂയ നിമിത്തം, നിങ്ങളെ നിങ്ങളുടെ വിശ്വാസത്തിനുശേഷം നിഷേധികളാക്കി മാറ്റാനാഗ്രഹിക്കുന്നു. അല്ലാഹു തന്റെ വിധി നടപ്പിൽവരുത്തുന്നതുവരെ നിങ്ങൾ(അവരോടു)പൊറുക്കുകയും ക്ഷമിക്കുകയും ചെയ്യുക. നിശ്ചയമായും അല്ലാഹു സർവകാര്യത്തിനും പൂർണമായും കഴിവുള്ളവനാകുന്നു(2:110)

നബി(സ)തിരുമേനി മാപ്പുകൊടുക്കുന്നതാണ് നല്ലതെന്ന് മനസ്സിലാക്കിയിരുന്നു; അല്ലാഹു ആ മഹാത്മാവിന് കല്പന നല്കിയിരുന്നതുപോലെ. അവസാനം അല്ലാഹു അവർക്ക് അനുവാദം നല്കി. നബി(സ)തിരുമേനി ബദ്ർ യുദ്ധം നടത്തിയപ്പോൾ ഖുറയ്ശി നേതാക്കന്മാരെ ആ യുദ്ധത്തിൽ അല്ലാഹു വധിച്ചു കളഞ്ഞു. ആ ഘട്ടത്തിൽ അബ്ദുല്ലാഹ് ബിൻ ഉബയ്യും അവനോടൊപ്പമുള്ള മുശ്രിക്കുകളും വിഗ്രഹാരാധകന്മാരും പറഞ്ഞു: 'ഈ പ്രസ്ഥാനം ഏതാണ്ട് വിജയിച്ചു കഴിഞ്ഞു.' അതിനെ തുടർന്ന് അവർ ഇസ്ലാം സ്വീകരിക്കുകയും ഇസ്ലാമിൽ


**ഹദീഥുന്നബ്വി (സ):**

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

**ഹദീസുന്നബ്വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ജീവിച്ച് കൊള്ളാമെന്ന് നബി(സ)തിരുമേനിയ്ക്ക് പ്രതിജ്ഞ നല്കുകയും ചെയ്തു.'(സ്വഹീഹുൽ ബുഖാരി, കിതാബുത്തഫ്സീർ, തഫ്സീർ ആലുഇംറാൻ, ഹദീഥ് 4566)

ബദ്ർയുദ്ധാവസരത്തിൽ നബി(സ)തിരുമേനി, സ്വഹാബാക്കളോട് അഭിപ്രായം ചോദിച്ചപ്പോൾ ആ അവസരത്തിൽ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)പറഞ്ഞതിനെ സംബന്ധിച്ച് ഒരു നിവേദനമുണ്ട്. ഹദ്റത്ത് അനസ്(റ) നിവേദനം:'അബൂസുഫ്യാൻ വരുന്ന വിവരം നബി(സ) തിരുമേനി അറിഞ്ഞപ്പോൾ അവിടന്ന് കൂടിആലോചിച്ചു. നിവേദകൻ പറയുന്നു:ഹദ്റത്ത് അബൂബക്കർ(റ) സംസാരിച്ചു. നബി(സ)തിരുമേനി അതിൽനിന്ന് പിന്മാറി. പിന്നീട് ഹദ്റത്ത് ഉമർ(റ)സംസാരിച്ചു. അഭിപ്രായം പറയാനാഗ്രഹിച്ചു. അവിടന്ന് അദ്ദേഹത്തിൽനിന്നും പിന്മാറി. പിന്നീട് ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)എഴുന്നേറ്റുനിന്നു. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് ഞങ്ങളോട് അഭിപ്രായം ചോദിച്ചിരിക്കുകയാണ്. ആരുടെ കൈകളിലാണോ എന്റെ ജീവൻ ഇരിക്കുന്നത് ആ അസ്തിത്വത്തെ കൊണ്ടു സത്യം! താങ്കൾ ഞങ്ങളോട് കുതിരയെ കടലിൽ ഇടാൻ പറഞ്ഞാൽ ഞങ്ങൾ ഇടുന്നതായിരിക്കും. അങ്ങ് ഞങ്ങളോടു 'യർക്കുൽഇമാദ്'-യമനിലെ ഒരു നഗരമാണ്, മക്കയിൽനിന്ന് അഞ്ചു രാത്രിയുടെ ദൂരത്താണ് അത് സ്ഥിതി ചെയ്യുന്നത്-യർക്കുൽ ഇമാദിൽപോയി യുദ്ധം ചെയ്യാൻ പറഞ്ഞാൽ ഞങ്ങൾ അങ്ങനെ തീർച്ചയായും ചെയ്യും. നിവേദകൻ പറയുന്നു: നബി(സ)തിരുമേനി ആളുകളെ വിളിക്കുകയും അവിടെ നിന്ന് പുറപ്പെടുകയും ചെയ്തു. ഏതുവരെ എന്നാൽ, ബദറിൽ ഇറങ്ങി.' ഇക്കാര്യം കേട്ട് പിന്നീട് നബി(സ)തിരുമേനി തന്റെ കൂട്ടുകാരേയും കൂട്ടി ബദ്ർ എന്ന സ്ഥലംവരെ എത്തി. അവിടെ ഖുറയ്ശിലെ വെള്ളം കൊണ്ടുവരുന്നവർ വന്നു. അവരിൽ ബനൂഹജ്ജാജിന്റെ ഒരു കറുത്ത നിറമുള്ള കുട്ടിയുമുണ്ടായിരുന്നു. അവർ അവനെ പിടിച്ചു. അതായത് മുസ്‌ലിമീങ്ങൾ അവനെ പിടിച്ചു. നബി(സ)തിരുമേനിയുടെ സ്വഹാബത്ത് അവനോടു അബൂസുഫ്യാനെ കുറിച്ചും അയാളുടെ കൂട്ടുകാരെ കുറിച്ചും ചോദിച്ചുകൊണ്ടിരുന്നു. കാരണം ആദ്യമെതന്നെ അബൂസുഫ്യാൻ വലിയൊരു സൈന്യവുമായി അല്ലെങ്കിൽ സംഘവുമായി വരുന്നുണ്ടെന്ന വിവരം ലഭിച്ചിരുന്നു. എന്തായാലും അവനോടു അബൂസുഫ്യാനെ കുറിച്ച് അവർ ചോദിച്ചു കൊണ്ടിരുന്നു. അവൻ ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു. എനിക്ക് അബൂ സുഫ്യാനെ കുറിച്ച് അറിയില്ല. പക്ഷേ, അബൂജഹൽ, ഉത്ബ, ശയ്ബ, ഉമയ്യ ബിൻ ഖൽഫ് എന്നിവരുണ്ട്. ഇവർ തീർച്ചയായും ഇവിടെ ഇരിപ്പുണ്ട്. അബൂജഹ്‌ലുമുണ്ട്. ഉത്ബയുമുണ്ട്. ശയ്ബയുമുണ്ട്. ഉമയ്യബിൻ ഖൽഫുമുണ്ട്. അവൻ ഇങ്ങനെ പറഞ്ഞപ്പോൾ അവർ അവനെ അടിച്ചു. അവൻ പറഞ്ഞു. ശരി ഞാൻ നിങ്ങളോടു പറയുകയാണ്. ഇതാണ് അബൂസുഫ്യാൻ. അതായത് അബൂസുഫ്യാനും അവരിലുണ്ടായിരുന്നു. അവർ അവനെ വിട്ടപ്പോൾ, അവനോടു വീണ്ടും ചോദിച്ചപ്പോൾ അവൻ പറഞ്ഞു. എനിക്ക് അബൂസുഫ്യാനെ കുറിച്ച് അറിയില്ല. പക്ഷേ, ഈ അബൂജഹ്‌ലും ഉത്ബയും ശയ്ബയും ഉമയ്യ് ബിൻ ഖൽഫും അവരിലുണ്ടായിരുന്നു. ആ വന്നിട്ടുള്ള സംഘത്തിൽ അല്ലെങ്കിൽ ബദ്റിന്റെ അടുത്ത് തമ്പടിച്ചിരിക്കുന്ന സൈന്യത്തിൽ ഈയാളുകൾ ഉണ്ടായിരുന്നു. പക്ഷേ, അബൂ സുഫ്യാൻ ഉണ്ടായിരുന്നില്ല. അവൻ അങ്ങനെ പറഞ്ഞപ്പോൾ അവർ അവനെ അടിച്ചു. നബി(സ) തിരുമേനി ആ നേരത്ത് നമസ്കരിക്കുകയായിരുന്നു. ഈ അവസ്ഥ അവിടന്ന് കണ്ടപ്പോൾ സലാം ചൊല്ലി പറഞ്ഞു. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! അവൻ നിങ്ങളോടു സത്യം പറയുമ്പോൾ നിങ്ങൾ അവനെ അടിക്കുന്നു. അവൻ നിങ്ങളോടു കളവ് പറയുമ്പോൾ നിങ്ങൾ അവനെ വിടുന്നു. നിവേദകൻ പറയുന്നു. ഈ കുട്ടി പറയുന്നത് ശരിയാണെന്ന് നബി(സ) തിരുമേനി പറഞ്ഞു.

പിന്നീട് നബി(സ)തിരുമേനി പറഞ്ഞു: 'ഇത് ഇന്ന എതിരാളി വീഴുന്ന സ്ഥലമാണ്. അതായത് ശത്രുക്കളുടെ പേരെടുത്ത് പറഞ്ഞു. പറഞ്ഞു: ഇത് ബദ്റിന്റെ മൈതാനമാണ്. ഇവിടെ ഇന്നവൻ വീഴുന്നതായിരിക്കും. നിവേദകൻ പറയുന്നു: അവിടന്ന് തന്റെ കൈ 'ഇവിടെ ഇവിടെ' എന്നു പറഞ്ഞു താഴെ വെച്ചിരുന്നു. നിവേദകൻ പറയുന്നു:അവരിൽ ഒരാളും തന്റെ സ്ഥലത്തുനിന്ന് അങ്ങോട്ടോ ഇങ്ങോട്ടോ മാറിയില്ല. അതായത് ശത്രു നബി(സ)തിരുമേനി തൊട്ടു കാണിച്ച അതേ സ്ഥലത്ത് അങ്ങോട്ടോ ഇങ്ങോട്ടോ മാറാതെ വധിക്കപ്പെട്ട് വീണു. (സ്വഹീഹ് മുസ്‌ലിം, കിതാബുൽ ജിഹാദ് വസ്സയ്ർ ബാബ് ഗസ്‌വത്തു ബദ്ർ, ഹദീഥ് 1779) (ഫർഹങ്കെ സീറത്ത് പേജ് 57, പ്രസാധകർ സവാർ അക്കാഡമി കറാച്ചി 2003)

ഉഹുദ് യുദ്ധത്തിനുമുമ്പേ ഒരു വെള്ളിയാഴ്ച്ച ദിവസം വൈകുന്നേരം മുതൽ രാവിലെവരെ മസ്ജിദ് നബ്‌വിയിൽ നബി(സ)തിരുമേനിയുടെ വാതിൽക്കൽ ഹദ്റത്ത് സഅ്ദ് ബിൻ മുആദ്, ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ, ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ എന്നിവർ ആയുധങ്ങൾ അണിഞ്ഞ് രാവിലെവരെ കാവൽ നിന്നു. ഉഹുദ് യുദ്ധത്തിന് നബി(സ)തിരുമേനി മദീനയിൽനിന്ന് പുറപ്പെടാൻ തുടങ്ങുകയും അവിടന്ന് തന്റെ കുതിരപ്പുറത്ത് യാത്രയാകുകയും വില്ല് തോളിലിടുകയും കുന്തം തന്റെ കൈയിലെടുക്കുകയും ചെയ്തപ്പോൾ രണ്ടു സഅ്ദുമാരും അതായത് ഹദ്റത്ത് സഅ്ദ് ബിൻ മുആദും ഹദ്റത്ത് സഅദ് ബിൻ ഉബാദയും അങ്ങേക്ക് മുമ്പിൽ ഓടാൻ തുടങ്ങി. ഈ രണ്ടുസ്വഹാബിമാരും പടച്ചട്ട അണിഞ്ഞിരുന്നു. മറ്റുള്ളവർ നബി(സ) തിരുമേനിയുടെ വലത്തും ഇടത്തുമായിരുന്നു. (അത്ത്വബ്ക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാല്യം 2, പേജ് 28-30, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യാ ബേറൂത്ത് 1990)

ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) ഉഹുദ് യുദ്ധത്തിന്റെ അവസ്ഥകൾ വിവരിച്ചുകൊണ്ട് എഴുതുന്നു: നബി(സ)തിരുമേനി സ്വഹാബത്തിന്റെ വലിയൊരു സംഘത്തോടൊപ്പം അസ്ർ നമസ്കാരത്തിനുശേഷം മദീനയിൽനിന്ന് പുറപ്പെട്ടു. ഔസ് ഖസ്റജ് ഗോത്രത്തിന്റെ നേതാക്കൾ സഅ്ദ് ബിൻ മുആദും സഅ്ദ് ബിൻ ഉബാദയും നബി(സ)തിരുമേനിയുടെ വാഹനത്തിന്റെ മുന്നിൽ പതുക്കെപ്പതുക്കെ ഓടിക്കൊണ്ടിരുന്നു. ബാക്കിയുള്ള സ്വഹാബത്ത് അവിടത്തെ ഇടത്തും വലത്തും പിന്നിലുമായി നടക്കുകയായിരുന്നു. (സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ(റ), പേജ് 486)

ഉഹുദ് യുദ്ധത്തിന്റെ അവസരത്തിൽ നബി(സ) തിരുമേനിയുടെ അടുത്ത് അടിയുറച്ച് നിന്ന സ്വഹാബാക്കളിൽ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയും ഉണ്ടായിരുന്നു.(സുബുലുൽഹുദാ വർറശാദ് വാല്യം 4, പേജ് 197, പ്രസാധകർ ദാറു ൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 1993)

ഉഹുദ് യുദ്ധത്തിൽനിന്ന് നബി(സ)തിരുമേനി മദീനയിൽ തിരിച്ച് എത്തുകയും തന്റെ കുതിരപ്പുറത്തുനിന്നിറങ്ങി ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെയും സഅ്ദ് ബിൻ ഉബാദയുടെയും സഹായത്താൽതന്റെ വീട്ടിൽ പ്രവേശിക്കുകയും ചെയ്തു.(സുബുലുൽഹുദാ വർറശാദ് വാല്യം 4, പേജ് 229, ബാബ് ഗസ്‌വത്തു ഉഹുദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 1993)നബി(സ)തിരുമേനിക്ക് പരിക്കേറ്റിരുന്നു. ആ അവസ്ഥയിൽ അവിടന്ന് ഇറങ്ങിയത് അവരിരുവരുടേയും സഹായത്താലായിരുന്നു.

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് നിവേദനം: 'ഹംറാഉൽ അസദ്' യുദ്ധത്തിൽ ഞങ്ങളുടെ പൊതുവിലുള്ള പാഥേയം ഈന്തപ്പഴം ആയിരുന്നു. 'ഹംറാഉൽ അസദ്' യുദ്ധം ഹിജ്റ 3 ശവ്വാൽ മാസത്തിലാണ് നടന്നത്. ഉഹുദു യുദ്ധത്തിൽനിന്ന് മടങ്ങിവരുമ്പോൾ ഖുറയ്ശികൾ 'റൗഹാഅ്' എന്ന സ്ഥലത്ത് തങ്ങി. അത് മദീനയിൽനിന്ന് 36 മൈൽ ദൂരത്താണ്. അവിടെ വച്ച് മുസ്‌ലിമീങ്ങൾക്ക് ഒരുപാട് നഷ്ടമുണ്ടായിട്ടുണ്ടെന്നും തിരിച്ചെത്തിയാൽ മദീനയുടെമേൽ മിന്നൽ ആക്രമണം നടത്തണമെന്നും ഖുറയ്ശികൾ വിചാരിച്ചു. മുസ്‌ലിമീങ്ങൾക്കു പോരാടാൻ കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ അവർക്ക് മതിയാവോളം നഷ്ടമുണ്ടായികഴിഞ്ഞിട്ടുണ്ട്. ഇവിടെ നബി(സ)തിരുമേനി ഖുറയ്ശികളെ പിന്തുടർന്ന് പുറപ്പെട്ടു. 'ഹംറാ ഉൽ അസ്ദ്' എന്ന സ്ഥലംവരെ എത്തി. ഇതാണ് തീരുമാനമെന്ന് നബി(സ)തിരുമേനി അറിഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു. പോകുക! നമുക്ക് അവരെ പിടിക്കാൻ അവരുടെ പിന്നാലെ പോകാം. ഹംറാ ഉൽഅസദ് മദീനയിൽനിന്ന് ദുൽഹുലയ്ഫായുടെ ഭാഗത്ത് 8 മൈൽ അകലത്താണ്. ഖുറയ്ശി സൈന്യത്തിന് നബി(സ)തിരുമേനിയുടെ ഈ വിവരം കിട്ടിയപ്പോൾ അവർ മക്കയിലേക്ക് ഓടിപ്പോയി. മുസ്‌ലിമീങ്ങൾ ക്ഷീണിതരാകുന്നതിനു പകരം തങ്ങളുടെമേൽ ആക്രമണം നടത്താൻ വരുന്നുവെന്ന്കണ്ട് അവർ ഓടിപ്പോയി.

ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) 30 ഒട്ടകവും ഈന്തപ്പഴങ്ങളും കൊണ്ടുവന്നു. അത് ഹംറാഉൽ അസദ് സ്ഥലത്തെത്തുന്നതുവരെ ഞങ്ങൾക്ക് മതിയായതായിരുന്നു. നിവേദകൻ എഴുതിയിരിക്കുന്നു: 'അദ്ദേഹം ഒട്ടകവും കൊണ്ടുവന്നിരുന്നു. അത് ചില ദിവസം രണ്ടും ചില ദിവസം മൂന്നുമായി അറുക്കുമായിരുന്നു.

## അല്ലാഹുവിന്റെ കലാം

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

## കലാമുൽ ഇമാം:-

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

(സുബുലുൽഹുദാ വർറശാദ് വാള്യം 4, പേജ് 310, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 1993)(ഫർഹങ്കെ സീറത്ത് പേജ് 106, പ്രസാധകർ സവാർ അക്കാഡമി കറാച്ചി 2003)(സീറത്തു ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ്(റ)പേജ് 354)(ശറഹുസ്സുർഖാനീ വാള്യം 2, പേജ് 464, ബാബ് ഗസ്വത്ത് ഹംറഉൽഅസദ് പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 1996) അവ കഴിക്കുകയും ചെയ്യുമായിരുന്നു.

ബനു നദീർ യുദ്ധം ഹിജ്റ 4 റബീഉൽ അവ്വൽമാസത്തിലാണ് നടന്നത്. നബി(സ)തിരുമേനി യഹൂദികളുടെ ബനു നദീർ ഗോത്രത്തിന്റെ കോട്ടകൾ 15 ദിവസംവരെ ഉപരോധിച്ചു. അവിടന്ന് അവരെ ഖയ്ബറിലേക്ക് നാടു കടത്തി. ആ അവസരത്തിൽ യുദ്ധമുതൽ ലഭിച്ചപ്പോൾ അവിടന്ന് ഹദ്റത്ത് ഥാബിത്ത് ബിൻ ഖയ്സിനെ വിളിച്ചുകൊണ്ട് പറഞ്ഞു: 'എന്റെ അടുത്ത് നിങ്ങളുടെ ജനതയെ വിളിക്കുക. അങ്ങനെ അദ്ദേഹം ഔസ് ഖദ്റജ് ഗോത്രങ്ങളെ നബി(സ)തിരുമേനിയുടെ അടുത്തേക്ക് വിളിച്ചു. നബി(സ)തിരുമേനി അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്തു. പിന്നീട് അവിടന്ന് മുഹാജിറുകളോട് അൻസ്വാർ കാണിച്ച ഔദാര്യത്തെ കുറിച്ച് പരാമർശിച്ചു. നിങ്ങളെങ്ങനെയാണ് മുഹാജിറുകളോടു നന്മ ചെയ്തത്;നിങ്ങൾ അവരെ നിങ്ങളുടെ വീട്ടിൽ താമസിപ്പിച്ചു. നിങ്ങളെക്കാൾ അവരെ നിങ്ങൾ മുന്തിച്ചു. പിന്നീട് നബി(സ)തിരുമേനി പറഞ്ഞു: 'അഥവാ നിങ്ങൾ ഇഷ്ടപ്പെടുകയാണെങ്കിൽ ഞാൻ ബനുനദീറിൽനിന്ന് ലഭിച്ച ധനം നിങ്ങളിലും മുഹാജിറുകളിലും തുല്യമായി വിതരണം ചെയ്യാം. അങ്ങനെയെങ്കിൽ മുഹാജിറുകൾ മുമ്പേയുള്ളതുപോലെ തന്നെ നിങ്ങളുടെ വീടുകളിലും നിങ്ങളുടെ ധനത്തിലും കഴിഞ്ഞ് കൂടുന്നതായിരിക്കും. അഥവാ നിങ്ങൾ ഇഷ്ടപ്പെടുകയാണെങ്കിൽ ഞാൻ ഈ ധനം മുഹാജിറുകളിൽ വിതരണം ചെയ്യാം. അതായത് പകുതിപ്പകുതി വിതരണം ചെയ്യുകയാണെങ്കിൽ, ആദ്യം മുഹാജിരീംകളോടു പെരുമാറിയിരുന്നതുപോലെ പെരുമാറിക്കൊള്ളുക. നിങ്ങളുടെ വീടുകളിൽ അവർ താമസിച്ചുകൊണ്ടു പോകുന്നതായിരിക്കും. സാഹോദര്യം നിലനില്ക്കുന്നതായിരിക്കും. അങ്ങനെ ഈ പരമ്പര നടന്നുപോകുന്നതായിരിക്കും. ഇനി ഈ ധനം മുഹാജിരീംകളിൽ ഞാൻ വിതരണം ചെയ്യണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ അതിന്റെ ഫലമായി അവർ നിങ്ങളുടെ വീടുകളിൽനിന്ന് പുറത്ത് പോകുന്നതായിരിക്കും. മുമ്പേ സ്ഥാപിതമായിട്ടുള്ള ഒരു അവകാശവും അവർക്കുണ്ടായിരിക്കുകയില്ല.

അപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)യും ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)ഉം പറഞ്ഞു: 'യാ റസൂലല്ലാഹ്! താങ്കൾ ഈ ധനം മുഹാജിറുകൾക്ക് ഇടയിൽ വിതരണം ചെയ്താലും. അവർ ഞങ്ങളുടെ വീടുകളിൽ മുമ്പേയുള്ളതുപോലെ കഴിയുന്നയായിരിക്കും. ഞങ്ങൾക്കൊരു ആവശ്യവുമില്ല. അങ്ങ് ഈ എല്ലാ സ്വത്തും അവരിൽ വിതരണം ചെയ്താലും. അൻസ്വാറിന് കൊടുക്കേണ്ട ആവശ്യമില്ല. പക്ഷേ, അവരുടെ അവകാശം അൻസ്വാറും മുഹാജിറും തമ്മിലുണ്ടായതും നിലനിന്നുവരുന്നതുമായ സാഹോദര്യം ഞങ്ങളുടെ വീടുകളിൽ വരാനും പോകാനുമുള്ള അവകാശം അതും അതുപോലെതന്നെ നിലനില്ക്കുന്നതായിരിക്കും. അൻസ്വാർ ഉച്ചത്തിൽ പറഞ്ഞു: 'യാ റസൂലല്ലാഹ്!ഞങ്ങൾ സംതൃപ്തരാണ്. ഞങ്ങളുടെ ശിരസ്സുകൾ പ്രണാമം അർപിക്കുന്നു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹുവേ! അൻസ്വാറിലും അവരുടെ സന്താനങ്ങളിലും കാരുണ്യം വർഷിക്കേണമേ.

ഹദ്റത്ത് സഅ്ദിന്റെ മാതാവ് ഹദ്റത്ത് ഹംറ ബിൻത് മസ്ഊദിന്റെ മരണം നടന്നത്, നബി(സ)തിരുമേനി –അവർ സ്ത്രീ സ്വഹാബിമാരിൽപ്പെട്ടവരായിരുന്നു–'ദൂമത്തുൽജുൻദൽ' യുദ്ധത്തിന് പോയപ്പോളായിരുന്നു. ഈ യുദ്ധം ഹിജ്റ 5 റബിഉൽ അവ്വൽ മാസത്തിലാണ് നടന്നത്. ഈ യുദ്ധത്തിൽ ഹദ്റത്ത് സഅ്ദ് നബി(സ)തിരുമേനിയുടെ സഹയാത്രികനായിരുന്നു.

സയീദ് ബിൻ മുസയ്ബിൽനിന്ന് നിവേദനം: ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടെ മാതാവിന്റെ മരണം നബി(സ)തിരുമേനി മദീനയ്ക്കു വെളിയിലായിരുന്നപ്പോഴാണ് സംഭവിച്ചത്. സഅ്ദ്(റ), നബി(സ)തിരുമേനിയോട് പറഞ്ഞു: 'എന്റെ മാതാവ് വഫാത്തായിരിക്കുന്നു. അങ്ങ് അവരുടെ ജനാസ നമസ്കരിപ്പിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. നബി(സ)തിരുമേനി അവരുടെ ജനാസ നമസ്കരിപ്പിച്ചു. അപ്പോൾ അവർ വഫാത്തായി ഒരു മാസം കഴിഞ്ഞിരുന്നു. ഒരു മാസത്തിനുശേഷമാണ് അവർക്ക് വിവരം കിട്ടിയത്.

ഹദ്റത്ത് ഇബ്നു അബ്ബാസ് നിവേദനം: ഹദ്റത്ത് സഅദ് ബിൻ ഉബാദ(റ), നബി(സ)തിരുമേനിയോടു തന്റെ മാതാവിനുമേലുണ്ടായിരുന്ന ഒരു നേർച്ചയെ സംബന്ധിച്ച് ചോദിച്ചു. അവർ അത് പൂർത്തിയാക്കുന്നതിനുമുമ്പേ വഫാത്തായി. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അവർക്കുവേണ്ടി അത് പൂർത്തിയാക്കുക.'

ഹദ്റത്ത് സയീദ് ബിൻ മുസയ്യിബ് നിവേദനം: ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ), നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അദ്ദേഹം പറഞ്ഞു: 'എന്റെ മാതാവ് വസ്വിയ്യത്ത് ചെയ്തിട്ടില്ല. ഞാൻ അവരുടെ ഭാഗത്തുനിന്ന് സ്വദഖ നല്കുകയാണെങ്കിൽ അത് അവർക്ക് പ്രയോജനം ചെയ്യുമോ?' നബി(സ)തിരുമേനി പറഞ്ഞു: 'പ്രയോജനം ചെയ്യും!' അദ്ദേഹം ചോദിച്ചു: 'ഏതു സ്വദഖയാണ് അങ്ങേക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്?' അവിടന്ന് പറഞ്ഞു: 'വെള്ളം കുടിപ്പിക്കുക.'(അത്ത്വബ്ക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് വാള്യം 3, പേജ് 461–462, സഅ്ദ് ബിൻ ഉബാദ(റ), പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യാ ബേറൂത്ത് 1990)

അക്കാലത്ത് കുടിവെള്ള ക്ഷാമം ഉണ്ടായിരുന്നുവെന്നാണ് തോന്നുന്നത്. വെള്ളത്തിന് ഒരുപാട് ആവശ്യം നേരിട്ടിരുന്നു. എന്തായാലും ഒരു നിവേദനത്തിലുണ്ട് അങ്ങനെ സഅ്ദ് ഒരു കിണർ കുഴിപ്പിച്ചു. എന്നിട്ട് പറഞ്ഞു: 'ഇത് ഉമ്മു സഅ്ദിന് വേണ്ടിയാണ്.' അവരുടെ പേരിൽ അത് തുടക്കം കുറിച്ചു.

നബി(സ)തിരുമേനി ഇപ്പറഞ്ഞത് അതായത് ഏറ്റവും ഉത്തമമായ സ്വദഖ കുടിവെള്ളമാണെന്ന് പറഞ്ഞതിന്റെ കാരണം അക്കാലത്ത് വെള്ളത്തിന് ക്ഷാമം ഉണ്ടായിരുന്നതുകൊണ്ടാണെന്ന് അല്ലാമ അബൂ ത്വയ്യിബ് ശംസുൽ ഹഖ് അളീമാബാദി അബുദാവൂദിന്റെ ശറഹിൽ എഴുതിയിട്ടുണ്ട്. വെള്ളത്തിന്റെ സ്വദഖ ഈ കാരണംകൊണ്ടുമാണ് അവിടന്ന് ശ്രേഷ്ഠമെന്ന് പറഞ്ഞത്. ഇത് ആത്മീയവും ഭൗതീകവും ആയ കാര്യങ്ങളിൽ ഏറ്റവും അധികം പ്രയോജനം ചെയ്യുന്ന വസ്തു എന്ന നിലയ്ക്കുമാണ്. അതുകൊണ്ട് അല്ലാഹു ഈ ആയത്തിൽ ആ നന്മയെ കുറിച്ച് പറഞ്ഞു: വ അൻസൽനാ മിനസ്സമാഇ മാഅൻ ത്വഹൂറാ നാം ആകാശത്തുനിന്ന് പരിശുദ്ധമായ ജലം ഇറക്കിയിരിക്കുന്നു. പ്രത്യേകിച്ച് ഇത്തരത്തിലുള്ള ഉഷ്ണമേഖല പ്രദേശങ്ങളിൽ, മദീനയിലെ ഉഷ്ണത്തിന്റെ കാഠിന്യം, പൊതുവിലുള്ള ആവശ്യങ്ങൾ, വെള്ളത്തിന്റെ ക്ഷാമം എന്നിവകൊണ്ട് വെള്ളം വളരെ വിലപിടിപ്പുള്ളതായി കണക്കാക്കിയിരുന്നു.(അവനുൽ മഅ്ബൂദ് ശറഹ് സുനൻ അബീദാവൂദ് വാള്യം 3, പേജ് 65–66, കിതാബുസ്സക്കാത്ത്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 2002)

വെള്ളം ഇന്നും വിലപിടിപ്പുള്ളതായിട്ടാണ് കണക്കാക്കുന്നത്. അതിനുവേണ്ടി ഭരണകൂടങ്ങളും പറഞ്ഞു കൊണ്ടിരിക്കുന്നു. അതു ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്. എന്തായാലും അദ്ദേഹം അതിൽമാത്രം ഒതുക്കിയില്ല. കിണർ കുഴിച്ചു. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം: ബനൂ സായിദായിൽനിന്നുള്ള ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)യുടെ മാതാവ് വഫാത്തായി. അപ്പോൾ അദ്ദേഹം സ്ഥലത്തുണ്ടായിരുന്നില്ല. അദ്ദേഹം നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ ഉമ്മ വഫാത്തായിരിക്കുന്നു. ഞാനപ്പോൾ അവരുടെ അടുത്തുണ്ടായിരുന്നില്ല.' വന്നതിനുശേഷമായിരിക്കും അറിഞ്ഞിട്ടുണ്ടാകുക. ആദ്യം ഞാൻ യാത്രയിലെന്തോ എന്ന് പറഞ്ഞിരുന്നു. നബി(സ)തിരുമേനിയുടെ അടുക്കൽ അദ്ദേഹം വന്നു. ആ നേരത്ത് പറഞ്ഞു, ഞാൻ അവിടെ ഉണ്ടായിരുന്നില്ല. അദ്ദേഹം ചോദിച്ചു: 'ഞാൻ എന്റെ മാതാവിനു വേണ്ടി എന്തെങ്കിലും സ്വദഖ കൊടുത്താൽ അത് അവർക്ക് പ്രയോജനം ചെയ്യുമോ?' നബി(സ)തിരുമേനി പറഞ്ഞു: 'അതെ.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാൻ അങ്ങയെ സാക്ഷിയാക്കുകയാണ്. എന്റെ തോട്ടം 'മിഖ്റാഫ്' ഉമ്മായ്ക്കുവേണ്ടി ഞാൻ സ്വദഖ നല്കുകയാണ്. (സ്വഹീഹുൽ ബുഖാരി കിതാബുൽവസ്വായ ഹദീഥ് 2762)

സ്വദഖയിലും ദാനധർമത്തിലും ദരിദ്രരെ സഹായിക്കുന്നതിലും തുറന്ന ഹൃദയമായിരുന്നു അദ്ദേഹത്തിന്റേത്. തുറന്ന കൈകളായിരുന്നു. അദ്ദേഹത്തെ കുറിച്ചുള്ള വിവരണം നടന്നുവരുകയാണ്. ഇൻശാ അല്ലാഹ് തുടർന്നും ഉണ്ടാകും.

ബദർ
വീക്കിലി ഖാദിയാൻ
Weekly BADAR Qadian Malayalam
The Weekly BADR Qadian (Malayalam)
https://www.akhbarbadrqadian.in/

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

## ഖുത്ബ ജുമുഅ

**അല്ലാഹുവിനെ സ്നേഹിക്കുന്നവനാണ് സൗഭാഗ്യവാൻ**
**വഖ്ഫെജദീദിന്റെ 62-ാം വർഷത്തിൽ അഖിലലോക അഹ്മദിയ്യാ ജമാഅത്തിന്**
**96 ലക്ഷത്തി നാല്പത്തിമൂവായിരം പൗണ്ടിന്റെ അതുല്യമായ ത്യാഗം.**

കേവലം ധനം സമാഹരിക്കുക എന്നതല്ല ഉദ്ദേശ്യം. പ്രത്യുത അല്ലാഹുവിനോടുള്ള സ്നേഹത്തിനുവേണ്ടി, അവന്റെ ദീനിനുവേണ്ടി ത്യാഗം ചെയ്യലാണ് ഉദ്ദേശ്യം

നവാഗതരായവരെ സാമ്പത്തിക വ്യവസ്ഥിതിയിൽ അല്ലെങ്കിൽ ധനത്യാഗത്തിന്റെ വ്യവസ്ഥിതിയിൽ തീർച്ചയായും ചേർക്കേണ്ടതാണ്.

സാമ്പത്തിക ഞെരുക്കത്തിന്റെ അവസ്ഥകളാവട്ടെ, ദാരിദ്ര്യത്തിന്റെ അവസ്ഥകളാവട്ടെ, അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിന്, അല്ലാഹുവിന്റെ മതത്തിനുവേണ്ടി ധനത്യാഗം ചെയ്യുകയാണെങ്കിൽ അതാണ് യഥാർഥ ത്യാഗം. അത് അല്ലാഹുവിന്റെ സാമീപ്യം നേടുന്നതിനുള്ള മാർഗമായിത്തീരുന്നു.

അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിന് ഏതുരീതിയിലും ത്യാഗത്തിനു സന്നദ്ധരായ ആളുകളെ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കിയിരിക്കുന്നു.

ആത്മാർഥതയോടെ നല്കിയിട്ടുള്ള ഈ നിസാരമായതും അല്ലാഹുവിന്റെ പക്കൽ എങ്ങനെ സ്വീകാര്യമാകുന്നുവെന്നാൽ പല ഇരട്ടി വർധിപ്പിച്ച് അല്ലാഹു അത് തിരിച്ചു നല്കുന്നു.

ഈ സംഭവങ്ങൾ വിവിധ രാജ്യങ്ങളിൽനിന്നുള്ളതാണ്. ചിലത് ആഫ്രിക്കയിൽനിന്നുള്ളതാണ്. ചിലത് അമേരിക്കയിൽ നിന്നുള്ളതാണ്. ചിലത് യൂറോപ്പിൽ നിന്നുള്ളതാണ്. ചിലത് വടക്കുനിന്നുള്ളതാണ്. ചിലത് തെക്കുനിന്നുള്ളതാണ്. പരസ്പരം അവ തമ്മിൽ ഒരു ചേർച്ചയും ബന്ധവുമില്ല. പക്ഷേ, സമ്മിശ്രമായ സംഭവങ്ങളാണ്.

ഇത് ഏതെങ്കിലും യാദൃച്ഛികമായ കാര്യങ്ങളല്ല. അല്ലാഹുവിൽ ഭരമേല്പിക്കുന്നവരുടെ ഈമാൻ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള അവരോടുള്ള അവന്റെ പെരുമാറ്റമാണിത്. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവുമുണ്ട്.

കുട്ടികളോ വലിയവരോ നവഅഹ്മദിയോ പഴയ അഹ്മദിയോ ആരുമാകട്ടെ, അല്ലാഹുവിന്റെ സ്നേഹം പ്രാപിക്കുന്നതിനുള്ള ഒരു മാർഗം അവന്റെ വഴിയിൽ ചെലവഴിക്കുക എന്നതാണെന്നുള്ള ഗ്രാഹ്യം അവർക്കുണ്ട്.

അല്ലാഹു എല്ലാ ത്യാഗങ്ങൾ ചെയ്തവരുടേയും ധനത്തിലും ആയുസ്സിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ.

വഖ്ഫെ ജദീദിന്റെ നവവത്സര വിളംബരത്തിന്റെ അവസരത്തിൽ ലോകം മുഴുവനുമുള്ള അഹ്മദികളുടെ ത്യാഗോജ്ജ്വലമായ സംഭവങ്ങളുടെ മൊത്തത്തിലുള്ള ചർച്ച

വികലമായിക്കൊണ്ടിരിക്കുന്ന ലോകത്തിന്റെ അവസ്ഥ മുന്നിൽകണ്ട് ദുആ ചെയ്യാനുള്ള ഉപദേശവും നവവത്സരാശംസകളും ഒരു അഹ്മദിയുടെ ഉത്തരവാദിത്വത്തെ കുറിച്ചുള്ള വിവരണവും.

**ഖുത്ബ ജുമുഅ 2020 ജനുവരി 03/1400 സ്വുൽഹ് 03**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ്, മോർഡൻ(സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇസ്ലാംമത തത്ത്വജ്ഞാനം എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവത്തെ പ്രാപിക്കുന്നതിനും അവനെ തിരിച്ചറിയുന്നതിനും അവനിലുള്ള വിശ്വാസം ദൃഢഗാഢമാക്കുന്നതിനും അല്ലാഹു വെച്ചിട്ടുള്ള അഷ്ടമാർഗം വിവരിച്ചിരിക്കുന്നു. അതു മനുഷ്യന്റെ സൃഷ്ടിപ്പിനെ പൂർത്തീകരിക്കുന്നതുമാണ്. ഇപ്പോൾ ഞാൻ എന്റെ വിഷയവുമായി ബന്ധപ്പെടുത്തി അതിലെ ഒരു മാർഗത്തെ കുറിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണി സമർപിക്കുന്നതാണ്.

'ഉദ്ദിഷ്ടപ്രാപ്തിക്ക് നിയതമായ അഞ്ചാമത്തെ മാർഗം 'മുജാഹദ' എന്ന ധർമയത്നം ആകുന്നു. അതായത് സ്വന്തം സമ്പാദ്യങ്ങളെ ദൈവമാർഗത്തിൽ വ്യയം ചെയ്തും സ്വശക്തികളെ ദൈവപാതയിൽ വിനിയോഗിച്ചും ജീവനെ ദൈവമാർഗത്തിൽ അർപിച്ചും ബുദ്ധിയേയും ജ്ഞാനവൈഭവത്തേയും ദൈവികധർമത്തിന്റെ സേവനാർഥം ഉപയോഗപ്പെടുത്തിയും ആ സർവൈകകർത്താവിനെ അന്വേഷിക്കുകതന്നെ. അല്ലാഹു വിശുദ്ധ ഖുർആനിൽ കല്പിക്കുന്നതിങ്ങനെയാണ്. *ജാഹിദൂ ബി അംവാലിക്കും വ അൻഫുസിക്കും ഫീ സബിലില്ലാഹി* നിങ്ങൾ നിങ്ങളുടെ ധനംകൊണ്ടും ജീവൻകൊണ്ടും നിങ്ങളുടെ സർവവിധ കഴിവുകളാലും ദൈവമാർഗത്തിൽ പരിശ്രമിക്കുവിൻ. (9:41) വ മിമ്മാ റസഖ്നാഹും യുൻഫിഖൂൻ നാം അവർക്ക് നല്കിയിട്ടുള്ളതിനെ അതായത് ബുദ്ധിശക്തി, ജ്ഞാനം, വിവേചനം, വിദ്യ മുതലായതെല്ലാം നമ്മുടെ വഴിയിൽ വിനിയോഗിക്കുന്നവരത്രെ വിജയികൾ.(2:4) വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലുനാ നമ്മുടെ വഴിയിൽ സർവവിധേനയും പരിശ്രമിച്ചുകൊണ്ടിരിക്കുന്നവർക്ക് നാം നമ്മുടെ മാർഗങ്ങൾ കാണിച്ചുകൊടുക്കുന്നതാണ്.(29:70)(ഇസ്ലാമീ ഉസ്വൂൽ കി ഫിലോസഫി, റൂഹാനീ ഖസാഇൻ വാല്യം 10, പേജ് 418-419)

അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിനുള്ള മാർഗം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു അവസരത്തിൽ പറഞ്ഞു:

"ധനത്തേയും സ്നേഹിക്കുക ദൈവത്തേയും സ്നേഹിക്കുക എന്നത് നിങ്ങൾക്ക് സംഭാവ്യമല്ല. ഒന്നിനെ മാത്രമെ സ്നേഹിക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ട് അല്ലാഹുവിനെ സ്നേഹിക്കുന്നവനാണ് സൗഭാഗ്യവാൻ. ഇനി നിങ്ങളിൽ ആരെങ്കിലും അല്ലാഹുവിനോടുള്ള സ്നേഹത്താൽ അവന്റെ മാർഗത്തിൽ ധനം ചെലവഴിക്കുന്നുവെങ്കിൽ, അവന്റെ ധനത്തിലും മറ്റുള്ളവരെക്കാൾ കൂടുതൽ അനുഗ്രഹം നല്കപ്പെടുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. കാരണം ധനം സ്വയമേവ വരുന്നതല്ല. പ്രത്യുത അല്ലാഹുവി

ന്റെ തീരുമാനത്താലാണ് വരുന്നത്. അതുകൊണ്ട് ആരാണോ അല്ലാഹുവിനുവേണ്ടി ധനത്തിന്റെ കുറച്ചുഭാഗം ഉപേക്ഷിക്കുന്നത് അവൻ തീർച്ചയായും അതിനെ പ്രാപിക്കുന്നതായിരിക്കും. പക്ഷേ, ആരാണോ ധനത്തെ സ്നേഹിച്ച് അല്ലാഹുവിന്റെ മാർഗത്തിൽ സേവനം ചെയ്യേണ്ടതുപോലെ ചെയ്യാത്തത് അവൻ തീർച്ചയായും ആ ധനം കളഞ്ഞുകുളിക്കുന്നതാണ്."(മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 3, പേജ് 497)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'നമ്മുടെ ജമാഅത്തിലെ ഓരോ വ്യക്തിയും താൻ ഇത്ര ചന്ദ നൽകിക്കൊണ്ടിരിക്കുന്നതാണെന്ന് പ്രതിജ്ഞ ചെയ്യേണ്ടതാണ്. അല്ലാഹുവിനുവേണ്ടി ആരാണോ പ്രതിജ്ഞ ചെയ്യുന്നത് അല്ലാഹു അവന്റെ ജീവിത വിഭവത്തിൽ അനുഗ്രഹം നല്കുന്നതാണ്."(മൽഫൂദാത്ത് വാല്യം 6, പേജ് 41)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ ഭാഗത്തേക്ക് ശ്രദ്ധ ക്ഷണിച്ചു: 'അറിവില്ലാത്തവർക്കും പുതിയതായി വരുന്നവർക്കും, ഒന്നും വകവെക്കാതെ നടക്കുന്നവർക്കും,അവഗണിക്കുന്നവർക്കും,–ഇനി ഗണിക്കുന്നവാരണെങ്കിൽത്തന്നെയും ചില ഘട്ടങ്ങളിൽ ത്യാഗം ചെയ്യുന്നതിന്റെ ബോധമുണ്ടാകുകയില്ല–മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. നിങ്ങൾ സത്യസന്ധരാണെങ്കിൽ അല്ലാഹുവിനോടു ഇത്ര ചന്ദ തീർച്ചയായും നല്കുമെന്ന് ഉറച്ച പ്രതിജ്ഞ ചെയ്യുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലക്ഷക്കണക്കിന് ആത്മാർഥരായ ആളുകളുണ്ട്. അവരുടെ ശ്രദ്ധ ചന്ദയുടെ പ്രാധാന്യത്തിലേക്ക് തിരിക്കുമ്പോൾ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിനുവേണ്ടി അവർ ധനത്യാഗകർമത്തിൽ മുന്നേറുന്നതിന് പരിശ്രമിക്കുന്നു. ഈയൊരു കാരണം കൊണ്ടാണ് ഞാൻ കഴിഞ്ഞ കുറച്ചു വർഷങ്ങളായി ജമാഅത്തിന്റെ ഭാരവാഹികളോടു, പുതുതായി വരുന്ന ആളുകളെ അവർക്ക് ഒരു രൂപയാണ് നല്കാൻ സാധിക്കുന്നതെങ്കിലും ധനത്യാഗ പദ്ധതിയിൽ തീർച്ചയായും പങ്കെടുപ്പിക്കുക എന്നു പറഞ്ഞുകൊണ്ടിരിക്കുന്നത്. അവർ അവരുടെ കഴിവനുസരിച്ച് നല്കിയാൽമതി. സാമ്പത്തിക ശേഷിയുള്ള ആളുകൾ അവരുടെ ദരിദ്രരായ ബന്ധുക്കളുടെ ഭാഗത്തുനിന്നും ചന്ദ നൽകുന്നതായി ചില സ്ഥലങ്ങളിൽ കാണാൻ സാധിക്കുന്നു. ഇതു നന്മയെന്നത് ശരി തന്നെയാണ്. എന്നാൽ, അവർ സ്വന്തമായും തങ്ങളുടെ കഴിവ് അനുസരിച്ച് ഇതിൽ പങ്കെടുക്കേണ്ടതാണ്. വെറും ധനം സ്വരുക്കൂട്ടുകയെന്നതല്ല ലക്ഷ്യം; മറിച്ച് അല്ലാഹുവിന്റെ സ്നേഹം നേടിയെടുക്കുന്നതിന് ദീനിനുവേണ്ടി ത്യാഗം വരിക്കുകയെന്നതാണ്. അതുകൊണ്ട് എവിടെയാണ് ജമാഅത്ത് വ്യവസ്ഥിതി ഇത്തരത്തിൽ ചന്ദ വസൂൽ ചെയ്യുന്നത്, അതായത് ആളുകളോട് പറഞ്ഞ് ആരുടെയെങ്കിലും പേരിൽ എഴുതിചേർക്കുക എന്ന കാര്യം തെറ്റാണ്. ചില അവസരങ്ങളിൽ ഇത്തരം കാര്യങ്ങളും എന്റെ അറിവിൽ വരുന്നുണ്ട്.

എന്തായാലും, പൊതുവായ രീതിയിൽ എനിക്ക് കാണാൻ സാധിക്കുന്നത്, എന്നല്ല സാമ്പത്തിക ത്യാഗത്തിന്റെ റിപ്പോർട്ടുകൾ വരുമ്പോൾ പ്രത്യേകമായ നിലയിൽ കാണാൻ സാധിക്കുന്നത് ദരിദ്രരുടെ സാമ്പത്തിക ത്യാഗത്തെ കുറിച്ചാണ് കൂടുതലായും പരാമർശിക്കപ്പെടുന്നത്. ധനത്യാഗത്തിൽ പങ്കെടുക്കണമെന്ന ബോധം അവരിലാണു കൂടുതലായി കാണുന്നത്. ഞാൻ എന്റെ ഖുത്ബകളിൽ അവരെ കുറിച്ച് അധികവും പറയാറുമുണ്ട്. ചിലരുടെ ത്യാഗങ്ങൾ കണ്ട് അത്ഭുതപ്പെട്ടുപോകുകയാണ്. ആരുടെയെങ്കിലും കൈയിൽ ധനശേഷി ഉണ്ടെങ്കിൽ അസംഖ്യം സ്വത്തുണ്ടെങ്കിൽ, അതിൽനിന്ന് കുറച്ചു കൊടുക്കുകയാണെങ്കിൽ ഇതൊരു അസാധാരണമായ കാര്യമൊന്നുമല്ല. എന്നാൽ, ഞെരുക്കത്തിന്റെ അവസ്ഥ ഉണ്ടാകുകയും പിന്നീട് അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിനുവേണ്ടി, അല്ലാഹുവിന്റെ ദീനിനുവേണ്ടി ധനത്യാഗം ചെയ്യുകയാണെങ്കിൽ അതാണ് യഥാർഥ ത്യാഗം. അത് അല്ലാഹുവിന്റെ സാമീപ്യം തരുവിപ്പിക്കുന്നതിനുള്ള മാർഗമായും തീരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും ഇത്തരം ഉദാഹരണങ്ങൾ നമുക്കു കാണാൻ സാധിക്കുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് കുറച്ച് പണത്തിന്റെ ആവശ്യം നേരിട്ടു. ഇന്ന ഒരു ആവശ്യമുണ്ടെന്ന് ഏതോ ഒരു സുഹൃത്തിനോടു പറഞ്ഞു. അത് താങ്കളുടെ ജമാഅത്ത് നിറവേറ്റാൻ അവരോടു പറയാനും നിർദേശിച്ചു. ജമാഅത്തിനോടു പറയുന്നതിനു പകരം, അദ്ദേഹത്തിന് സാമ്പത്തികമായി നല്ല ഞെരുക്കമുണ്ടായിട്ടും ആ തുക സ്വയം അദ്ദേഹം ലഭ്യമാക്കി. എന്നാൽ, ആ പട്ടണത്തിലെ ജമാഅത്തിൽ നിന്നുള്ള തുകയാണെന്ന പ്രതീതി ഉളവാക്കുകയും ചെയ്തു. അതു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അറിവിലും വന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)നും അറിയാൻ കഴിഞ്ഞില്ല. ഈ വ്യക്തിപരമായ ത്യാഗം പിന്നീട് പ്രകടമായത്, അറിയാൻ കഴിഞ്ഞത് ഹദ്റത്ത് മസീഹ് മൗഊദ്(അ) അതേ ജമാഅത്തിലെ വേറൊരു വ്യക്തിയോടു നന്ദി പറഞ്ഞപ്പോഴാണ്. നിങ്ങളുടെ ജമാഅത്ത് കൃത്യസമയത്ത് വലിയ സഹായം ചെയ്തു അവിടന്ന് അദ്ദേഹത്തോടു പറഞ്ഞു. ആ ത്യാഗം ഒരു വ്യക്തിയാണ് ചെയ്തതെന്ന് അയാൾ അറിഞ്ഞപ്പോൾ ജമാഅത്തിലെ മറ്റുള്ളവർ തങ്ങളെ എന്തുകൊണ്ട് ഈ ത്യാഗത്തിൽ ഭാഗഭാക്കാക്കിയില്ല എന്നു പറഞ്ഞ് അദ്ദേഹത്തോടു വെറുപ്പ് പ്രകടിപ്പിച്ചു. ഈ ചന്ദ നല്കിയത് ഹദ്റത്ത് മുൻശീ സഫ്ർ അഹ്മദ് സാഹിബായിരുന്നു. അദ്ദേഹം അപ്പോൾ തന്റെ ഭാര്യയുടെ ആഭരണം വിറ്റാണ് അതു നല്കിയത്. തീർച്ചയായും അദ്ദേഹത്തിന്റെ ഭാര്യയും അതിൽ ഭാഗഭാക്കായിരുന്നു. മുൻശീ അരോഡേ ഖാൻ സാഹിബ്, മുൻശീ സഫ്ർ അഹ്മദ് സാഹിബിന്റെ സ്നേഹിതനായിരുന്നു. അതേ ജമാഅത്തിലെ അംഗമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തോടു ചോദിച്ചപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന അക്കാര്യം അറിഞ്ഞപ്പോൾ മാസങ്ങളോളം അദ്ദേഹം മുൻശീ സഫർ അഹ്മദ് സാഹിബിനോടു 'എന്തുകൊണ്ട് തങ്ങളോടു പറഞ്ഞില്ല, എന്തിനാണ് സ്വയം നല്കിയതെന്നു' പറഞ്ഞ് വെറുപ്പ് പ്രകടിപ്പിച്ചുകൊണ്ടിരുന്നു.(അസ്ഹാബെ അഹ്മദ് വാല്യം 4, പേജ് 97–98)

അത്തരം ആളുകളെയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കിയത്. അവർ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിന് എല്ലാവിധ ത്യാഗങ്ങൾക്കും തയ്യാറായിരുന്നു. ഇത് നബി(സ) തിരുമേനിയുടെ സ്വഹാബത്ത് സ്ഥാപിച്ച മാതൃകയാണ്. ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചവരും അതനുസരിച്ചു പ്രവർത്തിച്ചു. ഇത് അക്കാലത്തെ കാര്യമല്ല. മറിച്ച് ഇന്നും ആ പരമ്പര തുടരുകയാണ്. ആളുകൾ വിവിധ പദ്ധതികളിൽ എങ്ങനെയാണ് ധനത്യാഗങ്ങൾ ചെയ്യുന്നതെന്നും തങ്ങളെ ഞെരുക്കത്തിലിട്ട് ധനത്യാഗം വരിക്കുന്നതെന്നും നമ്മൾ കാണുന്നു. പക്ഷേ, അല്ലാഹുവും ആരുടേയും കടം വെക്കാറില്ല. അവർക്കെങ്ങനെയാണ് മടക്കിക്കൊടുക്കുന്നത്. കുറച്ചു സംഭവങ്ങൾ, കുറച്ചു ഉദാഹരണങ്ങൾ ഇപ്പോൾ ഞാൻ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നതായിരിക്കും. ഇന്ന് വഖ്ഫെ ജദീദിന്റെ നവവത്സര വിളംബരവും നടത്തേണ്ടതുണ്ട്. അതുകൊണ്ട് പൊതുവെ ഈ സംഭവങ്ങൾ വഖ്ഫെ ജദീദിനെ ഉദ്ധരിച്ചുള്ളതാണ്.

കാമറൂണിലെ മുഅല്ലിം ദൈവകൃപയുടെ മറ്റൊരു ഉദാഹരണം എഴുതുന്നു: 'ഡഗോള ഗ്രാമത്തിൽ ഒരു നവഅഹ്മദി സാഹിബുണ്ട്. അദ്ദേഹത്തോടു ചന്ദ വഖ്ഫെ ജദീദിനെ കുറിച്ച് പറഞ്ഞു. അപ്പോൾതന്നെ അദ്ദേഹം രണ്ട് ബക്കറ്റ് ചോളം ചന്ദയായി നല്കി.' ഇത് ആളുകൾ ചെയ്തുകൊണ്ടിരിക്കുന്ന ചെറിയ ചെറിയ ത്യാഗങ്ങളാണ്. മുഅല്ലിമിനോടു അദ്ദേഹം പറഞ്ഞു: 'എന്റെ നിലം നല്ലതല്ല. എന്റെ കൈയിൽ പണമില്ലാത്തതുകൊണ്ട് ഇതിൽ കൂടുതൽ ശ്രദ്ധിക്കാൻ എനിക്ക് സാധിച്ചില്ല. സർക്കാർ സഹായിക്കാൻ ആഗ്രഹിക്കുന്നുണ്ട്. പക്ഷേ, അതിനും സർക്കാറിൽ കുറച്ചു തുക അടക്കേണ്ടതായി വരും. അതിന്റെ ഫലമായാണ് സർക്കാർ അവരുടെ വിഹിതം ഇടുന്നത്.' അദ്ദേഹം പറയുന്നു: 'എന്റെ കൈയിൽ ആ പണം ഇല്ലായിരുന്നു. അതും കൊടുക്കാൻ എനിക്ക് കഴിഞ്ഞില്ല. എന്റെ പേര് ആ ലിസ്റ്റിൽ ഉണ്ടായിരുന്നുവെങ്കിലും എനിക്കൊന്നും കിട്ടുകയില്ല. കാരണം ഞാൻ പണം അടച്ചില്ല.' വീണ്ടും പറയുന്നു: 'മുഅല്ലിം സാഹിബ് അദ്ദേഹത്തോടു പറഞ്ഞു, 'താങ്കൾ തഹജ്ജുദ് നമസ്കരിക്കാൻ തുടങ്ങുക. ദുആയും ചെയ്യുക. അല്ലാഹു കൃപ ചെയ്യുന്നതായിരിക്കും.' മുഅല്ലിം സാഹിബ് പറയുന്നു: 'അതിന്റെ ഫലമായി കുറച്ചു ദിവസം മുമ്പേ അദ്ദേഹം എന്റെ അടുത്തുവന്നു.' അദ്ദേഹം പറഞ്ഞു: 'അല്ലാഹു ഞങ്ങളുടെ പ്രാർഥനകൾ കേട്ടു. ഞാൻ സർക്കാരിന് പണവും അടച്ചിരുന്നില്ല; അത് അടയ്ക്കേണ്ടത് നിർബന്ധമായിരുന്നു. എന്നിട്ടും ബന്ധപ്പെട്ട വകുപ്പ് വയലിൽ വെള്ളം നല്കുന്നതിനുള്ള പമ്പിംഗ് മെഷീൻ അദ്ദേഹത്തിന് നല്കി. അതിനു പുറമെ 5 ലക്ഷം ഫ്രാങ്ക് സിഎഫ്എ, വിളകൾ വാങ്ങുന്നതിനും നല്കി. അദ്ദേഹം തന്റെ കൃഷിഭൂമിയിൽ കഠിനാധ്വാനം ചെയ്യാൻ തുടങ്ങി. ഇക്കാരണത്താൽ അദ്ദേഹത്തിന്റെ കൃഷി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുകയാണ്. അദ്ദേഹം പറഞ്ഞു: 'അല്ലാഹു എന്റെ നിസാരമായ ത്യാഗം സ്വീകരിച്ചു. അതിനു പകരമായി എന്നെ സമ്മാനങ്ങൾകൊണ്ട് അനുഗ്രഹിച്ചു. അതിന്റെ ഫലമായി അദ്ദേഹം തന്റെ വഖ്ഫെ ജദീദ് ചന്ദ ഇരട്ടിയാക്കി നല്കി.

ഇന്തൊനേഷ്യയിലെ മുറബ്ബിയാണ് നൂർ ഖയ്ർ സാഹിബ്. അദ്ദേഹം പറയുന്നു: 'ഒരു ദമ്പതിമാർ സാദാ ജീവിതം നയിക്കുന്നവരാണ്. പക്ഷേ, കൃത്യമായി ചന്ദ ഒടുക്കുന്നു. വരുമാനമെന്തുണ്ടായാലും അതിൽനിന്ന് കുറച്ചുതുക ചന്ദയ്ക്കുവേണ്ടി മാറ്റി ഒരു പെട്ടിയിൽ ഇട്ട് സൂക്ഷിക്കുന്നു. മുബല്ലിഗ് അവരുടെ അടുത്തെത്തുമ്പോൾ അവർ ആ തുക ചന്ദയായി നല്കുന്നു. വളരെ ദൂരെയുള്ള ദ്വീപിലെവിടെയോ ആണ് അവർ താമസിക്കുന്നത്. ഒരിക്കൽ ഒരു വർഷത്തിനുമീതെയായിട്ടും ഈ ജമാഅത്തിൽ ഒരു മുബല്ലിഗിനും പോകാൻ കഴിഞ്ഞില്ല. പക്ഷേ, എന്നിട്ടും ചന്ദയുടെപണം കൃത്യമായി സ്വരുക്കൂട്ടിക്കൊണ്ടിരുന്നു. ഒരു വർഷത്തിനുശേഷം മുബല്ലിഗ് അവിടെ പര്യടനത്തിനുപോയപ്പോൾ ആ പെട്ടിയിൽ ഒരുപാട് പണം ഉണ്ടായിരുന്നു. അതു അവർ ചന്ദ കൊടുത്തു. പറഞ്ഞു: 'ഇപ്രാവശ്യം ഞങ്ങൾക്ക് ഒരുപാട് ലാഭമുണ്ടായി. ഇക്കാരണത്താൽ അവർക്ക് ചന്ദയുടെ അനുഗ്രഹങ്ങളിലും ശക്തമായ വിശ്വാസമുണ്ടായി. ഈമാൻ കൂടുതൽ ശക്തമായി. ഞങ്ങൾ ആ അനുഗ്രഹങ്ങൾ ദർശിച്ചു.' അവർ പറയുന്നു:'ഒരിക്കൽ ഞങ്ങളെ ഒരാൾ വഞ്ചിച്ചു. വഞ്ചിക്കപ്പെടാനുള്ള കാരണത്തെക്കുറിച്ച് ചിന്തിച്ചു. ഞങ്ങൾക്ക് മനസ്സിലായി, ഞങ്ങൾ ചന്ദ ശരിയായ നിലയിലല്ല കൊടുത്തതെന്ന്. അതുകൊണ്ടാണ് ഞങ്ങൾക്ക് നഷ്ടമുണ്ടായത്. അങ്ങനെ ആ സമയം മുതൽ ഞങ്ങൾ വളരെ സൂക്ഷ്മതയോടെ ഞങ്ങളുടെ വരുമാനം ശരിയായി കണക്കുകൂട്ടി പെട്ടി നിറയ്ക്കാൻ തുടങ്ങി. അതിൽ പണമിടാൻ തുടങ്ങി.' അവർ പറയുന്നു: ചന്ദയുടെ തുക മാറ്റിവെക്കാത്തിടത്തോളം ഞങ്ങൾക്ക് ശാന്തിയും സമാധാനവും കിട്ടുന്നില്ല.' ഇപ്രകാരം അല്ലാഹു അവരുടെ നഷ്ടങ്ങളെ ചിലരുടെ പരിഷ്കരണത്തിനുള്ള മാർഗവും ആക്കുന്നു. പിന്നീട് അതുമുഖേന അവരുടെ ഈമാൻ ശക്തിപ്പെടുന്നു.

ഇന്തൊനീഷ്യ മുബല്ലിഗ് ബശീറുദ്ദീൻ സാഹിബ് എഴുതുന്നു: 'ഒരു സുഹൃത്ത് തന്റെ വഖ്ഫെ ജദീദ് ചന്ദ അഞ്ചുലക്ഷം ഇന്തൊനീഷ്യൻ രൂപ നല്കി. ഇന്തൊനീഷ്യൻ രൂപയുടെ മൂല്യം വളരെ കുറവാ

ണ്. എന്തായാലും അവരുടെ കണക്കനുസരിച്ച് ഇതും മതിയായതാണ്. കുറച്ചു ദിവസത്തിനുശേഷം ആരോ തന്റെ സ്ഥലം അദ്ദേഹത്തിന് വിറ്റു. അത് അദ്ദേഹം 15 മില്യനാണ് വാങ്ങിയത്. കുറച്ച് ആഴ്ചകൾ കഴിഞ്ഞപ്പോൾതന്നെ 50 മില്യന് മറ്റൊരു വ്യക്തി ആ സ്ഥലം അദ്ദേഹത്തിൽനിന്നു വാങ്ങി. പറയുന്നു: 'അല്പസമയത്തിനുള്ളിൽ തനിക്ക് 35 മില്യൺ ലാഭമുണ്ടായത് ചന്ദ വഖ്ഫെ ജദീദിന്റെ ബർക്കത്തുകൊണ്ടാണെന്നാണ് ഞൻ ദൃഢമായും വിശ്വസിക്കുന്നത്.' ഒരു ഭൗതിക ചിന്താഗതിക്കാരൻ അതിനെ തന്റെ കച്ചവടപരമായ സാമർഥ്യമെന്ന് മനസ്സിലാക്കുമായിരിക്കാം; അയാൾ എത്രമാത്രം സമർഥമായാണ് കച്ചവടം ചെയ്തതെന്ന്. കുറച്ച് ആഴ്ചകൾക്കുള്ളിൽ 15 മില്യണിൽനിന്ന് 35 മില്യൺ ഉണ്ടാക്കി. പക്ഷേ, ആരാണോ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാനാഗ്രഹിക്കുന്നത്, അവന്റെ പ്രീതി കരസ്ഥമാക്കാനാഗ്രഹിക്കുന്നത് അവനുവേണ്ടി ത്യാഗം ചെയ്യുന്നത് അവരുടെ മനസ്സിൽ എന്താണ് തോന്നിയത്? അതിതാണ്. 'ഞാൻ അല്ലാഹുവിനുവേണ്ടി ചന്ദ കൊടുത്തിരിക്കുന്നു. ത്യാഗം ചെയ്തിരുന്നു. അപ്പോൾ അല്ലാഹു എനിക്ക് വർധിപ്പിച്ചുനല്കി.'

ഈമാനിൽ ശക്തി ഉണ്ടായതിന്റെ മറ്റൊരു ഉദാഹരണം ഇന്തൊനീഷ്യയിൽതന്നെയാണ്. അവിടുത്തെ നമ്മുടെ മുബല്ലിഗ് മഅ്സ്വൂം സാഹിബ് എഴുതുന്നു: 'ഒരു അഹ്മദി തൊഴിലിനുവേണ്ടി സോലാബീസി ദ്വീപിലേക്ക് ഹിജ്റ ചെയ്തു. തുടക്കത്തിൽ വളരെ ഞെരുക്കമായ അവസ്ഥകളായിരുന്നു. താമസിക്കാൻപോലും അദ്ദേഹത്തിന് സ്ഥലമുണ്ടായിരുന്നില്ല. മിഷൻഹൗസിൽ താമസിക്കേണ്ടിവന്നു. പിന്നീട് അദ്ദേഹം മത്സ്യമെടുത്ത് വില്ക്കാൻ തുടങ്ങി. നിസാരമായ കച്ചവടം തുടങ്ങി. കഠിനാധ്വാനം ചെയ്തു. വളരെ കുറച്ചു വരുമാനം ഉണ്ടായിട്ടും ധനത്യാഗത്തിൽനിന്ന് പിന്മാറിയില്ല. കുറച്ചുകാലം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ അവസ്ഥകൾ മാറാൻ തുടങ്ങി. ഇദ്ദേഹം പറയുന്നു: 'ഇപ്പോൾ ഇദ്ദേഹത്തിന്റെ വഖ്ഫെ ജദീദ് ചന്ദ ആ പ്രദേശത്തുള്ളവരുടേതിനേക്കാൾ ഏറ്റവും കൂടുതലാണ്. മൂസ്വിയുമാണ്.' അദ്ദേഹം പറയുന്നു: 'ഇതെല്ലാം എന്റെ ധനത്യാഗത്തിന്റെ ഫലമാണ്.'

ഗാംബിയായിലെ ഒരു സുഹൃത്ത് അബ്ദുർറഹ്മാൻ സാഹിബ് തന്റെ കുട്ടികൾക്കുള്ള സ്ക്കൂൾ ഫീസ് അടക്കുന്ന കാര്യത്തിൽ വലിയ പ്രയാസം നേരിട്ടയാളാണ്. അങ്ങനെ അദ്ദേഹം സെൻട്രൽ മുബല്ലിഗ് സാഹിബിനോട് കാര്യം പറഞ്ഞു. അദ്ദേഹത്തിന്റെ സാമ്പത്തിക നില നല്ലതായിരുന്നില്ല. മുബല്ലിഗ് സാഹിബ് അദ്ദേഹത്തോടു പറഞ്ഞു: 'താങ്കൾ ധനത്യാഗം ചെയ്യുക. അല്ലാഹു താങ്കളെ അനുഗ്രഹിക്കുന്നതാണ്.' അപ്പോൾ അദ്ദേഹം 250 ഡലാസി വഖ്ഫെ ജദീദ് ചന്ദഃയായി നല്കുകയുണ്ടായി. പറയുന്നു: 'ചന്ദഃ നല്കി കൃത്യം ഒരാഴ്ച കഴിഞ്ഞപ്പോൾ, അദ്ദേഹത്തിന് അയ്യായിരം ഡലാസി മാസവരുമാനമുള്ള ഒരു ജോലി ലഭിച്ചു. അതുകാരണം അദ്ദേഹത്തിനു പ്രയാസം കൂടാതെ കുട്ടികളുടെ സ്കൂൾ ഫീസ് നൽകാൻ സാധിച്ചു. ഇതിനുപുറമെ നിത്യജീവിതത്തിലെ മറ്റു കാര്യങ്ങളും നടത്താൻ കഴിഞ്ഞു. ചന്ദയുടെ അനുഗ്രഹങ്ങൾകൊണ്ടാണ് തന്നിൽ അല്ലാഹുവിന്റെ ഫള്ൽ ഉണ്ടായതെന്ന് അദ്ദേഹം എല്ലാവരോടും പറഞ്ഞു നടക്കുന്നു. 'അത് എന്റെ ഈമാനെ ശക്തിപ്പെടുത്തിയതോടൊപ്പം എന്റെ ജീവിതവിഭവത്തിലും ധാരാളം അനുഗ്രഹം ചൊരിഞ്ഞു'എന്ന് അദ്ദേഹം പറയുന്നു.

ദരിദ്രർ എപ്രകാരമാണ് ത്യാഗം ചെയ്ത് അല്ലാഹുവിൽ പ്രതീക്ഷ അർപിക്കുന്നതെന്നും പിന്നീട് അല്ലാഹു ആ പ്രതീക്ഷയെ എപ്രകാരമാണ് വിലമതിക്കുന്നതെന്നും നോക്കുക. ഗിനി–ബിസോ(Guinea-Bissau) യിലെ മിഷണറി സാഹിബ് ഒരു സംഭവം വിവരിക്കുന്നു: ഒരു സുഹൃത്ത് മോൻടേറോ കമാരാ(Monteiro Camara)സാഹിബിനെ അദ്ദേഹത്തിന്റെ വഖ്ഫെ ജദീദ് വാഗ്ദാനം നൽകുന്നതിനെ സംബന്ധിച്ച് പറയാൻ വിളിച്ചു. അദ്ദേഹം പറഞ്ഞു: 'എന്റെ പക്കൽ ഈ സമയം നാലായിരം ഫ്രാങ്ക്സിഎഫ്എയാണുള്ളത്. അതു ഞാൻ ഇന്നത്തെ ആഹാരത്തിനുവേണ്ടി മാറ്റിവെച്ചതാണ്. അതിന്റെ മൂല്യം വളരെ നിസാരമാണ്. അദ്ദേഹത്തിന്റെ കുടുംബവും വലുതാണ്. അദ്ദേഹം ആഹാരത്തിനുവേണ്ടി 4000 ഫ്രാങ്ക്സിഎഫ്എ എടുത്തു വെച്ചിരുന്നതാണ്. എങ്കിലും എന്തെങ്കിലും ചെയ്യാമെന്ന് അദ്ദേഹം പറഞ്ഞു. കുറച്ചു കഴിഞ്ഞ് അദ്ദേഹം ആ തുക ചന്ദഃയായി നൽകി. ആഹാരത്തിനായി മറ്റാരിൽനിന്നോ അദ്ദേഹം കടം വാങ്ങി. എന്നല്ല കടം വാങ്ങാൻപോയി. അദ്ദേഹം പറയുന്നു: 'അടുത്ത ദിവസം അദ്ദേഹത്തിന്റെ മകൾ പട്ടണത്തിൽനിന്നു വന്നു. അവർക്കായി രണ്ടു ചാക്ക് അരിയും ഒരു ടിൻ എണ്ണയും കുറച്ചു പണവും മറ്റു സാധാനങ്ങളും കൊണ്ടാണു അവൾ വന്നത്. അദ്ദേഹത്തിന് അങ്ങനെ ദൃഢവിശ്വാസമുണ്ടായി. പറയുന്നു: 'ആഹാരത്തിനായി മാറ്റിവെച്ച ഏതൊരു തുകയാണോ ഞാൻ ചന്ദയായി നല്കിയത്, അതിൽ അല്ലാഹു ചന്ദഃ നല്കിയ കാരണത്താൽ എത്രമാത്രം അനുഗ്രഹം നൽകിയെന്നാൽ അളവറ്റ സാധനങ്ങൾ അടുത്ത ദിവസം തന്നെ എനിക്ക് ഭക്ഷണത്തിനായി ലഭിച്ചു.' ഇവർ പട്ടിണികിടന്ന് ത്യാഗങ്ങൾ ചെയ്യുന്നവരാണ്.

പിന്നീട് മറ്റൊരു ഉദാഹരണമുണ്ട്. ഫ്രാൻസിലെ അമീർ സാഹിബ് വിവരിക്കുന്നു. അല്ലാഹു എങ്ങനെയാണ് ഈമാൻ ശക്തമാക്കുന്നത്? ഫ്രാൻസിലെ ഒരു അറബി സുഹൃത്തുണ്ട്. അദ്ദേഹം പറഞ്ഞു: 'ഞാൻ വഖ്ഫെ ജദീദിനെ സംബന്ധിച്ച് കഴിഞ്ഞവർഷം ഹുദൂർ ചെയ്ത ഖുത്‌ബ കേട്ടു; അതിൽ ധനത്യാഗം ചെയ്യുന്നവരുടെ ഉദാഹരണങ്ങളാണ് വിവരിച്ചിരുന്നത്; ഇന്ന് ഞാൻ വിവരിക്കുന്നതുപോലെ പറയുന്നു: 'ആ ഖുത്‌ബ എന്നിൽ വലിയ സ്വാധീനം ചെലുത്തി.' അദ്ദേഹത്തിന് 46 വയസ്സാണ്. പറയുന്നു: 'ഞാൻ ധനപരമായി വളരെ പ്രയാസത്തിലായിരുന്നു. ഇതിനു മുമ്പേ ഒരിക്കലും എനിക്കിങ്ങനെ സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കേണ്ടി വന്നിട്ടില്ല. ബാങ്കിൽനിന്നും കടമെടുക്കേണ്ടിവന്നു. ബാങ്കുകാരും എന്റെ പിന്നാലെ കൂടിയിരുന്നു; കടം തിരിച്ചടക്കുക എന്നുപറഞ്ഞ്. എനിക്ക് മുന്നറിയിപ്പും കിട്ടിക്കഴിഞ്ഞിരുന്നു; ഞാനെന്റെ കണക്ക് ക്ലിയർ ചെയ്തില്ലെങ്കിൽ എന്റെ അക്കൗണ്ട് അവസാനിപ്പിക്കുന്നതാണ്. ചിലപ്പോൾ പിന്നെ പിഴയും ഒടുക്കേണ്ടിവരും.' ആ ദിവസങ്ങളിൽ ഞങ്ങളുടെ ഹൽഖയിൽ പൊതുയോഗം നടന്നു. യോഗത്തിന് അല്പനേരം മുമ്പേ എന്റെ ഒരു സുഹൃത്ത് ബലാൽക്കാരമായി എനിക്ക് 20 യൂറോ നല്കി. ഞാൻ ആ പൈസ എന്റെ പോക്കറ്റിൽവെച്ചു; അടുത്ത ദിവസങ്ങളിൽ അതെനിക്ക് പ്രയോജനപ്പെടും എന്ന ഉദ്ദേശ്യത്തോടെ. മറ്റൊന്നും എന്റെ കൈയിലുണ്ടായിരുന്നില്ല. അദ്ദേഹം പറയുന്നു: 'ഞാൻ 20 യൂറോ എന്റെ കൈയിൽവച്ചു. ഞാൻ യോഗത്തിനു പോയപ്പോൾ അവിടെ സെക്രട്ടറിമാൽ ചന്ദയെക്കുറിച്ച് പറഞ്ഞു. ഞാൻ ആ 20 യൂറോ ചന്ദ കൊടുത്തു. കുറച്ചു ദിവസത്തിനുശേഷം എനിക്ക് എന്റെ ബാങ്കിൽനിന്ന് ഒരു ടെലിഫോൺകോൾ വന്നു. അദ്ദേഹം പറയുന്നു: 'എനിക്കാണെങ്കിൽ മോശമായ വാർത്തകൾ കേൾക്കുന്നത് ശീലമായിക്കഴിഞ്ഞിരുന്നു. അവസ്ഥകൾ വളരെ മോശമാകുകയായിരുന്നു. ഞാൻ ചിന്തിച്ചു ഏതെങ്കിലും മോശമായ വാർത്തയായിരിക്കുമെന്ന്. ബാങ്കുകാർ ഇനി കൂടുതൽ സമ്മർദം എന്നിൽ ചെലുത്താൻ പോകുകയായിരിക്കും. പക്ഷേ, ബാങ്കുകാർ എന്നോടു പറഞ്ഞു: 'ബന്ധപ്പെട്ട സ്ഥാപനം എന്റെ അക്കൗണ്ട് മരവിപ്പിക്കരുത് എന്ന ഓർഡർ ഇട്ടിരിക്കുന്നു. മൈനസിലുണ്ടായിരുന്ന 600 യൂറോ എന്റെ അക്കൗണ്ടിൽ പ്ലസാക്കാനും നിർദേശിച്ചിരിക്കുന്നു. അത് അടയ്ക്കുക. ക്രഡിറ്റ് ചെയ്യുക.' അദ്ദേഹം പറയുന്നു: എനിക്ക് ഇത് അത്ഭുതകരമായ കാര്യമായിരുന്നു. കാരണം ബാങ്കിന്റെ പണം വളരെ കഠിനതരമാണ്.' അദ്ദേഹം പറയുന്നു: 'കുറച്ചു ദിവസത്തിനുശേഷം എന്റെ ജോലിയുടെ ഇൻഷൂറൻസ് എനിക്ക് വലിയൊരു തുക തന്നു; അത് കുറച്ചുകാലമായി തടയപ്പെട്ടിരിക്കുകയായിരുന്നു.' അദ്ദേഹം പറയുന്നു: 'ഈ എല്ലാ സംഭവങ്ങളും വഖ്ഫെ ജദീദിനെ സംബന്ധിച്ചുള്ള ഖുത്‌ബ കേട്ടതിനും നിസാരമായ തുക ചന്ദ കൊടുത്തതിനുംശേഷമാണ് നടന്നത്. എനിക്കും എന്തെങ്കിലും മുഅ്ജിസത്ത് കാണാൻ കഴിയുമോ എന്ന് ഞാൻ ആദ്യം ചിന്തിക്കാറുണ്ടായിരുന്നു. മറ്റുള്ളവരുടെ മുഅ്ജിസത്തുകളുടെ വലിയ അത്ഭുതങ്ങളാണ് കേൾപ്പിച്ചുകൊണ്ടിരിക്കുന്നത്. എന്നെ സംബന്ധിച്ച് ഒരിക്കലും ഉണ്ടായിട്ടില്ല. പക്ഷേ, ഇപ്പോൾ അല്ലാഹു എനിക്ക് ചന്ദയുടെ അനുഗ്രഹങ്ങളുടെ മാതൃക കാണിച്ചു. യഥാർഥത്തിൽ ദിവ്യാത്ഭുതങ്ങളുണ്ടെന്ന് എനിക്ക് ഉറച്ച വിശ്വാസമായി.'

ഹെയ്റ്റിയിലെ മുബല്ലിഗ് ഖയ്സ്വർ സാഹിബെഴുതുന്നു: ഇതും അല്ലാഹുവിന്റെ പെരുമാറ്റവും ഈമാൻ ശക്തമാക്കുന്നതിനുള്ള മറ്റൊരു സംഭവമാണ്. ഈ സംഭവങ്ങളെല്ലാം വിവിധ സ്ഥലങ്ങളിൽനിന്നുള്ളതാണ്. ചിലത് ആഫ്രിക്കയിൽനിന്നുള്ളതാണ്. ചിലത് അമേരിക്കയിൽനിന്നുള്ളതാണ്. ചിലത് യൂറോപ്പിൽനിന്നുള്ളതാണ്. ചിലത് വടക്കുനിന്നുള്ളതാണ്. ചിലത് തെക്കുനിന്നുള്ളതാണ്. ഇവരുടെയുള്ളിൽ പരസ്പരം ചേർച്ചയോ ബന്ധമോ ഒന്നുമില്ല. പക്ഷേ, സമ്മിശ്രമായ സംഭവങ്ങളാണ്. പോർട്ട് ഓഫ് ഫ്രാൻസിലെ ഒരു നവ അഹ്മദി ഇബ്റാഹീം സാഹിബ് കുറച്ചു ദിവസം മുമ്പേ ഓഫീസിൽനിന്ന് വീട്ടിൽ പോകുകയായിരുന്നു. വഴിയിൽ അദ്ദേഹത്തിന്റെ ഒരു ഫയൽ വീണുപോയി. അതിൽ ചില അത്യാവശ്യമായ കടലാസുകളും സർട്ടിഫിക്കറ്റുകളുമുണ്ടായിരുന്നു. പതിമൂവായിരം 'ഗോർഡെ' തുകയുമുണ്ടായിരുന്നു. അവരുടെ അവിടെ അത് വലിയ കറൻസിയാണ്. അദ്ദേഹം തിരിച്ചുപോയി വഴിയിലെല്ലാം നോക്കി. അദ്ദേഹത്തിന് ഫയൽ കിട്ടിയില്ല. അദ്ദേഹം പറയുന്നു: വഖ്ഫെ ജദീദിൽ വാഗ്ദാനം ചെയ്ത ആയിരം ഗോർഡെ തീർച്ചയായും കൊടുത്തുവീട്ടുമെന്ന് ഞാൻ മനസ്സിൽ പ്രതിജ്ഞ ചെയ്തു. പൈ


## ഹദീഥുന്നബ്‌വി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**



## കലാമുൽ ഇമാം:–

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

സ ഉണ്ടെങ്കിലും വേണ്ടില്ല ഇല്ലെങ്കിലും വേണ്ടില്ല. എവിടെനിന്നെങ്കിലും വാങ്ങികൊടുക്കുന്നതാണ്. അങ്ങനെ ഞാൻ കടം വാങ്ങി വാഗ്ദാനമനുസരിച്ചുള്ള എന്റെ ചന്ദ നല്കി. അദ്ദേഹം പറയുന്നു: ചന്ദ കൊടുത്ത അതേ ദിവസം വൈകുന്നേരം ഒരു അജ്ഞാത ഫോൺകാൾ വന്നു; താങ്കളുടെ ഫയൽ എന്റെ കൈയിലുണ്ടെന്ന് പറഞ്ഞു. എന്റെ കൈയിൽനിന്ന് വാങ്ങികൊള്ളുക. അദ്ദേഹം പറയുന്നു: ഞാൻ ഉടനെ എത്തി. അയാൾ എനിക്ക് ഫയൽ തന്നു. പറഞ്ഞു: 'താങ്കളുടെ മേൽവിലാസം അറിയുന്നതിന് എനിക്ക് ഫയൽ തുറന്നുനോക്കേണ്ടിവന്നു. അതുകൊണ്ടാണ് താങ്കളുടെ ഫയൽ ഞാൻ തുറന്നത്. താങ്കൾ താങ്കളുടെ ഫയലും പണവും പരിശോധിക്കുക.' ഞാൻ പരിശോധിച്ചു. എല്ലാ ഫയലും പണവും ഉണ്ടായിരുന്നു. അദ്ദേഹം പറയുന്നു: 'അപ്പോൾ ഞാൻ അല്ലാഹുവിന് ശുക്ർ ചെയ്തു. ചന്ദയുടെ അനുഗ്രഹങ്ങളാണിതെന്ന് എനിക്ക് ദൃഢവിശ്വാസമായി; അക്കാരണത്താലാണ് എന്റെ കളഞ്ഞുപോയ കടലാസുകളും– അത് അത്യാവശ്യമായിട്ടുള്ളതായിരുന്നു, കിട്ടി. കിട്ടാൻ പ്രയാസമെന്നു തോന്നിയ തുകയും കിട്ടി.'

ഗിനി കൊണാക്രിയിൽനിന്ന് മുബല്ലിഗ് പറയുന്നു: 'കണ്ടിയ റീജ്യണിലെ ഒരു ഗ്രാമത്തിലെ ഒരു അഹ്മദി സുഹൃത്ത് അബൂബക്കർ സാഹിബിനോടു വഖ്ഫെ ജദീദ് ചന്ദ കൊടുക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു. ആദ്യം അദ്ദേഹം കുറച്ച് തടസമുണ്ടെന്ന് പറഞ്ഞു. പിന്നീട് തന്റെ വാഗ്ദാന സംഖ്യ നല്കി. ചന്ദ കൊടുത്ത് കുറച്ചുകാലം കഴിഞ്ഞപ്പോൾ അദ്ദേഹം നമ്മുടെ തദ്ദേശ മിഷണറിയോടു പറഞ്ഞു: 'അഹ്മദിയ്യാ ജമാഅത്ത് യഥാർഥത്തിൽ ദൈവികജമാഅത്താണ്.' അദ്ദേഹം വിവരിക്കുന്നു: 'ഞാൻ സർക്കാർ ഉദ്യോഗസ്ഥനാണ്. എന്റെ ഒരു കാല് അപകടത്തിൽ ഒടിഞ്ഞ് കുറേ കാലമായി. ഉചിതമായ ചികിത്സ കിട്ടാത്ത കാരണത്താൽ ശരിയായനിലയിൽ അത് കൂടിച്ചേർന്നില്ല. ഇക്കാരണത്താൽ എന്റെ ഒരു കാല് ചെറുതായി. അതിനാൽ എനിക്ക് നിരന്തരം ബുദ്ധിമുട്ടുണ്ടായി. ഇപ്പോൾ ഞാൻ ഡോക്ടർ ഓപ്പറേഷൻ ചെയ്താൽ ശരിയാകുമെന്ന് പറഞ്ഞതുകൊണ്ട് അതിനുള്ള പണം സംഘടിപ്പിക്കുകയായിരുന്നു. പക്ഷേ, മിഷണറി ചന്ദയെക്കുറിച്ച് പറഞ്ഞപ്പോൾ തൽക്കാലം ചന്ദ കൊടുക്കേണ്ട എന്ന് വിചാരിച്ചു. ചന്ദ കൊടുക്കേണ്ട ഓപ്പറേഷനുവേണ്ടി വെക്കാം. പക്ഷേ, പിന്നീട് അല്ലാഹു എനിക്ക് ധൈര്യം തന്നു. പിന്നെ അല്ലാഹുവിൽ സർവവും സമർപ്പിച്ച് മുഴുവൻ തുകയും ചന്ദയിൽ നല്കി. അദ്ദേഹം വിവരിക്കുന്നു: 'ഈ സംഭവമുണ്ടായി രണ്ടുദിവസം കഴിഞ്ഞില്ല ഓഫീസിൽനിന്ന് എനിക്ക് കത്തുവന്നു. നിങ്ങളുടെ ഓപ്പറേഷൻ ചെലവ് മുഴുവനും സർക്കാർ വഹിക്കുന്നതായിരിക്കും; എവിടെനിന്ന് വേണമെങ്കിലും ഓപ്പറേഷൻ നടത്താവുന്നതാണ്.' അദ്ദേഹം പറയുന്നു: 'ചന്ദയുടെ അനുഗ്രഹമൊന്നുമാത്രമാണുണ്ടായത്.'

ഇത് യാദൃച്ഛികമായ കാര്യങ്ങളൊന്നുമല്ല. അല്ലാഹുവിൽ സർവവും സമർപിക്കുന്നവരുടെ ഈമാൻ കരുത്തുറ്റതാക്കുന്നതിന് അല്ലാഹുവിന്റെ പെരുമാറ്റമാണിത്. ഇതിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവുമുണ്ട്.

ഖാദിയാനിൽ നിന്ന് സെക്രട്ടറി വഖ്ഫെ ജദീദ് മാമൂൻ റശീദ് സാഹിബ് എഴുതുന്നു: 'ഒരു സഹോദരൻ സുലേജ സാഹിബിനു കഴിഞ്ഞ വർഷം ചില കുടുംബപ്രശ്നങ്ങൾ കാരണം ചന്ദഃയിൽ കുടിശ്ശിക വന്നിരുന്നു. അദ്ദേഹത്തിന്റെ സഹോദരൻ, വർഷം അവസാനിക്കാൻ പോകുന്നു, അതുകൊണ്ടു വേഗം ചന്ദഃ നൽകണമെന്ന കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു. എന്നാൽ, അദ്ദേഹത്തിന്റെ അക്കൗണ്ടിൽ ചന്ദഃ പൂർത്തിയാക്കാൻ വേണ്ടത്ര തുകയുണ്ടായിരുന്നില്ല. എന്നല്ല നൽകേണ്ട തുകയുടെ വെറും മുപ്പത് ശതമാനം മാത്രമേ ഉണ്ടായിരുന്നുള്ളു. എപ്രകാരം അതു പൂർത്തിയാക്കുമെന്നതിൽ അദ്ദേഹം വളരെയധികം ചിന്താകുലനായി. അവസാനം അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക അത്രയും ചന്ദയായി നൽകി. അദ്ദേഹം പറയുന്നു: അല്ലാഹുവിൽനിന്ന് അത്ഭുതകരമായ നിലയിൽ അൽപ സമയത്തിനുള്ളിൽ തന്നെ അക്കൗണ്ടിലേക്ക് കുറച്ച് അധികപണം വന്നുചേർന്നു. അതു ബാക്കി തുകനല്കുന്നതിനു മതിയാകുമായിരുന്നു. അങ്ങനെ ആ സമയത്തു തന്നെ ആ തുക വാഗ്ദാനാടിസ്ഥാനത്തിൽ നല്കി അദ്ദേഹം പൂർത്തിയാക്കി. പറയുന്നു: എപ്പോഴും വാഗ്ദാനങ്ങൾ വർഷാവസാനത്തിൽ തന്നെ അദ്ദേഹം പൂർത്തിയാക്കുമായിരുന്നു. എന്നാൽ, ഈ വർഷം അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കുട്ടിക്കും അസുഖം ബാധിച്ചതിനാൽ കുടിശ്ശിക വന്നുപോയി. അദ്ദേഹം അതുകൊണ്ട് വലിയ പ്രയാസത്തിലായിരുന്നു. എന്നാൽ, അല്ലാഹു ദൃഷ്ടാന്ത രൂപേണ അതിനുള്ള സംവിധാനം ഒരുക്കി. പറയുന്നു: 'അത് എന്റെ വിശ്വാസത്തിന് ശക്തിപകരാൻ നിമിത്തമായി.'

ഇന്ത്യയിലെ അബ്ദുൽ മഹ്മൂദ് സാഹിബ് ഇൻസ്പെക്ടർ വഖ്ഫെ ജദീദാണ്. അദ്ദേഹവും ഒരു സ്നേഹിതന്റെ സംഭവം വിവരിക്കുന്നു: പീർഭൂം ജില്ലയിലെ ഒരു ഗ്രാമമുണ്ട്. അവിടുത്തെ സംഭവമാണിത്. ആ സാഹിബിന് പലചരക്കിന്റെ മൊത്ത വ്യാപാരമായിരുന്നു. അത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ലവണ്ണം നടക്കുന്നുണ്ടായിരുന്നു. അദ്ദേഹം ദിവസവും കട തുറക്കുമ്പോൾ 100 രൂപ ഒരു പെട്ടിയിൽ കൃത്യമായി നിക്ഷേപിച്ചിരുന്നു. അതുമുഖേന തന്റെ വാദ്ഗാനം ചെയ്ത ചന്ദയും നൽകികൊണ്ടിരുന്നു. രാവിലെ വന്നാൽ അദ്ദേഹത്തിന്റെ ആദ്യത്തെ പണി അവിടെ വെച്ചിരുന്ന പെട്ടിയിൽ 100 രൂപ ഇടുക എന്നതായിരുന്നു. അദ്ദേഹം പറയുന്നു: ഒരു ദിവസം കടയിൽ സാധനങ്ങൾ വാങ്ങുന്നതിനായി വളരെ കുറച്ച് ആളുകൾ മാത്രമാണ് വന്നത്. ചെലവ് പൂർത്തിയാകുന്നുണ്ടായിരുന്നില്ല. പിറ്റേ ദിവസം കട തുറന്നപ്പോൾ 100 ന് പകരം 300 രൂപ ആ പെട്ടിയിൽ നിക്ഷേപിച്ചു. ഇന്ന് എന്തുകൊണ്ട് അല്ലാഹുവുമായി ഒരു കച്ചവടത്തിൽ ഏർപ്പെട്ടു കൂടാ? എന്ന് അദ്ദേഹം മനസ്സിൽ ചിന്തിച്ചു. അല്ലാഹുവിന്റെ കൃപാവരം എപ്രകാരം ഉണ്ടായെന്നാൽ, പറയുന്നു: 'ആ ദിവസം ഉച്ചകഴിഞ്ഞ്, എന്റെ അടുക്കൽ 6 ഉപഭോക്താക്കൾ വന്നു. ഇദ്ദേഹം മൊത്തക്കച്ചവടക്കാരനായിരുന്നു. വലിയ വ്യവസായമായിരുന്നു. അതിൽ സമയം എടുക്കുമായിരുന്നു. ചാക്കുകൾ എടുപ്പിക്കണമായിരുന്നു. അദ്ദേഹം പറയുന്നു:ഞാൻ എത്രമാത്രം തിരക്കിലായെന്നാൽ ഒരു ഉപഭോക്താവിനോടു നാളെവരാൻ പറയേണ്ടിവന്നു. മറ്റുള്ളവർക്ക് സാധനം കൊടുത്തു കൊടുത്ത് പാതിരാത്രിയായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ ദിവസം വളരെയധികം വരുമാനം ലഭിച്ചു. പറയുന്നു: 'അല്ലാഹു മനുഷ്യനിൽ തൃപ്തിപ്പെട്ടാൽ പിന്നെ അവൻ നല്കുന്നത് സ്വരുക്കൂട്ടാൻ മനുഷ്യന്റെ രണ്ടു കൈകൾക്കും കഴിയുകയില്ല.'

ഗിനി ബസാവൊയിലെ, ഒയോ റീജ്യണിലെ മിഷണറിയാണ് അബ്ദുൽ അസീസ് സാഹിബ്. അദ്ദേഹം പറയുന്നു. ഒരു വൃദ്ധയാണ് മസ്ക്കൂത്ത സാഹിബ. അവരോടു വഖ്ഫെ ജദീദ് ചന്ദയെക്കുറിച്ച് സംസാരിച്ചു. അപ്പോൾ അവർ പറഞ്ഞു: 'ഞാൻ വാഗ്ദാനമനുസരിച്ചുള്ള തുക സ്വരുക്കൂട്ടി വെച്ചിരുന്നു. പക്ഷേ, ഇന്നലെ രാത്രി എന്റെ സഹോദരന്റെ അടുക്കൽ പോകുമ്പോൾ വഴിയിലെവിടെയോ ആ പണം വീണുപോയി. ഞാൻ ആ തുക തിരയുകയാണ്. അത് കിട്ടിയാലുടൻ ഞാൻ നല്കുന്നതായിരിക്കും.' അതിനുശേഷം അവർ ആ തുക തിരഞ്ഞുകൊണ്ടിരുന്നു. പക്ഷേ, എവിടെനിന്നും കിട്ടിയില്ല. അപ്പോൾ തന്റെ മകളിൽനിന്ന് കുറച്ചു പണം കടം വാങ്ങി ചന്ദ കൊടുത്തു. ഈ തുക നല്കിയതിനുശേഷം അവർ വീണ്ടും തന്റെ വീണുപോയ സഞ്ചി തിരയാൻ ശ്രമിച്ചു. അവർ പറയുന്നു. കുറച്ചു മീറ്റർ അകലത്തെത്തിയപ്പോൾ പ്ലാസ്റ്റിക് കവറിലിട്ടിരുന്ന ആ തുക നടുറോഡിൽ കിടക്കുന്നതു കണ്ടുകിട്ടി. അപ്പോൾ ഏറെ സന്തോഷത്തോടെ അടുത്തദിവസം തിരിച്ചുവന്നു. തന്റെ വാഗ്ദാനമനുസരിച്ചുള്ള മുഴുവൻ തുകയും നല്കി. പിന്നീട് ഇവർ ആളുകളോടു പറയാൻ തുടങ്ങി, 'വഖ്ഫെ ജദീദ് ചന്ദയുടെ ബർക്കത്തുകൊണ്ടാണ് അല്ലാഹു എന്റെ കളഞ്ഞുപോയ തുക തിരിച്ചുനല്കിയത്.'

മാലി റീജ്യണിലെ സക്കാഡോയിലെ ഒരു മുബല്ലിഗ് അഹ്മദ് ബിലാൽ സാഹിബ് എഴുതുന്നു: 'ഒരു നവഅഹ്മദി അഹ്മദ് ജലാ സാഹിബ് മിഷൻഹൗസിൽ വന്നു. അദ്ദേഹം പറഞ്ഞു. അദ്ദേഹം ആദ്യം മുടങ്ങാതെ ചന്ദ നല്കിയിരുന്നു. പക്ഷേ, കുറച്ചു സാമ്പത്തികബുദ്ധിമുട്ടു കാരണത്താൽ ചന്ദ കൊടുക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം അദ്ദേഹം സ്വപ്നത്തിൽ കണ്ടു; അക്കൂട്ടർ ഒരു ജനക്കൂട്ടത്തോടൊപ്പം വിശാലമായ ഒരു വഴിയിലൂടെ നടക്കുകയായിരുന്നു. ഈ വഴി മുമ്പോട്ടുപോയി പല വഴികളായി പിരിയുന്നു. പക്ഷേ മുന്നോട്ടു പിരിഞ്ഞുപോയ എല്ലാ വഴികളും വളരെ മോശവും ബുദ്ധിമുട്ടുള്ളതായും തീർന്നു. ആ അവസരത്തിൽ അദ്ദേഹം ദുആ ചെയ്തു. അപ്പോൾ ആകാശത്തുനിന്ന് വാഹനം വന്നു; അത് അദ്ദേഹത്തേയും കൊണ്ട് ആകാശത്തേക്കുപോയി. മോശമായി വഴി തീർന്നപ്പോൾ ആ വാഹനം അദ്ദേഹത്തെ വീണ്ടും വിശാലമായ വഴിയിലിറക്കി. അദ്ദേഹം പറയുന്നു: 'അവിടെ അദ്ദേഹം ഒരു മഹാത്മാവിനെ കണ്ടു. അദ്ദേഹം ഇദ്ദേഹത്തോടു പറഞ്ഞു. ഈ വാഹനം താങ്കളെ താങ്കളുടെ ചന്ദയുടെ കാരണത്താൽ കൊണ്ടുവരാൻ പോയതാണ്.' പറയുന്നു: 'ചില ഘട്ടങ്ങളിൽ പ്രയാസങ്ങൾ വരാറുണ്ട്. എന്നാൽ, ഒരു അഹ്മദി കൃത്യമായി അല്ലാഹുവിന്റെ വഴിയിൽ ചന്ദ കൊടുക്കുമ്പോൾ അല്ലാഹു ബുദ്ധിമുട്ടുകളുടെ നേരത്ത് അവരിൽ എളുപ്പമുണ്ടാക്കുന്നു.' ഈ നവഅഹ്മദി ചന്ദ നല്കി. അദ്ദേഹം പറഞ്ഞു: 'ഭാവിയിൽ എന്തു ബുദ്ധിമുട്ടുണ്ടായാലും ചന്ദ കൊടുക്കുന്നതിൽ ഒരിക്കലും അലംഭാവം കാണിക്കുകയില്ല; ഇതും യാദൃച്ഛിക സംഭവമാണോ?

ടാൻസനിയായിലെ അമീർ സാഹിബ് എഴുതുന്നു: 'അറൂശാ റീജ്യണിലെ ഒരു ജമാഅത്തിൽ ചന്ദഃയെ കുറിച്ചു വിവരിച്ചു. ഒരു ദരിദ്രയായ സ്ത്രീ, ഫാത്വിമ സാഹിബ വാഴപ്പഴവും മറ്റു പഴവർഗങ്ങളും വിറ്റാണ് ജീവിച്ചിരുന്നത്. അവർ രണ്ടു ദിവസത്തെ മുഴുവൻ വരുമാനവും വഖ്ഫെ ജദീദ് ചന്ദയായി നൽകി. തന്റെ കുടുംബത്തെയും കൃത്യമായി വഖ്ഫെ ജദീദിൽ പങ്കെടുപ്പിച്ചു.'

അതുപോലെ തന്നെ ജമാഅത്തിലെ ഒരു നിരാലംബയായ വനിതയേയും ഇതിലേക്കു ശ്രദ്ധ ക്ഷണിച്ചപ്പോൾ അടുത്ത ദിവസം രാവിലെ 8 മണിക്ക് അവർ സ്വയം മിഷൻ ഹൗസിൽ വന്നു. 5000 ഷെല്ലിംഗ് വഖ്ഫെ ജദീദ് ചന്ദയായി നല്കി. ഇവർ എപ്രകാരമാണ് ധനത്യാഗം ചെയ്യുന്നതെന്നു കാണുമ്പോൾ അത്ഭുതം തോന്നി പോകുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് ഇങ്ങനെയുള്ള ആളുകളെ സംബന്ധിച്ചാണ്.(ളമീമ രിസാല അഞ്ചാമെ ആഥം, റൂഹാനീ ഖസാഇൻ വാല്യം 11, പേജ് 313, അടിക്കുറിപ്പ്)ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, പറയുകയാണെങ്കിൽ ഈയാളുകൾ ത്യാഗവും ചെയ്യുന്നു.

ടാൻസാനിയ അമീർ സാഹിബെഴുതുന്നു: മാറാ റീജ്യണിലെ ജമാഅത്തിലെ ഒരു ആത്മാർഥ യുവാവുണ്ട്. പൊതുവെ ഇദ്ദേഹം വഖ്ഫെ ജദീദിന്റെ വർഷം അവസാനിക്കുന്നതിനു മുമ്പുതന്നെ പൂർണമായും ചന്ദ കൊടുക്കാറുണ്ട്. പക്ഷേ, ഈ വർഷം സാമ്പത്തികാവസ്ഥ ഞെരുക്കത്തിലായ കാരണത്താൽ അദ്ദേഹത്തിന് പതിനഞ്ചായിരം ഷെല്ലിംഗ് കുടിശ്ശികയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൈയിൽ നിസാരപണമേ ഉണ്ടായിരുന്നുള്ളു. ഷെല്ലിംഗിനാണെങ്കിൽ ഒരു വിലയുമില്ല. വളരെ കുറച്ചു മൂല്യമേയുള്ളൂ. അദ്ദേഹം കണക്കുകൂട്ടി. മാസത്തിന്റെ അവസാനത്തിൽ ഈ തുകതന്നെ ചന്ദ കൊടുത്താലും അദ്ദേഹത്തിന്റെ കൈയിൽ ചെലവിന് ഒന്നും ബാക്കിയാകുമായിരുന്നില്ല. എന്തായാലും അദ്ദേഹം അല്ലാഹുവിൽ സർവവും സമർപ്പിച്ച് ഈ തുക ചന്ദ കൊടുത്തു.

വിവരിക്കുന്നു: 'അടുത്ത ദിവസംതന്നെ അദ്ദേഹത്തിന്റെ ഓഫീസിൽനിന്നു ഫോൺവന്നു; കഴിഞ്ഞ മൂന്നുമാസമായി അദ്ദേഹത്തിന്റെ കുറച്ച് ബില്ലിന്റെ തുക അദ്ദേഹത്തിന് കൊടുക്കാനുണ്ടായിരുന്നു. അത് ക്ലിയറായിരിക്കുന്നു. ഇപ്രകാരംതന്നെ പുതുവർഷത്തിൽ അദ്ദേഹത്തിന്റെ ശംബളത്തിലും വർധന ഉണ്ടായിരിക്കുന്നു. ചന്ദയുടെ ബർക്കത്തുകൊണ്ടാണ് കുറച്ചുദിവസത്തിനുള്ളിൽ ആറിരട്ടി തുക കിട്ടിയതെന്നാണ് അദ്ദേഹത്തിന്റേയും ഈമാൻ. വീട്ടിലെ ചെലവ് എങ്ങനെ നടക്കുമെന്നുള്ള അവസ്ഥ എവിടെ? അല്ലാഹു ആറിരട്ടി കൂടുതൽ പണം നല്കിയ ഈ അവസ്ഥ എവിടെ?

ബുർക്കിനാഫാസോയിലെ കായ റീജ്യണിലെ മുബല്ലിഗ് എഴുതുന്നു: 'ഒരു അഹ്മദിയാണ് അബ്ദുസാഹിബ്. അദ്ദേഹം പറയുന്നു: ചന്ദ കൊടുക്കുന്നതിൽ പങ്കെടുക്കുമായിരുന്നു. പക്ഷേ, കൃത്യമായിട്ടല്ല. കഴിഞ്ഞവർഷം ചന്ദയുടെ എല്ലാ വകുപ്പുകളിലും ചേരാൻ പൂർണമായും ശ്രമിക്കുമെന്ന് ഞാൻ തീരുമാനിച്ചു. അദ്ദേഹം പറയുന്നു: ഞാൻ തീരുമാനമെടുത്തതു മുതൽ അല്ലാഹുവിന്റെ കൃപയാൽ ചന്ദ കൊടുക്കുന്നതിൽ മുടക്കമില്ലാത്തവനാണ്. ഞാൻ മുടങ്ങാതെ ചന്ദ കൊടുക്കാൻ തുടങ്ങിയപ്പോൾ എന്റെ എല്ലാ കാര്യങ്ങളും, എന്റെ ധനം, എന്റെ ആടുമാടുകൾ, കൃഷി എല്ലാത്തിലും ബർക്കത്തുണ്ടാകാൻ തുടങ്ങി. ഒരുപാടു ബുദ്ധിമുട്ടുകളുണ്ടായിരുന്നു. അതുകാരണം വളരെ പ്രയാസത്തിലായിരുന്നു. അത് മെല്ലെ മെല്ലെ പരിഹരിക്കപ്പെട്ടു. അദ്ദേഹം പറയുന്നു: കഴിഞ്ഞമാസം എന്റെ ഭാര്യ ഗർഭിണിയായിരുന്നു. ആശുപത്രി ചെലവിന് എന്റെ കൈയിൽ പണമുണ്ടായിരുന്നില്ല. എന്നാൽ, പ്രസവസമയമെത്തിയപ്പോൾ അല്ലാഹു അദൃശ്യത്തിൽനിന്ന് സഹായിച്ചു. എല്ലാ ഏർപാടുകളും നടന്നു. പെൺകുട്ടി ജനിച്ചു. ഭാര്യയും സുഖത്തിൽതന്നെയാണ്.' അദ്ദേഹം പറയുന്നു: ഇതെല്ലാം ഞാൻ കണ്ടു. ഇതെല്ലാം ചന്ദയുടെ ബർക്കത്തുകൊണ്ടാണെന്ന് ഞാൻ ചിന്തിക്കുന്നു.'

റഷ്യയിലെ മുബല്ലിഗ് എഴുതുന്നു: 'ബദായാ അസ്‌വാദവ് സാഹിബ് അർമേനിയക്കാരനാണ്. പക്ഷേ, റഷ്യയിൽ താമസിക്കുന്നു. ഒരുപാടു വായിച്ചതിനും ചിന്തിച്ചതിനും ആലോചിച്ചതിനും ശേഷമാണ് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടിയത്. അഹ്മദിയ്യത്ത് സ്വീകരിച്ചതോടൊപ്പം അദ്ദേഹത്തോടു ജമാഅത്തിലെ സാമ്പത്തിക വ്യവസ്ഥിതിയെ പരിചയപ്പെടുത്തി. അതിനുശേഷം അദ്ദേഹം മുടങ്ങാതെ ഓരോ മാസവും ചന്ദ വഖ്ഫെ ജദീദും തഹ്‌രീക്കെ ജദീദും കൊടുക്കാൻ തുടങ്ങി. ജോലിയുമായി ബന്ധപ്പെട്ട് രാജ്യത്തിനകത്തും പുറത്തും ധാരാളം യാത്ര ചെയ്യുന്നു. പക്ഷേ, യാത്രകളിൽ ആയിരുന്നിട്ടും മുടങ്ങാതെ ചന്ദ നല്കുന്നു. അദ്ദേഹത്തിന് ചെറുതും വലുതുമായ ജോലിയാണ്. വലിയ കഴിവുള്ളയാളൊന്നുമല്ല. അതുകൊണ്ടാണ് യാത്ര ചെയ്യുന്നത്.

അസ്‌വാദവ് സാഹിബ് പറയുന്നു: 2020–ൽ തന്റെ ജോലിയുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് അർമേനിയായിൽ പോകണമായിരുന്നു. അവിടെനിന്ന് കാസാനിലും പോകണമായിരുന്നു. ഈ ജോലി വളരെ നിർബന്ധമായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ കൈയിൽ വഴിച്ചെലവിന് ഉചിതമായ തുക ഉണ്ടായിരുന്നില്ല. പ്രയാസമുണ്ടായിരുന്നു. ദുആയും ചെയ്യുന്നുണ്ടായിരുന്നു. പറയുന്നു: ഫെബ്രുവരിയിൽ ഇദ്ദേഹത്തിന് കൊടുക്കേണ്ടതായ തുക ഒരു കമ്പനി ഡിസംബർ 30ന് ഇദ്ദേഹത്തിന്റെ അക്കൗണ്ടിൽ ഇട്ടുകൊടുത്തു. ഇദ്ദേഹം പറയുന്നു: അദ്ദേഹത്തിനു പുറമെ വേറേയും ആളുകളുണ്ട്; എനിക്ക് ഈ തുക ഫെബ്രുവരിക്കു പകരം ഡിസംബറിൽ കിട്ടി. ഇത് ചന്ദയുടെ ബർക്കത്താണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഈ തുക എനിക്കു മാത്രം ഡിസംബറിൽ എങ്ങനെ കിട്ടിയെന്നത് ചിന്തയ്ക്കതീതമാണ്. അദ്ദേഹം എഴുതുന്നു: 'അല്ലാഹുവിന്റെ പെരുമാറ്റവും സ്നേഹത്തിന്റെ അളവും കേവലം ഒരു അഹ്മദി മുസ്‌ലിമിനെ അറിയാൻ കഴിയുകയുള്ളൂ.' ഇങ്ങനേയും അല്ലാഹു ഈമാൻ ശക്തിപ്പെടുത്തുന്നു.

ഐവറികോസ്റ്റിൽനിന്ന് സാൻവേഡ്റോ റീജ്യണിലെ മുബല്ലിഗ് വഖാർ സാഹിബെഴുതുന്നു: ഇവിടെ വേഡ്റോ റീജ്യണിൽ 2014–ൽ ഫത്ഹാകരോ ഗ്രാമത്തിൽ 20 പേരടങ്ങിയ ഒരു ചെറിയ ജമാഅത്ത് രൂപീകൃതമായി. ഇവിടെ ജാറ സാഹിബ് എന്നൊരു സാഹിബുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുമ്പേയുള്ള ബന്ധം ബുർക്കിനോ ഫാസോയുമായിട്ടായിരുന്നു. ഈ ജമാഅത്തിലെ ഒരു ആക്ടീവ് മെമ്പറാണ് ഇദ്ദേഹം. ഒരു വർഷമായി ഇദ്ദേഹം ബുർക്കിനോ ഫാസോയിൽ മടങ്ങിപ്പോയിരുന്നു. അദ്ദേഹം മടങ്ങിപ്പോയപ്പോൾ ഒരുപാട് പ്രയാസമുണ്ടായി. കാരണം ബാക്കിയുള്ളവർ അത്രമാത്രം കർമോത്സുകരായിരുന്നില്ല. അവർക്ക് തർബിയ്യത്തിന്റെ ആവശ്യമുണ്ടായിരുന്നു. എന്തായാലും അദ്ദേഹത്തിന്റെ മകൻ വിവാഹിതനും കൃഷിക്കാരനുമായ ഈസാ ജാറയുമായി ബന്ധപ്പെട്ടു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ നാഷണൽ ഇജ്തിമായിൽ പങ്കെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ചന്ദയുടെ പ്രാധാന്യവും അനുഗ്രഹവും ജമാഅത്ത് വ്യവസ്ഥിതിയോടു ദൃഢമായ ബന്ധവും ഉണ്ടാക്കാനും ദുആ ചെയ്തുകൊണ്ടിരിക്കാനും പറഞ്ഞു. ഇതിനുശേഷം ഡിസംബറിൽ നാഷണൽ ജൽസസാലാനയ്ക്കുമുമ്പേ അദ്ദേഹം എന്റെ അടുത്തുവന്നു. 10000 ഫ്രാങ്ക് സിഎഫ്എ ചന്ദ നല്കി. അപ്പോൾ ഞാൻ അദ്ദേഹത്തോടു അത്ഭുതപ്പെട്ടു ചോദിച്ചു? കാരണം അത് അദ്ദേഹത്തിന്റെ അവസ്ഥ നോക്കുമ്പോൾ അധികമായിരുന്നു. ഈ തുക താങ്കൾ എങ്ങനെയാണ് കൊടുത്തത്? അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ ചന്ദ കൊടുക്കാൻ തുടങ്ങിയതുമുതൽ എന്നിൽ അല്ലാഹുവിന്റെ അസംഖ്യം ഫള്ൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. എനിക്ക് എന്റെ വയലിൽനിന്ന് മറ്റുള്ളവരെക്കാൾ ലാഭം ഉണ്ടാകുന്നു. ഞാൻ കുറച്ചുകാലംമുമ്പേ സ്വപ്നത്തിൽ കണ്ട പ്രശോഭിതമായ മുഖമുള്ള ഒരു മാഹാത്മാവ് ആളുകളെ നന്മകളുടെ വഴിയിലേക്ക് ക്ഷണിച്ചു കൊണ്ടിരിക്കുന്നു.' ഇദ്ദേഹം പറയുന്നു. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആയിരുന്നു. അദ്ദേഹം ലോകത്തെ സന്മാർഗത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹുവിന് ശുക്ർ എനിക്ക് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കാൻ തൗഫീഖ് കിട്ടി. ഇദ്ദേഹം പറയുന്നു: 'ഇനി ഞാൻ മുടങ്ങാതെ ചന്ദ നല്കുന്നതായിരക്കും.'

ഇന്ത്യയിലെ വഖ്ഫെ ജദീദ് ഇൻസ്പെക്ടർ 12 വയസുള്ള ഒരു പെൺകുട്ടിയെ കുറിച്ചു പറയുന്നു: പലവർഷമായി ആ പെൺകുട്ടി വഖ്ഫെ ജദീദ് ചന്ദ നല്കി വരുന്നു. ഒരു സഞ്ചിയിൽ തുക സ്വരുക്കൂട്ടി വെക്കുന്നു. അവൾക്ക് സംസാരിക്കാനോ കേൾക്കാനോ കഴിവ് ഉണ്ടായിരുന്നില്ല. എന്നാൽ, എന്ത് തുക ലഭിച്ചാലും അവൾ ചന്ദഃയായി നല്കുമായിരുന്നു. മറ്റുള്ളവർ ചന്ദഃ നല്കുന്നതുകണ്ട് അവൾക്കും താല്പര്യം ജനിച്ചതാണ്.

ഇപ്രകാരംതന്നെ ലൈബീരിയായിൽ നിന്ന് ഒരു മുബല്ലിഗ് സാഹിബ് എഴുതുന്നു? കൗണ്ടിയിലെ ഒരു ജമാഅത്താണ് ക്യാപമൗണ്ട്. അവിടെ മഗ്‌രിബ് –ഇശാ നമസ്കാരത്തിനുശേഷം ഞാൻ ജമാഅത്തംഗങ്ങളോടു വഖ്ഫെ ജദീദ് ചന്ദയെ കുറിച്ച് പറഞ്ഞു. ജമാഅത്തംഗങ്ങൾ മാമൂൽ അനുസരിച്ച് തങ്ങളുടെ ഊഴംപോലെ തങ്ങളുടേയും കുടുംബത്തിന്റേയും ചന്ദ കൊടുക്കാൻ തുടങ്ങി. അതിന്നിടയിൽ രണ്ടു ചെറിയ കുട്ടികൾ അസീസം സുലയ്മാനും അസീസം അബ്ദുല്ലാ കുമാരയും മസ്ജിദിൽനിന്ന് എഴുന്നേറ്റുപോയി. കുറച്ചു കഴിഞ്ഞ് അവർ തിരിച്ചുവന്നു. 20, 20 ലൈബീരിയൻ ഡോളർ വീതം ചന്ദ നല്കി.' പറയുന്നു, പൊതുവെ അവിടെ കുട്ടികളുടെ ചന്ദകൊടുക്കുന്നത് മാതാപിതാക്കളാണ്. അതുകൊണ്ട് ഞാൻ ആ കുട്ടികളോടു നിങ്ങൾ സ്വയമേവ ചന്ദ കൊടുക്കുന്നത് എന്തുകൊണ്ടാണെന്ന് ചോദിക്കാമെന്ന് വിചാരിച്ചു. അപ്പോൾ രണ്ടുപേരും പറഞ്ഞു, കാലത്തിന്റെ ഖലീഫയുടെ നിർദേശം കുട്ടികളും ചന്ദ കൊടുക്കണമെന്നതാണെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു. അതുകൊണ്ട് പൈസ ഒരുമിച്ചുകൂട്ടി ഞങ്ങളുടെ ചന്ദ ഞങ്ങൾതന്നെ കൊടുക്കണമെന്നു ഞങ്ങൾ വിചാരിച്ചു.

ദൂരദൂരെയുള്ള കുട്ടികൾ കാലത്തിന്റെ ഖലീഫയെ ഒരിക്കൽപോലും കണ്ടിട്ടില്ല. പക്ഷേ, ഈ ആത്മാർഥതയും ബന്ധവും അല്ലാഹുവിനുമാത്രമാണ് അവരുടെ മനസ്സിൽ ഉണ്ടാക്കാൻ കഴിയുന്നത്. അല്ലാഹു അവരുടെ ആത്മാർഥതയും കൂറും വർധിപ്പിക്കുമാറാകട്ടെ. അതിനാൽ കുട്ടികളാകട്ടെ, വലിയവരാകട്ടെ, നവഅഹ്മദികളാകട്ടെ, പഴയ അഹ്മദികളാകട്ടെ അവർക്ക് അല്ലഹുവിന്റെ സ്നേഹത്തെ പ്രാപിക്കാനുള്ള ഒരു മാർഗം അവന്റെ വഴിയിൽ ചെലവഴിക്കുക എന്നതാണെന്ന ഗ്രാഹ്യമുണ്ട്. ചിലർക്ക് അല്ലാഹു സ്വയം മാർഗദർശനം നല്കുകയും ചെയ്യുന്നു. ഞാൻ സംഭവങ്ങളിൽ വിവരിച്ചതുപോലെ ഇവർ നബി(സ)തിരുമേനി നിർദേശിച്ചതനുസരിച്ച് അല്ലാഹുവിന്റെ വഴയിൽ ചെലവു ചെയ്ത് 'അസൂയാർഹർ' എന്ന് പറയപ്പെടുന്നവരാണ്.

ഇനി ഞാൻ വഖ്ഫെ ജദീദിനെ സംബന്ധിച്ച് കഴിഞ്ഞ വർഷം അത് വരിച്ച ത്യാഗത്തിന്റെ റിപ്പോർട്ട് സമർപിക്കുന്നതാണ്. അതോടൊപ്പം പുതുവർഷ വിളംബരം നടത്തുന്നതായിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ ജദീദിന്റെ 62–ാം വർഷം ഡിസംബർ 31 ന് അവസാനിച്ചു. പുതുവർഷം ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നു. ഈ കാലയളവിൽ അഖിലലോക അഹ്മദിയ്യാ ജമാഅത്തിന് വഖ്ഫെ ജദീദിനായി 96,43,000 പൗണ്ടിന്റെ ധനത്യാഗം ചെയ്യാനുള്ള ഭാഗ്യം ലഭിച്ചു. കഴിഞ്ഞ വർഷത്തെക്കാൾ 5 ലക്ഷം പൗണ്ട് വർധിച്ചിട്ടുണ്ട്.

ഈ വർഷം ബ്രിട്ടൺ ലോക ജമാഅത്തുകളിൽവച്ച് മൊത്തമായ നിലയിൽ വസൂലിയുടെ അടിസ്ഥാനച്ചിൽ ഒന്നാം സ്ഥാനത്താണ്. വിശദീകരണം ഇങ്ങനെയാണ്. ബ്രിട്ടൺ ഒന്നാം സ്ഥാനത്ത്. പിന്നെ പാകിസ്താൻ, പിന്നെ ജർമനി, അമേരിക്ക, കനഡ, പിന്നെ ഇന്ത്യ, ആസ്ട്രേലിയ, ഇന്തൊനീഷ്യ, പിന്നീടുള്ളത് മിഡിൽ ഈസ്റ്റിലെ രണ്ടു ജമാഅത്തുകളാണ്.

വഖ്ഫെ ജദീദിൽ അഭിവൃദ്ധിപ്പെടുമെന്ന് ഇവിടുത്തെ അമീർ സാഹിബ് പറഞ്ഞിരുന്നു. അദ്ദേഹം തന്റെ വാക്ക് പാലിക്കുകതന്നെ ചെയ്തു.

പത്തു ജമാഅത്തുകൾ, അവരുടെ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് തദ്ദേശ കറൻസിയിൽ ഒരുപാട് വർധന ഉണ്ടായിട്ടുണ്ട്. അവയിൽ ഇന്തൊനീഷ്യ ഒന്നാം സ്ഥാനത്താണ്. പിന്നീട് ജർമനി, അമേരിക്ക. ഇതിനുശേഷം മറ്റു ജമാഅത്തുകളാണ്. എന്തായാലും 3 വലിയ ജമാഅത്തുകൾ ഇവയാണ്. ഇന്ത്യയും വലിയ വർധന വരുത്തിയിട്ടുണ്ട്. പിന്നെ കനഡ, യു.കെ, മിഡിൽ ഈസ്റ്റിലെ ജമാഅത്തുകൾ. പാകിസ്താനെയും ആസ്ട്രേലിയയെയും വച്ച് നോക്കുമ്പോൾ ഇന്ത്യയുടെ പ്രാദേശിക കറൻസിയുടെ വർധന ത്യാഗത്തിന്റെ അടിസ്ഥാനത്തിൽ ഈ രാജ്യങ്ങളെ അപേക്ഷിച്ച് അധികമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യ 5–ാം സ്ഥാനത്താണ്.

മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ ആഫ്രിക്കയിലെ ജമാഅത്തുകളിൽ ഒന്നാം സ്ഥാനത്ത് ഘാന. രണ്ട് നൈജീരിയ, മൂന്ന് ബുർക്കിനാ ഫാസോ, നാല് ടൻസാനിയ, അഞ്ച് ബെനിൻ, ആറ് ഗാംബിയാ, ഏഴ് കെനിയ, എട്ട് മാലി, ഒമ്പത് സിയറ ലിയോൺ, പത്ത് കോംഗോ കിൻഷാസ (Congo Kinshasa)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം വഖ്ഫെ ജദീദ് ചന്ദയിൽ പങ്കെടുത്തത് 18,21,000 പേരാണ്. ഈ വർഷം 89,000 പേരുടെ വർധന ഉണ്ടായിട്ടുണ്ട്. എണ്ണത്തിൽ ഈ വർഷം വർധനയുണ്ടാ

ക്കിയ ജമാഅത്തുകളിൽ കാമറൂൻ (Cameroon) ഒന്നാം സ്ഥാനത്താണ്. പിന്നെ സെനിഗൾ, സിയ റലിയോൺ, നൈജീരിയ, ബുർക്കിനാ ഫാസോ, ഇന്തൊനീഷ്യ, പിന്നീട് ഇതുപോലുള്ള മറ്റു ജമാഅത്തുകളും.

മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ ബ്രിട്ടനിലെ 10 വലിയ ജമാഅത്തുകൾ ഇസ്‌ലാമാബാദ്, ഓൾഡ റഷാട്ട്, വോസ്റ്റർ പാർക്ക്, ബെർമിംഗ്ഹം സൗത്ത്, മസ്ജിദ് ഫള്ൽ, പുട്ട്നി, ഛിലിംഗ്ഹം, ബെർമിംഗ്ഹം, ന്യൂമോൾഡൻ, ബെർമിംഗ്ഹം വെസ്റ്റ്, ഹൗസലൊ നോർത്ത്.

റീജ്യൺസിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ അഞ്ചു റീജ്യൺസ്. ബയ്ത്തുൽ ഫുതൂഹ് റീജ്യൺ ഒന്നാം സ്ഥനത്ത്. മസ്ജിദ് ഫള്ൽ റീജ്യൺ, മിഡ് ലാന്റ് റീജ്യൺ. പിന്നീട് ഇസ്‌ലാമാബാദ് റീജ്യൺ. പിന്നീട് ബയ്ത്തുൽ ഇഹ്സാൻ റീജ്യൺ.

ദഫ്ത്തർ അത്ഫാലിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ പത്തു ജമാഅത്തുകൾ ഓൾഡർ ഷാട്ട്, റോഹംടൺ, പുട്ട്നി, ഇസ്‌ലാമാബാദ്, മച്ചംപാർക്ക്, പിന്നീട് ചെയിം, ലമിംഗ്ടൺ, വോസ്റ്റർ പാർക്ക്, റയിൻസ് പാർക്ക്, സർബട്ടൺ

പാക്കിസ്താനിലെ ചന്ദ ബാലിഗാന്റെ ആദ്യത്തെ മൂന്ന് വലിയ ജമാഅത്തുകൾ ലാഹോർ,റബ്‌വ, കറാച്ചി. പാക്കിസ്താൻ കറൻസിയുടെ മൂല്യക്കുറവ് കാരണത്താൽ അവർ പിന്നിലേക്ക് പോയി. കഴിഞ്ഞ വർഷത്തെ അത്ര മൂല്യമുണ്ടായിരുന്നെങ്കിൽ പാക്കിസ്താൻ ഇപ്രാവശ്യം ഒന്നാം സ്ഥാനത്തുതന്നെ വരേണ്ടതായിരുന്നു. ബ്രിട്ടന്റെ അത്ര വലിയ തികവൊട്ട് ഇല്ലതാനും. ചന്ദ ബാലിഗാന്റെ പാക്കിസ്താനിലെ ജില്ലകൾ ഇസ്‌ലാമാബാദ്, സിയാൽക്കോട്ട്, റാവൽപിണ്ടി, ഗുജ്റൻവാല, മുൾത്താൻ, ഉമർക്കോട്ട്, ഹൈദ്രാബാദ്, ഡേറ ഗാസിഖാൻ, മീർപൂർ ഖാസും പെശാവറും.

മൊത്തം വസൂലിയുടെ അടിസ്ഥാനത്തിലുള്ള പത്തു ജമാഅത്തുകൾ ഇവയാണ്. ഇസ്‌ലാമാബാദ് നഗരം, ടൗൺഷിപ്പ് ലാഹോർ, ഡിഫൻസ് ലാഹോർ, ദാറുദ്ദിക്ർ ലാഹോർ, ഗുൽശൻ ഇഖ്ബാൽ കറാച്ചി. സമനാബാദ് ലാഹോർ, റാവൽപിണ്ടി നഗരം, അസീസാബാദ് കറാച്ചി, ഗുൽശൻ ജാമി കറാച്ചി, ദില്ലിഗേയ്റ്റ് ലാഹോർ.

അവിടെ എല്ലാതരത്തിലുള്ള അവസ്ഥകളും മോശമാണ്. അങ്ങനെയായിട്ടും ദൈവകൃപയാൽ അവിടേയും വലിയ ത്യാഗം ചെയ്യുന്ന ആളുകളുണ്ട്.

ദഫ്ത്തറെ അത്ഫാലിൽ പാക്കിസ്ഥാനിലെ മൂന്നു വലിയ ജമാഅത്തുകൾ, ഒന്ന് ലാഹോർ, രണ്ട് കറാച്ചി, മൂന്ന് റബ്‌വ.

ജില്ലകളുടെ സ്ഥാനങ്ങൾ ഇപ്രകാരമാണ്: സിയാൽക്കോട്ട്, ഗുജ്റൻ വാല, സർഗോദ, ഹൈദ്രാബാദ്, ഡേറ ഗാസിഖാൻ, ശെയ്ഖ്പുര, മീർപൂർ ഖാസ്, ഉമർക്കോട്ട്, ഒക്കാഡ, പെശാവർ.

വസൂലിയുടെ അടിസ്ഥാനത്തിൽ ജർമനിയിലെ അഞ്ചു ലോക്കൽ ജമാഅത്തുകൾ, ലോക്കൽ ഇമാറത്തുകൾ ഒന്നാം സ്ഥാനം ഹംബർഗ്, ഫ്രാങ്ക്ഫർട്ട്, ഡിസ്റ്റൻ ബാഖ്, ഗ്രോസ് ഗേരാവ്, വേസ്ബാദൻ,

വഖ്ഫെ ജദീദിലെ ചന്ദ ബാലിഗാനിൽ ആദ്യത്തെ പത്തു ജമാഅത്തുകൾ, നോജൗസ്, റോഡർ മാർക്ക്, നിഡാ, മഹ്ദിയാബാദ്, ഫ്ളോറസ് ഹെയിം, ഫ്രഡ്ബർഗ്, ബേൻസ് ഹെയിം, ലാങ്കൺ, കോബ്ലിൻസ്, ഹനാവ്, പനീബർഗ്.

ദഫ്ത്തറെ അത്ഫാലിൽ ആദ്യത്തെ അഞ്ചു റീജ്യൺ ഹെയ്സൻ സൗത്ത് ഈസ്റ്റ്, ഹെയ്സൻ മട്ടെ, താഉനിസ്, പേസൻ സൗത്ത്, റാഇൻ ലാന്റ് ഫാൽസ്, ഇവയുടെ പേരുകൾ ജർമൻകാർതന്നെ ശരിയാക്കുക.

വസൂലിയുടെ അടിസ്ഥാനത്തിൽ അമേരിക്കയിലെ ആദ്യ 10 ജമാഅത്ത്. മെരിലാന്റ്, സിലിക്കൻവാലി, ലോസ് എഞ്ചൽസ്, ഹ്യൂസ്റ്റൺ, സെൻട്രൽ വെർജീനിയ, സൈനൽ, ഡേട്രോയിറ്റ്, സൗത്ത് വെർജീനിയ, ചിക്കാഗോ, നോർത്ത് വെർജിനിയ.

വസൂലിയുടെ അടിസ്ഥാനത്തിൽ കനഡയിലെ ഇമാറത്തുകൾ. വാൻ, കൽഗരി, പീസ് വില്ലേജ്, വെങ്കൂർ, മിസിസ്സാഗ.

വലിയ ജമാഅത്തുകൾ, ഡർഹം, ബ്രഡ് ഫോർഡ്, അഡ്മിന്റൺ വെസ്റ്റ്, മിൽടൺ വെസ്റ്റ്, ഹെമൽടൺ മൗണ്ടൻ, ഒട്ടോവ ഈസ്റ്റ്, ഒട്ടോവ വെസ്റ്റ്, എയർഡ്രീ, വെയനീപെഗ്, എബഡ്സ് ഫോർഡ്.

ദഫ്ത്തറെ അത്ഫാലിന്റെ നല്ല പ്രവർത്തനം കാഴ്ചവച്ച അഞ്ചു ഇമാറത്തുകൾ. വാഗൺ, ഞാൻ വിചാരിക്കുന്നത് 'വാൻ' ആയിരിക്കുമെന്നാണ്. അവർ ഉർദുവിൽ അത് വാഗനാക്കിയതാണ്. കൽഗരി, പീസ് വില്ലേജ്, ബ്രേംടൺ വെസ്റ്റ്.

ദഫ്ത്തറെ അത്ഫാലിന്റെ നല്ല പ്രവർത്തനം കാഴ്ചവച്ച അഞ്ചു ജമാഅത്തുകൾ. ഡർഹം, ബ്രഡ്ഫോർഡ്, മിൽട്ടൺ വെസ്റ്റ്, എയർഡ്രീ, ഹെമൽടൺ മൗണ്ടൻ.

ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ്. രണ്ട് ജമ്മുകശ്മീർ, മോശമായ സാഹചര്യമായിരുന്നിട്ടും രണ്ടാം സ്ഥാനത്താണ്. മൂന്ന് കർണാടക, പിന്നെ തമിഴ്നാട്, തെലുങ്കാന, ഒഡീഷ, പഞ്ചാബ്, വെസ്റ്റ് ബംഗാൾ, ദില്ലി, ഉത്തർ പ്രദേശ്.

പിരിഞ്ഞുകിട്ടിയ തുകയുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ ജമാഅത്തുകൾ, പത്തപിരിയം ഒന്നാം സ്ഥാനത്ത്, ഖാദിയാൻ രണ്ടാം സ്ഥാനത്ത്, പിന്നെ ഹൈദ്രാബാദ്, കോഴിക്കോട്, ബാംഗ്ലൂർ, കോയമ്പത്തൂർ, കൊൽക്കട്ട, കരുളായി, കേരങ്, പഴയങ്ങാടി.

വസൂലിയുടെ അടിസ്ഥാനത്തിൽ ആസ്ത്രേലിയായിലെ 10 ജമാഅത്ത്: മെൽബോൺ ലോംഗ് വാരിൻ, കാസിൽഹിൽ, മെൽബോൺ ബെർവിക്, മാർസഡൻ പാർക്ക്, എഡീൽഡ് സൗത്ത്, എംടി ഡ്രോയിറ്റ്, പെൻറിത്ത്, ബ്ലാക് ടൗൺ, കാൻബെറാ, പെർത്ത്.

ആസ്ത്രേലിയായിലെ അത്ഫാലിൽ മെൽബോൺ ലോംഗ് വാരിൻ, എഡീൽഡ് സൗത്ത്, മെൽബോൺ ബെർവിക്, എംടി ഡ്രോയിറ്റ്, പെൻറിത്ത്, ലോഗൺ ഈസ്റ്റ്, പെർത്ത്, മാർസഡൻ പാർക്, കാസിൽഹിൽ, ലോഗോൺ വെസ്റ്റ്.

ആസ്ത്രേലിയായിലെ ബാലിഗാൻ ജമാഅത്തുകൾ. കാസിൽഹിൽ, മെൽബോൺ ലോംഗ് വാരിൻ, മാർസഡൻ പാർക്, മെൽബോൺ ബെർവിക്, എംടി ഡ്രോയിറ്റ്, ബ്ലാക് ടൗൺ, എഡീൽഡ് സൗത്ത്, പെൻറിത്ത്, കാൻബെറാ, പെർത്ത്.

ഇവിടേയും ഈയിടെ തീ നാശം വിതച്ചിരുന്നു. അല്ലാഹു അവരിലും കരുണ ചൊരിയുമാറാകട്ടെ. ഇവർ യഥാർഥത്തിൽ തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയുന്നവരുമാകട്ടെ. പക്ഷേ, ഇതൊക്കെയായിട്ടും അവിടെ അഹ്മദി ത്യാഗങ്ങൾ സമർപിച്ചുകൊണ്ടിരിക്കുന്നു. ലോകത്ത് ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാവരുടേയും ധനത്തിലും ആയുസ്സിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ.

പാകിസ്ഥാനിലെ ജീവിതാവസ്ഥ ഞാൻ പറഞ്ഞതുപോലെ സാമ്പത്തികമായ നിലയിൽ വളരെ മോശമായി കൊണ്ടിരിക്കുകയാണ്. ഇതു കാരണം കറൻസിക്ക് ഒരു മൂല്യവുമില്ല. അതുകൊണ്ട് അവരുടെ സ്ഥാനവും പിന്നിലേക്കു പോയി. എന്നാലും ഇതൊക്കെയായിട്ടും ത്യാഗത്തിൽ അവർ ഒരു കുറവും വരുത്തുകയില്ല. ഇതുപോലെ തന്നെ രാഷ്ട്രീയമായ അവസ്ഥകളും വളരെ മോശമാണ്. അത് സാമ്പത്തികാവസ്ഥകളെ ബാധിക്കുന്നു. പിന്നെ ഈ മേഖലയിൽ ഇന്ത്യയും പാകിസ്താനും തമ്മിലുള്ള സംഘർഷവും വർധിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ ഇന്ത്യയിൽ, വാർത്തകളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ആഭ്യന്തരാവസ്ഥയും വളരെ മോശമാണ്. ലോകത്തിന്റെ പൊതുവിലുള്ള അവസ്ഥയും നാശത്തെ ക്ഷണിച്ചു വരുത്തുന്നതുപോലെയാണ് തോന്നുന്നത്. മിഡിൽ ഈസ്റ്റിന്റെ അവസ്ഥകളും മോശമാണ്. ഇറാന്റെയും അമേരിക്കയുടെയും ഇസ്റായീലിന്റെയും യുദ്ധഭീതി വർധിച്ചുകൊണ്ടിരിക്കുന്നു. മുസ്‌ലിം രാജ്യങ്ങൾക്ക് പരസ്പര ഐക്യമില്ല. അതുകൊണ്ട് ലോകത്തെ നാശത്തിൽനിന്നു രക്ഷിക്കുന്നതിനും അവരെ അല്ലാഹുവിലേക്കു തിരിക്കുന്നതിനുംവേണ്ടി നമുക്കു ദുആ അധികമായി ചെയ്യേണ്ടതുണ്ട്. അല്ലാഹു അനുഗ്രഹിക്കട്ടെ. അവർക്കു ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ.

പുതുവർഷം ആരംഭിച്ചിരിക്കുകയാണ്. നമ്മൾ പരസ്പരം ആശംസകളും അർപിക്കുന്നു. പക്ഷേ, അന്ധകാരത്തിന് കട്ടികൂടിക്കൊണ്ടിരിക്കുകയാണ്. അതിനാൽ ഈ വർഷം അനുഗ്രഹപൂർണമായി തീരുവാൻ നമുക്ക് അല്ലാഹുവിന്റെ മുമ്പിൽ ദുആ ഇരക്കേണ്ടത് നിർബന്ധമാണ്. അല്ലാഹു ഈ വർഷത്തെ അപ്രകാരം അനുഗ്രഹിക്കട്ടെ. എന്നാൽ, ലോക ഭരണകൂടങ്ങൾ അവരുടെ മഹത്ത്വം പ്രകടിപ്പിക്കുന്നതിനായി ലോകത്തെ വിനാശത്തിലേക്കു കൊണ്ടുപോകുന്നതിനു പകരം ലോകത്ത് സമാധാനവും നീതിയും നടപ്പാക്കുന്നവരാകട്ടെ. ദുരഭിമാനത്തിൽപെട്ട് രാജ്യങ്ങളുടെ നേട്ടത്തിനായി മനുഷ്യത്വത്തെ നശിപ്പിക്കുന്നവരായി മാറാതിരിക്കട്ടെ. അല്ലാഹു അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. ഈ മുസ്‌ലിം രാജ്യങ്ങൾ, നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസൻ, ഹദ്റത്ത്മസീഹ് മൗഊദ്(അ)ന്റെ ഒപ്പം ചേർന്ന് നബി(സ) തിരുമേനിയുടെ പതാക ലോകത്ത് പാറിപറത്തുന്നതിനു സഹായിക്കുന്നവരാകട്ടെ. തൗഹീദിനെ ലോകത്ത് സ്ഥാപിക്കുന്നവരായി മാറട്ടെ. അല്ലാതെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ശത്രുത പുലർത്തുന്നവരാകാതിരിക്കട്ടെ. അല്ലാഹു നമുക്ക് മുമ്പത്തേക്കാൾ ഉപരിയായി കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചതിന്റെ കടമ പൂർത്തിയാക്കുന്നതിനു തൗഫീഖ് നല്കി അനുഗ്രഹിക്കട്ടെ. ഈ കടമ പൂർത്തിയാക്കിക്കൊണ്ട് ലോകത്ത് തൗഹീദിന്റെ പതാക പാറിപറത്തുന്നവരാകട്ടെ. ലോകത്തെ നബി(സ) തിരുമേനിയുടെ പതാകക്ക് കീഴിൽ കൊണ്ടുവരുന്നവരാകട്ടെ. അതിനായി നമ്മുടെ എല്ലാ കഴിവും മാർഗങ്ങളും വിനിയോഗിക്കുന്നവരാകട്ടെ. നമ്മൾ ഇങ്ങനെ ചിന്തിക്കുന്നില്ലെങ്കിൽ ഈ ചിന്തയോടുകൂടി ദുആ ചെയ്യുന്നില്ലെങ്കിൽ , സ്വന്തം ദുആയോടുകൂടി പുതുവർഷത്തിൽ പ്രവേശിക്കുന്നില്ലെങ്കിൽ പിന്നെ പുതുവർഷത്തിൽ നാം പരസ്പരം നല്കുന്ന ആശംസകൾ വെറും ഉപരിതലത്തിലുളളതായിരിക്കും. അതുകൊണ്ടു ഒരു പ്രയോജനവും ഉണ്ടാകുകയില്ല.

അതുകൊണ്ടു പുതുവർഷത്തിന്റെ യഥാർഥ ആശംസ നമ്മളിൽ എന്തൊരു ഉത്തരവാദിത്വമാണോ അർപിക്കുന്നത്, അത് എല്ലാ അഹ്മദിയ്ക്കും ചെറിയവർക്കും വലിയവർക്കും പുരുഷനും സ്ത്രീയ്ക്കും ബോധ്യമുണ്ടായിരിക്കേണ്ടതാണ്. അതിനായി എല്ലാ പരിശ്രമങ്ങളും കഴിവുകളും ഉപയോഗിക്കേണ്ടതാണ്. നമ്മുടെ ദുആകളിലും അല്ലാഹുവുമായുള്ള ബന്ധത്തിലും ഒരു പ്രത്യേക വികാരം ഉണ്ടാക്കിയെടുക്കുന്നതിനായി പരിശ്രമിക്കേണ്ടതാണ്. അപ്പോഴാണ് നമ്മുടെ ഈ വർഷം യഥാർഥ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതായി മാറുന്നത്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)
# വാഗ്ദത്ത മഹ്ദീ മസീഹ്

**(ദി റിവ്യൂ ഓഫ് റിലീജ്യൻസ്, നവംബർ 2019.**
**വിവർത്തകൻ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്)**

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച...)**

## റോസാപ്പൂവുമായി താരതമ്യപ്പെടുത്തിക്കൊണ്ടുള്ള സൂറഃഫാത്തിഹായുടെ ഗുണങ്ങൾ

ഈ അതുല്യതയുടെ മൂലകങ്ങൾ സൂറഃഫാത്തിഹായിലും കണ്ടെത്തേണ്ടതാണെന്നു മനസ്സിലാക്കപ്പെടേണ്ടതുണ്ട്. യഥാർഥത്തിൽ വിശുദ്ധഖുർആന്റെ ഏറ്റവും ചുരുങ്ങിയ ഭാഗങ്ങളിലാണവ. ഒന്നാമതായി അതിന്റെ ബാഹ്യരൂപം നിരീക്ഷിക്കുകയും വർണാഭമായ അതിന്റെ ശബ്ദയോജനയും മനോഹരമായ വിശദീകരണവും അനുക്രമവും മറ്റു ഗുണങ്ങളും ആസ്വദിക്കുക. ഒരു നല്ല സംഗ്രഥനത്തിന് അത്യാവശ്യമാണിവയെല്ലാം. സൂറഃ ഫാത്തിഹയിലുടനീളം ഇത് പ്രകടമാകുന്നു. ആ പ്രകടനം അതിക്രമിക്കുകയുമരുത്. അത് എല്ലാ വിധത്തിൽനിന്നുമുള്ള മൃദുത്വമില്ലായ്മയിൽനിന്നും ഇണക്കമില്ലായ്മയിൽനിന്നും വിമുക്തമാണ്. അതിന്റെ ശൈലി ഏറ്റവും വാചാലവും പ്രകടനരീതി സ്ഥാനത്തുമാണ്. ഓരോ വിധത്തിലുമുള്ള ഗുണവും അതിന്റെ സംഗ്രഥനത്തിന്റെ മനോഹാരിത വർധിപ്പിക്കുന്നു. ഉന്നതരീതിയിലുള്ള സങ്കല്പിക്കാവുന്നതിൽ ഏറ്റവും സമഗ്രമായ വാഗ്മിത്വം അതിൽ കണ്ടെത്താം. അർഥം വ്യക്തമാക്കുന്നതിനാവശ്യമായ എല്ലാം അതിലുണ്ട്. ഈ എല്ലാ നല്ല ഗുണങ്ങളോടുംകൂടി സത്യത്തിന്റെ സുഗന്ധം അതിൽ നിറഞ്ഞിരിക്കുന്നു. അതിൽ ഒരതിശയോക്തിയുമില്ല. ഏറ്റവും ചെറിയ നിലയിലുള്ള വ്യാജത്തിന്റെ അംശംപോലും അതിലില്ല. അതിന്റെ വർണശബളിമ കവികളെപോലെ വ്യാജത്തിന്റെ ചുവയുള്ളതല്ല. അവരുടേത് അലസമായ വീമ്പിളക്കൽ മാത്രമാണ്. കവികളുടെ സംഗ്രഥനത്തിൽ വ്യാജത്തിന്റെ ഗന്ധമുണ്ട്. നിഷ്ഫലമായ അത്യുക്തിയാണത്. ഈ സംഗ്രഥനം സത്യത്തിന്റെ സൂക്ഷ്മമായ സുഗന്ധമുള്ളതാണ്. ഈ സുഗന്ധത്തോടൊപ്പം വിശദീകരണത്തിന്റെ മനോഹാരിതയുമുണ്ട്. ശബ്ദയോജനം, വർണ്ണശബളിമ, നിർവിഘ്നത എന്നിവയുടെ ഔചിത്യമുണ്ട്. റോസാപുഷ്പത്തിലുള്ളതുപോലെ സുഗന്ധത്തോടൊപ്പം വർണത്തിന്റെ സ്ഫുടതയുടെയും മനോഹാരിതയുമുണ്ട്. ഇതെല്ലാം അതിന്റെ ബാഹ്യമായ ഗുണങ്ങളാണ്.

അതിന്റെ ആന്തരികമായ ഗുണങ്ങളുടെ വീക്ഷണത്തിൽ സൂറഃഫാത്തിഹയിൽ ആത്മീയരോഗങ്ങൾക്കുള്ള ശമനമടങ്ങുന്നു. മനുഷ്യന്റെ ബുദ്ധിപരമായ പരിപൂർണതയ്ക്കുള്ള വകുപ്പുണ്ടാക്കുന്നു. പ്രവർത്തനശേഷിയും ഉണ്ടാക്കുന്നു. അതു ക്രമക്കേടുകളെ രൂപാന്തരപ്പെടുത്തുന്നു; മഹത്തായ ഉൾക്കാഴ്ചകൾ നല്കുന്നു. നല്ല ആശയങ്ങൾ നല്കുന്നു. അവ ചിന്തകന്മാരുടേയും തത്ത്വജ്ഞാനികളുടേയും കണ്ണുകളിൽനിന്ന് ഗോപ്യമായിട്ടുള്ളതാണ്. സൂക്ഷ്മമായ വായന മുഖേന സത്യാന്വേഷകന്റെ ഹൃദയത്തിലിടപ്പെടുകയും സംശയത്തിന്റെയും തെറ്റിന്റെയും രോഗങ്ങൾ ഭേദമാവുകയും ചെയ്യുന്നു. അതിന്റെ ഉള്ളടക്കം ആത്മാവിന്റെ പരിപൂർണ്ണതയ്ക്ക് വേണ്ട ഉത്തമമായ സത്യതകളും നല്ല യാഥാർത്ഥ്യങ്ങളും നമുക്ക് നൽകുന്നു. വ്യക്തമായും ഈ മികവുകൾ മനുഷ്യരുടെ ലിഖിതങ്ങളിലോ പ്രസംഗങ്ങളിലോ സംയോജിപ്പിക്കാൻ സാധിക്കാത്തവിധം ഉയർന്നതാണ്. ഈ അസാധ്യത വെച്ചും അനുമാനം അല്ല; വളരെ വ്യക്തമായതാണ്. സർവ്വശക്തനായ ദൈവം അതിന്റെ ബാഹ്യവും ആന്തരികവുമായ സമഗ്രത വാചാലമായ വാക്കുകളിലും നല്ല ആശയങ്ങളിലും ഉന്നതമായ ഉൾക്കാഴ്ചകളിലും പ്രകടമാക്കിയിട്ടുണ്ട്. അത് ആവശ്യമായ സമയത്തും സത്യത്തിന്റെ ആവശ്യകതയനുസരിച്ചുമാണ്. അവൻ രണ്ടു ഭാഗത്തും ബാഹ്യവും ആന്തരികവുമായ വശങ്ങൾ സമഗ്രവും ഉന്നതമായ പദവികളിൽ വെച്ചിരിക്കുന്നു. ഒന്നാമത് ആവശ്യമായ ഉന്നതമായ ഉൾക്കാഴ്ചകളും പ്രതിപാദിച്ചിരിക്കുന്നു. മുൻഅധ്യാപനങ്ങളിൽനിന്ന് അവ തിരോധാനം ചെയ്തിരിക്കുന്നു. ഒരു ചിന്തകനും തത്ത്വജ്ഞാനിയും അതു പ്രതിപാദിച്ചിട്ടില്ല. ഇവയെല്ലാം പ്രതിപാദിക്കപ്പെട്ടിരിക്കുന്നത് അനാവശ്യമായും നിഷ്ഫലമായും അല്ല. എന്നാൽ, അവയെല്ലാം പ്രതിപാ ദിക്കപ്പെട്ടിരിക്കുന്നത് ഏറ്റവും ആവശ്യമായ സമയത്താണ്. കാലഘട്ടത്തിന്റെ പരിഷ്കരണത്തിനും അവസ്ഥക്കും അനുസരിച്ചാണ്. ഈ കാലഘട്ടത്തിൽ അത് പ്രതിപാദിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഈ കാലഘട്ടം നാമും അഭിമുഖീകരിക്കേണ്ടിവരുമായിരുന്നു. അവ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത് അസമഗ്രമായോ അപൂർണ്ണമായോ അല്ല അവ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. അവർ സ്വയം പരിപൂർണരായിരുന്നു. യുക്തിപൂർവ്വം ചിന്തിച്ചാൽ ഏതെങ്കിലും മതപരമായ സത്യത്തിൽനിന്ന് വിട്ടുപോയതായി ആർക്കും കാണിക്കാൻ സാധ്യമല്ല. ഒരു ആരാധകന്റെ മനസ്സിൽ സംശയമുണർത്തുന്ന വ്യാജമായതൊന്നും തന്നെ അതിൽ പ്രതിപാദിക്കുന്നുമില്ല. ഈ സത്യതകളും നല്ല ആശയങ്ങളും അതിന്റെ ഉന്നതമായ വാഗ്മിത്വത്തിലും അവതരിപ്പിക്കുകയെന്നത് മനുഷ്യകഴിവുകൾക്ക് അതീതവുമാണ്. അത് ഇന്ന് വളരെ അത്യാവശ്യവുമാണ്. ശരിയായ കാര്യങ്ങൾ സത്യസന്ധതയോടുകൂടി പ്രകടിപ്പിക്കാനുള്ള യോഗ്യത മനുഷ്യനില്ല. ആ കാര്യങ്ങൾ ഉന്നതമായ സത്യതയുമായി ബന്ധപ്പെട്ടതാണ്. വർണാഭമായും വാഗ്ചാതുരിയിലും എല്ലാ സമയത്തും സത്യത്തിലും കൃത്യനിഷ്ഠതയിലും ഒട്ടിനിന്നുകൊണ്ട് അതു പ്രകടിപ്പിക്കാൻ സാധ്യമല്ല. ഉദാഹരണമായി ഉന്നതനിലയിലുള്ള കവിയും എഴുത്തുകാരനുമായ ഒരു കടയുടമസ്ഥന് തന്റെ വിവിധ തരക്കാരായ ഉപഭോക്താക്കളോട് വാഗ്ചാതുരിയിലും വർണാഭവുമായ വാക്കുകളിൽ ഓരോ അവസരത്തിനും അനുയോജ്യമായ നിലയിൽ സംസാരിക്കുക സാധ്യമല്ല. വാക്കുകൾ മിതമായി ഉപയോഗിക്കേണ്ടിടത്ത് അയാൾ അല്പം സംസാരിക്കണം. ദീർഘ സംസാരം ആവശ്യമുള്ളപ്പോൾ അതിനനുസരിച്ച് സംസാരിക്കണം. തന്റെ ഉപഭോക്താക്കളുമായി ചർച്ച ആവശ്യമുള്ളപ്പോൾ തന്റെ വാദങ്ങൾക്കനുസൃതമായി ഒരു രീതി സ്വീകരിക്കണം. അല്ലെങ്കിൽ ഒരു മജിസ്ട്രേട്ടിന്റെ കാര്യമെടുക്കുക. അദ്ദേഹത്തിന്റെ ചുമതലയെന്തെന്നാൽ കക്ഷികളുടേയും സാക്ഷികളുടേയും പ്രസ്താവനകൾ കൃത്യതയോടെ എഴുതിയെടുക്കുകയും അതിനനുയോജ്യമായ വിശദീകരണങ്ങൾ നല്കുകയും ചോദ്യങ്ങൾ ചോദിക്കുകയും തർക്കത്തിലുള്ള കാര്യത്തിൽ അന്വേഷണം നടത്താനുപയുക്തമായ ഉത്തരങ്ങൾ രേഖപ്പെടുത്തുകയുമാണ്. നിയമമനുസരിച്ചുള്ള വാദഗതികൾ കൃത്യതയോടെ തീരുമാനിക്കുകയും ചെയ്യുന്നു. ഇതെല്ലാം ഒരേ വാഗ്ചാതുര്യമുള്ള നിലയിൽ ചെയ്യുകയെന്നത് അസാധ്യമായതിനാൽ മറ്റൊരു മനുഷ്യന് ഇതിനെ കവച്ചുവെക്കാൻ സാധിക്കില്ല. മനുഷ്യ സംഗ്രഥനത്തിന്റെ കാര്യങ്ങൾ എങ്ങനെയെന്നുള്ളതാണെന്നാൽ നിഷ്ഫലവും അനാവശ്യവും അപ്രസക്തവുമായ കാര്യങ്ങളാണ്. അതിന്റെ കർത്താക്കൾക്ക് ഒരുപടിപോലും മുന്നോട്ടുകടക്കാൻ സാധ്യമല്ല. വ്യാജവും അലസവുമായ പ്രസ്താവനകളും കൂടാതെ അവർക്കൊന്നും പ്രതിപാദിക്കാൻ സാധ്യമല്ല. അവർ ഒരു ശ്രമം നടത്തുകയാണെങ്കിൽ ഒരു ചിത്രംപോലെ ന്യൂനത പൂർണമാണ്. അതൊരു നാസിക ചിത്രീകരിച്ചാൽ ചെവികൾ വിട്ടുകളയുന്നു. ചെവികൾ ചിത്രീകരിച്ചാൽ കണ്ണുകൾ വിട്ടുകളയുന്നു. സത്യത്തോടൊട്ടിനിന്നാൽ വാഗ്മിത്തം ത്യജിക്കേണ്ടിവരുന്നു. വാഗ്മിത്വം പ്രത്യവലോകനം ചെയ്താൽ വ്യാജവും അലസമായ പ്രസ്താവനകളും കുമിഞ്ഞുകൂടുന്നു. അത് സവാളപോലെയാണ്. അത് മുഴുവൻ ഇലകളാണ്. അതിൽ കഴമ്പില്ല.

അപ്രകാരം അവികലമായ ബുദ്ധി തീരുമാനിക്കുന്നത് ശരാശരി കാര്യങ്ങൾ വർണാഭമായും വാഗ്മിത്വത്തോടെയും സത്യത്തിൽ പറ്റിനിന്നു സന്ദർഭത്തിന്റെ ആവശ്യമനുസരിച്ച് പ്രതിപാദിക്കൽ അസാധ്യമാണെന്നാണ്. പിന്നെ ഉന്നതമായ ഉൾക്കാഴ്ചകൾ സത്യത്തിന്റേയും ആവശ്യത്തിന്റെ അടിസ്ഥാനത്തിലും വർണാഭമായും വാഗ്ചാതുരിയിലും പ്രതിപാദിക്കുകയെന്നാൽ അതിലും നന്നായി അത് സങ്കല്പിക്കാൻപോലും സാധ്യമല്ല. അത് പ്രകൃതിദത്തമായ ഒരു പ്രവൃത്തിയാണ്. അത് മനുഷ്യകഴിവിനതീതമാണ്. റോസാപൂവിന് പൂർണമായി ബാഹ്യമായും ആന്തരികമായും സദൃശമായ ഒരു പുഷ്പം സൃഷ്ടിക്കുകയെന്നത് അസാധ്യമായ ഒരു നേട്ടമാണ്. സാധാരണ കാര്യങ്ങളിൽ ഒരു വ്യക്തിക്ക് ആവശ്യമുള്ളതും സത്യവുമായ എന്തെങ്കിലും പ്രതിപാദിക്കുകയെന്നത് അസാധ്യമായിത്തീരുന്നു. അതു കൊടുക്കൽവാങ്ങൽ സംബന്ധമായാലും കോടതി നടപടിക്രമത്തെ സംബന്ധിച്ചായാലും ശരി. ഈ പ്രവൃത്തി ഏറ്റവും നല്ലനിലയിൽ ചെയ്യണമെന്ന് ആഗ്രഹിക്കുന്നു. അനുയോജ്യമായ ഭാഷയിലും ഉന്നതമായ വാഗ്ചാതുരിയിലും ചെയ്യണം. പിന്നെ സത്യപൂർണവും കൃത്യതയുള്ളതുമായ ഉൾക്കാഴ്ചയും ഉന്നത സത്യങ്ങളും ആവശ്യമനുസരിച്ച് ദൈവിക സത്യങ്ങളോടുകൂടി കാലഘട്ടത്തിന്റെ പരിഷ്കരണത്തിനാവശ്യമായ ഒന്നും വിട്ടുപോകാതെ നിർണായകമായ വാദമുഖങ്ങൾകൊണ്ടും സംവാദത്തിന്റെയും ചർച്ചയുടെയും എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ടും അധ്യാപനങ്ങൾകൊണ്ടും ആവശ്യമായ ചോദ്യോത്തരങ്ങൾകൊണ്ടും എങ്ങനെയാണ് സാധ്യമാവുക?

(ശേഷം പേജ് 16ൽ)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

താലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 06 February 2020 Issue-6

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

(പേജ് 2ൽനിന്ന്)

### ഗ്രൂപ്പ് ഫോട്ടോകൾ

ഗ്വാട്ടിമാലയിലെ നാസിർ ഹോസ്പിറ്റലിൽസമയാസമയങ്ങളിൽസേവനം ചെയ്തു വരുന്ന അമേരിക്കയിൽ നിന്നുള്ള ഡോക്ടർമാർക്ക് ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനുള്ള സൗഭാഗ്യം ലഭിച്ചു. അതിന്നു ശേഷം യു എസ് എ, കനഡ, യു. കെ ഹ്യൂമാനിറ്റി ഫസ്റ്റ് ഡയറക്ടർമാർ, ഈ വിഭാഗവുമായി ബന്ധമുള്ള ഇതര പ്രവർത്തകർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാൻ സൗഭാഗ്യം ലഭിച്ചു. തുടർന്ന് ഹോസ്പിറ്റലിന്റെ എല്ലാ സ്റ്റാഫിനും പ്രവർത്തകർക്കും ഫോട്ടോ എടുക്കാൻ അവസരം ലഭിച്ചു.

ശേഷം ഹുദൂർ ഹോസ്പിറ്റലിന്റെ ഉള്ളിലേക്ക് പോകുകയും അവിടെയുണ്ടായിരുന്ന വനിതാ ഡോക്ടർമാരുമൊത്ത് ഫോട്ടോ എടുക്കാൻ അവസരം ഒരുക്കി അനുഗ്രഹിച്ചു.

7.00 മണിക്ക് ഹോസ്പിറ്റലിൽ നിന്ന് മസ്ജിദ് ബയ്ത്തുൽ അവ്വലിലേക്ക് പുറപ്പെട്ടു. 7.30–ന് മസ്ജിദിലെത്തിച്ചേർന്ന ഹുദൂർ കുറച്ച് സമയത്തേക്ക് മിഷനിൽ സ്ഥിതി ചെയ്യുന്ന താമസസ്ഥലത്തേക്ക് പോകുകയും ശേഷം ഓഫീസിലേക്ക് വരികയും ചെയ്തു. ഇവിടെ സെൻട്രൽ അമേരിക്ക, സൗത്ത് അമേരിക്ക രാജ്യങ്ങളിൽ നിന്നു വന്ന മുബല്ലിഗീങ്ങൾക്ക് ഫോട്ടോ എടുക്കാനുള്ള അവസരം നല്കി ഹുദൂർ അനുഗ്രഹിച്ചു.ശേഷം ഹുദൂർ ഓരോ മുബല്ലിഗിനോടും വ്യക്തിഗതമായി വിവരങ്ങളന്വേഷിക്കുകയും ഏത് രാജ്യങ്ങളിൽ സേവനം ചെയ്യുന്നു എന്ന് ചോദിച്ചറിയുകയും ചെയ്തു. സ്പാനിഷ് ഭാഷ ആരെല്ലാം പഠിച്ചുവെന്നും അവരവരുടെ രാജ്യങ്ങളിൽ ഇപ്പോൾ എത്ര അഹ്മദികൾ വസിക്കുന്നുവെന്നും ജമാഅത്തുകളുടെ എണ്ണവും ചോദിച്ചറിഞ്ഞു.

വിലയിരുത്തലിനുശേഷം ഹുദൂർ മുബല്ലിഗീങ്ങൾക്ക് ചില നിർദേശങ്ങൾ നല്കി. എവിടെയാണോ പ്രവർത്തന നിരതമായിട്ടുള്ളത് അവിടെ മാത്രം കേന്ദ്രീകരിക്കാതെ അവിടെ നിന്ന് ദൂരദൂരസ്ഥലങ്ങളിലേക്ക് ജനങ്ങൾക്ക് സന്ദേശം എത്തിക്കുകയെന്നും പറഞ്ഞു. പ്രത്യേകിച്ചും എവിടെയാണോ ജനവാസം കൂടുതലുള്ളത്, ഇസ്‌ലാമിനോട് താത്പര്യമുള്ളത് അവിടെ സന്ദേശം എത്തിക്കാൻ ശ്രമിക്കുക.

ചുരുങ്ങിയത് 100 ബയ്അത്ത് വർഷത്തിൽ നേടാൻ പരിശ്രമിക്കാൻ ഹുദൂർ ഓരോ മുബല്ലിഗിനും ടാർഗറ്റ് നല്കി.

8.15–ന് മസ്ജിദിലെത്തിയ ഹുദൂർ മഗ്‌രിബ്–ഇശാഅ് നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

ശേഷം ഹുദൂർ ഇവിടെ നിന്ന് പോർട്ട ഹോട്ടലിലേക്ക് മടങ്ങി. പോലീസ് ഹുദൂറിന്റെ സംഘത്തിന് എസ്കോർട്ട് നല്കി. 9.00 മണിക്ക് ഹുദൂർ താമസസ്ഥലത്തെത്തി.

## നാസിർ ഹോസ്പിറ്റൽ ഉദ്ഘാടന പ്രഭാഷണം

### അതിഥികളുടെ പ്രതികരണങ്ങൾ

നാസിർ ഹോസ്പിറ്റലിന്റെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് ഹുദൂർ നല്കിയ പ്രഭാഷണം അതിഥികളിൽ വളരെ ഗഹനീയ പ്രതികരണമാണ് സൃഷ്ടിച്ചത്. അവർ അത് പ്രകടിപ്പിക്കുകയും ചെയ്തു.

ഗ്വാട്ടിമാല പാർലമെന്റംഗം ഇല്യാന കാളസ് തന്റെ വികാരം ഈ വാക്കുകളിൽ പ്രകടിപ്പിച്ചു: ഇത് എനിക്ക് ലഭിച്ച വലിയൊരാദരവാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഖലീഫയെ എയർപ്പോർട്ടിൽ പോയി സ്വീകരിക്കാനുള്ള സൗഭാഗ്യം എനിക്കു ലഭിച്ചു. ഇതു കൂടാതെ ഖലീഫ തന്റെ ഭാര്യയോടൊപ്പം ഈ രാജ്യത്തെത്തി അനുഗ്രഹം നല്കുകയും നാസിർ ഹോസ്പിറ്റലിന്റെ ഉദ്ഘാടനകാർമം നിർവഹിക്കുകയും ചെയ്തു എന്നത് ഗ്വാട്ടിമാലക്ക് ലഭിച്ച ആദരവും അഭിമാനവുമാണ്. വിമാനത്തിലിരുന്നുകൊണ്ട് ഗ്വാട്ടിമാലയുടെ ഭൂമി വീക്ഷിച്ചപ്പോൾ വളരെ പച്ചപ്പ് നിറഞ്ഞതും സുന്ദരവുമാണെന്ന് എന്നോട് സംഭാഷണ മധ്യേ അദ്ദേഹം പറയുകയുണ്ടായി.

നമ്മുടെ പാർലമെന്റിൽ 158 അംഗങ്ങളുണ്ടെന്നും ഇവർ നിയമനിർമാണം നടത്തുന്നുവെന്നും ഹുദൂർ അന്വേഷിച്ചപ്പോൾ ഞാൻ പറഞ്ഞു. സെനറ്റില്ല. എന്റെ ബന്ധം ഭരണം നടത്തുന്ന പാർട്ടിയുമായിട്ടാണ്. ഞാൻ എന്റെ പാർലമെന്ററിയൻ ഗ്രൂപ്പിന്റെ ഇൻചാർജാണ്. കൂടാതെ പാർലമെന്റിന്റെ ഭാഗത്തു നിന്നുള്ള അഞ്ച് കമ്മീഷൻ എന്റെ കീഴിലാണ്. ഞാൻ അതിന്റെ തലവനാണ്. ഇക്ണോമിക്സ്, ഡിഫൻസ്, കൾച്ചർ, ഭക്ഷണം, സ്ത്രീകളെ സംബന്ധിച്ച കമ്മീഷൻ ഇതെല്ലാം ബന്ധപ്പെട്ട മന്ത്രാലയവുമായും ഇൻസ്റ്റിറ്റ്യൂട്ടുമായും ബന്ധമുള്ളതാണ്.

ഖലീഫ ഹോസ്പിറ്റൽ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് നല്കിയ സമാധാന സന്ദേശം സമാധാനദായകവുമാണ്. നാസിർ ഹോസ്പിറ്റലിന്റെ ഉദ്ഘാടനം ആവശ്യക്കാർക്കു വേണ്ടിയുള്ള ഒരു അനുഗ്രഹമാണ്. ഈ അനുഗൃഹീത പരിപാടിയിൽ എന്റെ കണക്കുകൂട്ടലനുസരിച്ച് 700 പേരുണ്ടായിരുന്നു. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്ന് പങ്കെടുക്കാനെത്തിയ അവർ വളരെ ശ്രദ്ധയോടും ഏകാഗ്രതയോടും ഖലീഫയുടെ പ്രഭാഷണം കേട്ടിരുന്നു. ഈ ഹോസ്പിറ്റലിന്റെ ഉത്ഘാടനത്തോടെ ഹ്യൂമാനിറ്റിഫസ്റ്റ് ലോക പ്രശസ്തി നേടിയിരിക്കുന്നു. ഞങ്ങൾ ഗ്വാട്ടിമാലയിൽ നിവസിക്കുന്നവർ ഈ ഹോസ്പിറ്റലിന്റെ നിർമാണത്തോടെ വളരെ സന്തുഷ്ടരാണ്. വളരെ സന്തോഷമുണ്ട്. ഹോസ്പിറ്റലിന്റെ നിർമാണത്തിന് മേൽനോട്ടം നല്കിയ ഖലീഫയോട് വളരെ നന്ദിയുണ്ട്. ഖലീഫയുടെ ആദരണീയ പ്രകൃതിയിലും സ്നേഹ നിർഭരമായ വ്യക്തിത്വത്തിലും ഞാനും വളരെ ആകൃഷ്ടയാണ്. അദ്ദേഹം മനുഷ്യ സേവനത്തിന്റേയും പ്രത്യക്ഷമായ പരോപകാരത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശമാണ് നല്കിയത്.

സഹഹെൽത്ത് മിനിസ്റ്റർ മാരിയോ ഫിഗ്വോറോ തന്റെ വികാരങ്ങൾ ഇങ്ങനെ വിവരിച്ചു:

ഈ ഹോസ്പിറ്റലിന്റെ നിർമാണാരംഭം മുതൽതന്നെ ഞാൻ നോക്കിക്കാണുന്നുണ്ടായിരുന്നു. മുമ്പേയും പല പ്രാവശ്യം ഞാനിവിടെ വന്നിട്ടുണ്ട്. ഇതിന്റെ സാധനങ്ങൾ എങ്ങനെ നേടിയെടുത്തു എന്നും ഞാൻ കണ്ടിട്ടുണ്ട്. ഹോസ്പിറ്റലിലേക്കുള്ള പ്രവർത്തകരെ എങ്ങനെയാണ് അന്വേഷിച്ചത് എന്നും ഞാൻ കണ്ടിട്ടുണ്ട്. ഇപ്പോൾ ഈ ഹോസ്പിറ്റൽ കാഴ്ചയിൽ എത്ര സുന്ദരമാണ്. നമ്മുടെ ദേശത്തിന് ഇത് ഒരു പുരോഗതിയുടെ അടയാളമാണ്. ഇത് ഈ പ്രദേശത്തോട് അടുത്ത് താമസിക്കുന്നവർക്ക് ഒരു സഹായമായിരിക്കും. ഇത് വളരെ മഹത്തായ അനുഭവമാണ്. മനുഷ്യത്വത്തിനു വേണ്ടി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ മാതൃകാപരമായ ഐക്യമുണ്ട്. ഇത് വളരെ മൂല്യവത്തായ കാര്യമാണ്.

കാലിഫോർണിയ കോൺഗ്രസ് വുമൺ നൂർ മാതൂറേസ് സാഹിബ പറയുന്നു: പരിപാടി വളരെ സ്വാധീനം ഉളവാക്കുന്നതും വിജയപ്രദവുമായിരുന്നു. ഹ്യൂമാനിറ്റി ഫസ്റ്റ് വളരെ നല്ല പ്രവൃത്തിയാണ് ചെയ്യുന്നത്. ഇന്ന് ഖലീഫയോടൊപ്പം ഭക്ഷണം കഴിക്കാൻ അവസരം ലഭിച്ചിരിക്കുന്നു. ഇക്കാര്യം ഈ പ്രോഗ്രാമിനെ വളരെയധികം അവിസ്മരണീയത പ്രദാനം ചെയ്തിരിക്കുന്നു. ഈ പ്രോഗ്രാമുമായി ബന്ധപ്പെട്ട് ഞാൻ അഹ്മദിയ്യാ ജമാഅത്തിനും നന്ദി പ്രകാശിപ്പിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ജമാഅത്ത് ഗ്വാട്ടിമാലയിലും പ്രവർത്തിച്ചു വരുന്നുണ്ട്. ഹുദൂർ വളരെ സമാധാനകാംക്ഷിയായ വ്യക്തിയാണ്. മുഴുലോകത്തും അദ്ദേഹം സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശം എത്തിച്ചു വരുന്നു. ഗ്വാട്ടിമാലയിലെ നാസിർ ഹോസ്പിറ്റൽ എല്ലാ മതക്കാർക്കും സമുദായക്കാർക്കും സേവനം ചെയ്യുന്നതാണ്. ഇത് വളരെ നല്ല സന്ദേശമായിരുന്നു.

നാസിർ ഹോസ്പിറ്റൽ സ്ഥിതി ചെയ്യുന്ന ഗ്വാട്ടിമാല കോൺഗ്രസിലെ സാക്കാത്തേ പേകീസ് ജില്ലാ ഉപ പ്രതിനിധി സെർജിയോ സെലിസ് തന്റെ പ്രതികരണങ്ങൾ ഇങ്ങനെ വ്യക്തമാക്കുന്നു:

**തുടരും**

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 15ൽനിന്ന്)

ആദ്യത്തെ കാര്യത്തിൽ നാം പ്രതിപാദിച്ചിട്ടുള്ളതിനപ്പുറം വിഷമങ്ങൾ നുറിരട്ടിയാവുന്നു. എന്നിട്ടും സംഗ്രഥനത്തിന്റെ മനോഹാരിത അതുല്യമായിരിക്കണമെന്നുള്ളത് ആവശ്യമാണ്. പ്രകൃത വിഷയം ഇതിൽ കൂടുതൽ വാഗ്ചാതുരിയോടുകൂടി പ്രതിപാദിക്കാൻ സാധ്യമാവുകയില്ല. സൂറഃഫാത്തിഹയിലും വിശുദ്ധഖുർആനിലും കണ്ടെത്തുന്ന ഗുണങ്ങളാണിവ. അവ റോസാപൂവിന്റെ ഗുണങ്ങളുടെ അതുല്യതയനുസരിച്ചായിരിക്കും. എന്നാൽ, സൂറഃഫാത്തിഹയിലും വിശുദ്ധഖുർആനിലും നാം കണ്ടെത്തുന്ന മറ്റൊരു ഗുണം അതവയ്ക്കു മാത്രം പ്രത്യേകമാണ്. അതെന്തെന്നാൽ വിശുദ്ധഖുർആൻ ശ്രദ്ധയോടും ആത്മാർഥതയോടുംകൂടി പാരായണം ചെയ്താൽ അത് ഹൃദയം പരിശുദ്ധമാക്കുന്നു. അന്ധകാരത്തിന്റെ മറകൾ നീക്കുന്നു. മനസ്സിനെ വിശാലമാക്കുന്നു. അത് ദൈവസാമീപ്യം ലഭിച്ചവരിൽ മാത്രം കണ്ടെത്തുന്ന തനതായ വെളിച്ചമാണ്. സത്യാന്വേഷിയെ അത് ദൈവത്തിലേക്ക് അടുപ്പിക്കുന്നു. മറ്റൊരു വഴിയിലും അതു നേടാൻ സാധ്യമല്ല. ഈ ആത്മീയഫലത്തിന്റെ തെളിവ് നാം ഈ ഗ്രന്ഥത്തിൽ നല്കിയിട്ടുണ്ട്. ഒരു സത്യാന്വേഷി ആഗ്രഹിക്കുക– നമുക്ക് അയാളെ തൃപ്തിപ്പെടുത്താൻ സാധിക്കും. പുതിയ തെളിവുകളും നല്കാൻ കഴിയും.

## കലാമുൽ ഇമാം:–

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin